# പതിമൂന്നാം കേരള നിയമസഭ
# (THIRTEENTH KERALA LEGISLATIVE ASSEMBLY)

# വിഷയനിർണ്ണയ സമിതി XIII
# (SUBJECT COMMITTEE XIII)

# സാമൂഹ്യസേവനം
# (SOCIAL SERVICES)

## പീരിയോഡിക്കൽ റിപ്പോർട്ട്
## (2014 മാർച്ച് 31 വരെയുള്ളത്)

**PERIODICAL REPORT AS ON 31st MARCH 2014)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under rule 239 (1) of the Procedure and Conduct of Business in the Kerala Legislative Assembly]

2014 ജൂൺ 27-ാം തീയതി സമർപ്പിച്ചത്

(Presented on 27th June, 2014]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2014

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2014

കേരള നിയമസഭാ പ്രിൻററിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

(THIRTEENTH KERALA LEGISLATIVE ASSEMBLY)

## വിഷയനിർണ്ണയ സമിതി XIII

## (SUBJECT COMMITTEE XIII)

# സാമൂഹ്യസേവനം

# (SOCIAL SERVICES)

### പീരിയോഡിക്കൽ റിപ്പോർട്ട്

### (2014 മാർച്ച് 31 വരെയുള്ളത്)

**PERIODICAL REPORT AS ON 31st MARCH 2014)**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ

239-ാം ചട്ടത്തിന്റെന്റ (1)-ാം ഉപചട്ടപ്രകാരമുള്ളത്

[Under rule 239 (1) of the Proceedure and Conduct of Business

in the Kerala Legislative Assembly]

## ഉള്ളടക്കം

*പേജ്*


| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം | .. | 31 |

വിഷയനിർണ്ണയ സമിതി XIII
സാമൂഹ്യസേവനം
(2013-2016)

**ഘടന**

ചെയർമാന്:

ഡോ. എം. കെ. മുനീർ ,
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. എ. പി. അനിൽ കുമാർ ,
പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

കുമാരി പി. കെ. ജയലക്ഷ്മി,
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി.

അംഗങ്ങള്:

ശ്രീ. അൻവർ സാദത്ത്
,, ചിറ്റയം ഗോപകുമാർ
,, കെ. എന്. എ. ഖാദർ
,, മോൻസ് ജോസഫ്
,, പുരുഷൻ കടലുണ്ടി
,, കെ. രാധാകൃഷ്ണൻ
,, ആര്. രാജേഷ്
ശ്രീമതി കെ. എസ്. സലീഖ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ , സെക്രട്ടറി
ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി
ശ്രീമതി എ. ഷൈല, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീ. സഖറിയ പി. സാമുവല്, അണ്ടർ സെക്രട്ടറി.

# അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIII (2013-2016)-ന്റെ, 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിലെ പീരിയോഡിക്കൽ റിപ്പോർട്ട്, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 239-ാം ചട്ടത്തിന്റെ (1)-ാം ഉപചട്ടം അനുസരിച്ച് ഞാൻ സമർപ്പിക്കുന്നു.

വിഷയനിർണ്ണയ സമിതി XIII, 2013 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിൽ പരിഗണിച്ച വിഷയങ്ങളാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

പതിമൂന്നാം കേരള നിയമസഭയുടെ, 28-6-2011-ന് രൂപീകൃതമായ 2011-2013 കാലയളവിലേക്കുള്ള വിഷയനിർണ്ണയ സമിതി XIII, 2013 ഡിസംബർ 27 വരെ തുടരുകയുണ്ടായി. 2013 ഡിസംബർ 27-ാം തീയതിയിലെ ബുള്ളറ്റിൻ നമ്പർ 463 പ്രകാരം 2013-2016 കാലയളവിലേക്കുള്ള കമ്മിറ്റി 2013 ഡിസംബർ 28-ന് നിലവിൽ വന്നു. 2011-2013 കാലയളവിൽ വിഷയനിർണ്ണയ സമിതി XIII-ൽ അംഗമായിരുന്ന ശ്രീ. റ്റി. യു. കുരുവിളയ്ക്ക് പകരം ശ്രീ. മോൻസ് ജോസഫ് പുതുതായി നിലവിൽ വന്ന കമ്മിറ്റിയിൽ അംഗമായി നാമനിർദ്ദേശം ചെയ്യപ്പെട്ടു.

റിപ്പോർട്ട് കാലയളവിൽ സമിതി 9 യോഗങ്ങൾ ചേരുകയും ഒരു സന്ദർശനം നടത്തുകയുമുണ്ടായി 29-4-2013, 9-5-2013, 15-5-2013 എന്നീ തീയതികളിലെ യോഗങ്ങൾ 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ചും 9-7-2013-ലെ യോഗം ആക്ഷൻ ടേക്കൺ റിപ്പോർട്ട് പരിഗണിക്കുന്നതിനുവേണ്ടിയും 21-8-2013-ലെ യോഗം കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 (എ) അനുസരിച്ചുള്ള വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും 28-1-2014-ലെ യോഗം സമിതിയുടെ പരിധിയിൽവരുന്ന ഇതര വിഷയങ്ങൾ പരിഗണിക്കുന്നതിനുവേണ്ടിയും 18-2-2014, 24-2-2014, 12-3-2014 എന്നീ തീയതികളിലെ യോഗങ്ങൾ 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയ്ക്കായുമാണ് കൂടിയത്. സംസ്ഥാനത്തെ ജുവനൈൽ ഹോമുകളുടെ പ്രവർത്തനങ്ങൾ പഠനവിധേയമാക്കുന്നതിന്റെ ഭാഗമായി 2013 നവംബർ 15-ാം തീയതി സമിതി കോഴിക്കോട് ജില്ലയിലെ വിവിധ ജുവനൈൽ ഹോമുകൾ സന്ദർശിക്കുകയും ഹോമുകളുടെ പ്രവർത്തനങ്ങൾ നേരിട്ട് വിലയിരുത്തുകയുമുണ്ടായി. സമിതി യോഗങ്ങളിൽ അംഗങ്ങളുടെ ശരാശരി ഹാജർനില 45% ആയിരുന്നു.

ഈ റിപ്പോർട്ട് 3 അദ്ധ്യായങ്ങളായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം അദ്ധ്യായത്തിൽ റിപ്പോർട്ട് കാലയളവിൽ വിവിധ വിഷയങ്ങൾ സംബന്ധിച്ച സമിതിയുടെ

പ്രവർത്തനങ്ങളും രണ്ടാം അദ്ധ്യായത്തിൽ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളിൽ സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും മൂന്നാം അദ്ധ്യായത്തിൽ ചട്ടം 236 (5) പ്രകാരം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകളുടെയും, ചട്ടം 236 (6) പ്രകാരം സഭയിൽ സമർപ്പിച്ച ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകളുടെ വിവരങ്ങളും ഉൾക്കൊള്ളിച്ചിരിക്കുന്നു.

സമിതിയുടെ യോഗനടപടിക്കുറിപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

2014, ജൂൺ 12-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഡോ. എം. കെ. മുനീർ ,

തിരുവനന്തപുരം,
2014 ജൂൺ 12.

*ചെയർമാൻ ,*
*വിഷയനിർണ്ണയ സമിതി XIII.*

## റിപ്പോർട്ട്

### അദ്ധ്യായം I

(എ) 2013-14 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും സാമൂഹ്യസേവനം സംബന്ധിച്ച വിഷയനിർണ്ണയ സമിതി– XIII-ന്റെ പരിധിയിൽ വരുന്നതുമായ താഴെപ്പറയുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന 2013 ഏപ്രിൽ 29, മേയ് 9 എന്നീ തീയതികളിൽ ചേർന്ന സമിതി യോഗങ്ങളിൽ നടത്തുകയുണ്ടായി.

ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/ പട്ടികവർഗ്ഗ/ മറ്റ്പിന്നോക്ക/ ന്യൂനപക്ഷവിഭാഗങ്ങൾ എന്നിവരുടെക്ഷേമം

ഇത് സംബന്ധിച്ച കരട് റിപ്പോർട്ട് 2013 മേയ് 15-ാം തീയതിയിലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് 2013 ജൂൺ 10-ാം തീയതി സഭയിൽ സമർപ്പിച്ചു.

(ബി) 2013 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരട് 2013 മേയ് 15-ാം തീയതിയിലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത റിപ്പോർട്ട് 2013 ജൂൺ 20-ാം തീയതി സഭയിൽ സമർപ്പിച്ചു.

(സി) 2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതിയുടെ 2013 ജൂലൈ 9-ാം തീയതിയിലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. എന്നാൽ 9-7-2013 മുതൽ 13-ാം കേരള നിയമസഭയുടെ 13-ാമത് സമ്മേളനം അപ്രതീക്ഷിതമായി പിരിഞ്ഞതിനെത്തുടർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236 (5) ഇളവ് ചെയ്തുകൊണ്ട് അടുത്ത സഭാസമ്മേളനകാലത്ത് റിപ്പോർട്ട് സഭയിൽ സമർപ്പി ക്കുന്നതിന് ബഹു. സ്പീക്കർ അനുമതി നൽകുകയും പ്രസ്തുത റിപ്പോർട്ട് 2014 ജനുവരി 6-ാം തീയതി സഭയിൽ സമർപ്പിക്കുകയും ചെയ്തു.

(ഡി) കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235 A അനുസരിച്ച് സഭ സമ്മേളിക്കാത്ത അവസരങ്ങളിൽ മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും വിഷയനിർണ്ണയ സമിതി യോഗം ചേരേണ്ടതാണെന്നുള്ള നിബന്ധനയുടെ അടിസ്ഥാനത്തിൽ സാമൂഹ്യക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട് 'കൗമാരപ്രായക്കാരായ പെൺകുട്ടി കളുടെ ശാക്തീകരണത്തിനുള്ള രാജീവ് ഗാന്ധി പദ്ധതി (സബ്‌ല), ജൂവനൈൽ ജസ്റ്റീസ്

ആക്ടിൻകീഴിലുള്ള ജുവനൈൽ ഭവനങ്ങളുടെ പ്രവർത്തനങ്ങള് എന്നീ വിഷയങ്ങള്, 2013 ആഗസ്റ്റ് 21-ാം തീയതി യോഗം ചേർന്ന് സമിതി ചർച്ച ചെയ്യുകയും ജുവനൈൽ ഭവനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും റിപ്പോർട്ട് സമർപ്പിക്കുന്നതിനുമായി കോഴിക്കോട്, എറണാകുളം, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിലെ ജുവനൈൽ ഹോമുകൾ സന്ദർശിക്കുന്നതിന് തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 2013 നവംബർ 15-ാം തീയതി കോഴിക്കോട് ജില്ലയിലെ ജുവനൈൽ ഹോമുകൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയുമുണ്ടായി. മറ്റ് ജില്ലകളിലെ ജുവനൈൽ ഹോമുകളുടെ പ്രവർത്തനങ്ങൾ പഠനവിധേയമാക്കുന്നതിനുള്ള നടപടി സമിതി സ്വീകരിച്ച് വരുന്നുണ്ട്.

(ഇ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും സാമൂഹ്യ സേവനം സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIII-ന്റെ പരിധിയിൽ വരുന്നതുമായ താഴെ പറയുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന 2014 ഫെബ്രുവരി 18, 24 എന്നീ തീയതി കളിൽ ചേർന്ന സമിതി യോഗങ്ങളിൽ നടത്തുകയുണ്ടായി.

ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ്പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

ഇത് സംബന്ധിച്ച കരട് റിപ്പോർട്ട് 2014 മാർച്ച് 12-ാം തീയതിയിലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

## അദ്ധ്യായം II

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളും അവ നടപ്പിലാക്കിയത് സംബന്ധിച്ച് സർക്കാരിൽനിന്നും ലഭിച്ച മറുപടികളും.

## 2001-02 സാമ്പത്തിക വർഷത്തെ ഒന്നാമത് റിപ്പോർട്ട്

### ശുപാർശ

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് എന്ന സ്ഥാപനത്തിൽ നടത്തിയിട്ടുള്ള നിയമനങ്ങളിൽ പലവിധ ക്രമക്കേടുകൾ ഉണ്ടായിട്ടുള്ളതായും ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുകയുടെ കാര്യത്തിൽ ദുർവിനിയോഗം നടന്നിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. ആയതിനാല്, ഈ സ്ഥാപനത്തിൽ നടത്തിയിട്ടുള്ള നിയമനങ്ങളിലെ ക്രമക്കേടുകളെ കുറിച്ചും സാമ്പത്തിക ദുർവിനിയോഗം നടന്നിട്ടുണ്ടെങ്കിൽ അതിനെപ്പറ്റിയും സമഗ്രമായ അന്വേഷണം നടത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 85, 86)

## സ്വീകരിച്ച നടപടി

പ്രസ്തുത ശുപാർശയുടെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് സാമൂഹ്യനീതി ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. ആയത് പ്രകാരം സാമൂഹ്യനീതി വകുപ്പ് ഫിനാൻസ് ഓഫീസർ ശ്രീമതി ശ്രീലതാ സുകുമാരന്റെ നേതൃത്വത്തിലുള്ള ഒരു സംഘം, നിഷിന്റെ ഓഫീസ് സന്ദർശിച്ച് രേഖകൾ പരിശോധിക്കുകയും മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. കെ. എന്. പവിത്രനെ നേരിൽ കണ്ട് വിശദാംശങ്ങൾ ശേഖരിക്കുകയും ചെയ്തു. അന്വേഷണോദ്യോഗസ്ഥരുടെ കണ്ടെത്തലുകൾ ചുവടെ ചേർക്കുന്നു :

നിഷ് എന്ന സ്ഥാപനം 1997 മാർച്ച് 11-ന് കേരള സർക്കാർ ഉത്തരവ് നമ്പർ 7/97/എസ്.ഡബ്ല്യൂ.ഡി. പ്രകാരം ഒരു സൊസൈറ്റിയായി രൂപീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത സ്ഥാപനം ശ്രവണ/സംസാരശേഷി കുറഞ്ഞവരുടെ വിദ്യാഭ്യാസ പരിശീലനം, പുനരധിവാസം എന്നിവ ലക്ഷ്യമാക്കി ആരംഭിച്ചിട്ടുള്ളതാണ്. നിഷ് പ്രവർത്തനമാരംഭിച്ചത് മുതൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഗ്രാന്റ്-ഇന്-എയ്ഡും മറ്റ് സംഭാവനകളും വിനിയോഗിച്ചാണ് പ്രവർത്തനം നടത്തുന്നത്.

ഈ സ്ഥാപനത്തിന്റെ ബൈലാ പ്രകാരം വാർഷിക കണക്കുകൾ ചാർട്ടേഡ് അക്കൗണ്ടന്റുമാർ ആഡിറ്റ് ചെയ്യുകയും ജനറൽ കൗൺസിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് പുറമെ അക്കൗണ്ടന്റ് ജനറൽ കണക്കുകൾ പരിശോധിച്ച് റിപ്പോർട്ടുകൾ നൽകിയിട്ടുള്ളതുമാകുന്നു.

ഈ സ്ഥാപനത്തിന്റെ പൂർണ്ണ ഭരണ ചുമതല, ബൈലാ പ്രകാരം ബഹു. സാമൂഹ്യനീതി വകുപ്പുമന്ത്രി ചെയർമാനായുള്ള 16 അംഗങ്ങൾ ഉൾപ്പെടുന്ന ഒരു ജനറൽ കൗൺസിലിനാണ്.

നിഷിന്റെ ഭരണനിർവ്വഹണം നടത്തുന്നത് 7 അംഗങ്ങൾ ഉൾപ്പെടുന്ന ഒരു പ്രോജക്ട് ബോർഡ് ആണ്. ബോർഡിന്റെ ചെയർമാൻ സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയും പ്രോജക്ട് ബോർഡ് സെക്രട്ടറി, നിഷിന്റെ ഡയറക്ടറുമാണ്. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറും ധനകാര്യ വകുപ്പിന്റെ പ്രതിനിധിയും ഉൾപ്പെടെ 7 പേർ ഈ ബോർഡിൽ അംഗങ്ങളാണ്.

ഈ സ്ഥാപനത്തിലേക്കുള്ള തസ്തികകൾ ഗവേണിംഗ് കൗൺസിൽ (ജി.സി.) സൃഷ്ടിക്കുന്നത് പ്രോജക്ട് ബോർഡ് തയ്യാറാക്കി നൽകുന്ന മാൻപവർ പ്ലാൻ പ്രകാരമാണ്.

താല്ക്കാലിക നിയമനങ്ങൾക്കുള്ള തസ്തികകൾ പ്രോജക്ട് ബോർഡ് ആണ് സൃഷ്ടിക്കുന്നത്. എല്ലാ വിഭാഗത്തിലുള്ള നിയമന ഉത്തരവുകളും നൽകുന്നത് നിഷ് ഡയറക്ടറാണ്. ഇത് പ്രകാരം 2001-02 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്.

| | തസ്തിക | യോഗ്യത |
|---|---|---|
| 1 | കമ്പ്യൂട്ടർ ഗ്രാഫിക്സ് ആർട്ടിസ്റ്റ് | ബാച്ചിലർ ഇൻ ഫൈൻ ആർട്സ് (ബി.എഫ്.എ) |
| 2 | പ്രോജക്ട് അസിസ്റ്റന്റ് | ബി. ടെക്./ബി. ഇ. |
| 3 | ഗസ്റ്റ് ലക്ചറർ ഇംഗ്ലീഷ്/ മാത്തമാറ്റിക്സ് (ഡിപ്ലോമ ഇൻ സോഫ്റ്റ്‌വെയർ സിസ്റ്റം) എന്ന കോഴ്സിലെ കുട്ടികളെ പഠിപ്പിക്കുന്നതിന് | ഡിഗ്രി |
| 4 | സോഷ്യൽ വർക്കർ | എം. എസ്. ഡബ്ല്യൂ. |
| 5 | ആഡിയോളജിസ്റ്റ് | ബി. എ. എസ്. എല്. പി. (ബാച്ച്ലർ ഇൻ ആഡിയോളജി & സ്പീച്ച് ലാംഗ്വേജ് പത്തോളജി) |

മേല്പറഞ്ഞ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് ആവശ്യമായ പരസ്യം പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന നടത്തുകയും അപേക്ഷ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇപ്രകാരം ലഭിച്ച അപേക്ഷകൾ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചതിൽ ജി. സി. നിശ്ചയിച്ച യോഗ്യതകൾ അപേക്ഷകർക്ക് ഉള്ളതായി ബോധ്യപ്പെട്ടു.

ഇതുപ്രകാരം പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിലേക്ക് 13 അപേക്ഷകൾ ലഭിക്കുകയും

5 പേരെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും 3 പേരെ തിരഞ്ഞെടുക്കുകയും ചെയ്തു.

1. ശ്രീമതി പാർവ്വതി പവിത്രൻ : ബി. ടെക് .(ഇ & ഇ)
2. ശ്രീ. അനൂപ് കെ. എസ്. : ബി. ടെക് .(ഇ & ഇ)
3. കുമാരി സെൽസ പി. വൈ. : ബി. ടെക് .(ടിയാൾ സർവ്വീസിൽ പ്രവേശിക്കുകയുണ്ടായില്ല)

കമ്പ്യൂട്ടർ ഗ്രാഫിക് ആർട്ടിസ്റ്റ്

യോഗ്യത : ബാച്ചിലർ ഇൻ ഫൈൻ ആർട്സ്

ടി തസ്തികയിലേക്ക് 9 അപേക്ഷകൾ ലഭിച്ചു. 9 അപേക്ഷകരും പ്രാക്ടിക്കൽ ടെസ്റ്റിൽ പങ്കെടുത്തു. അതിൽ താഴെപ്പറയുന്ന രണ്ട് ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്തു :

1. ശ്രീമതി രഞ്ജിത ആർ . ആർ : ബി.എഫ്. എ.
2. ,, റീന ആർ . ആർ . : സർവ്വീസിൽ പ്രവേശിക്കുകയുണ്ടായില്ല.

ഗസ്റ്റ് ലക്ചറർ ഇൻ ഇംഗ്ലീഷ് (ഡിഗ്രി)

ലഭ്യമായ അപേക്ഷയിൽ മൂന്ന് ഉദ്യോഗാർത്ഥികളെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും ഇന്റർവ്യൂ ചെയ്യുകയും ശ്രീമതി ലിസ്സാ ജപമണിയെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

ഗസ്റ്റ് ലക്ചറർ ഇൻ മാത്തമാറ്റിക്സ് (ഡിഗ്രി)

ലഭ്യമായ അപേക്ഷയിൽ മൂന്ന് ഉദ്യോഗാർത്ഥികളെ ഇന്റർവ്യൂവിന് ക്ഷണിക്കുകയും പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ മിസ്സ് ശ്രീലേഖ വി. ജെ. -യെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

സോഷ്യൽ വർക്കർ (യോഗ്യത - എം. എസ്. ഡബ്ല്യൂ.)

ലഭ്യമായ അപേക്ഷയിൽ യോഗ്യതയുടെ അടിസ്ഥാനത്തിൽ 5 പേരെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും അതിൽ ഹാജരായ രണ്ടുപേരെ ഇന്റർവ്യൂ ചെയ്യുകയും അതിൽ ദീപ്തി വി. (എം. എസ്. ഡബ്ല്യൂ) - യെ തിരഞ്ഞെടുക്കുകയും ചെയ്തു.

ആഡിയോളജിസ്റ്റ് – (യോഗ്യത – ബി എ. എസ്. എല്. പി.)

ലഭ്യമായ അപേക്ഷയിൽ 6 പേരെ ഷോർട്ട് ലിസ്റ്റ് ചെയ്യുകയും അതിൽ ഇന്റർവ്യൂവിന് ഹാജരായ ശ്രീമതി നീലു ജോർജിനെ തിരഞ്ഞെടുക്കുകയും ചെയ്തു.

ഈ സ്ഥാപനം നിലവിൽ 3 കോഴ്സുകൾ നടത്തി വരുന്നു.

| | | |
|---|---|---|
| 1 | ഡിപ്ലോമ ഇൻ ടീച്ചിംഗ് യംഗ് ഡഫ് & ഹാർഡ് ഓഫ് ഹിയറിംഗ് (ഡി.റ്റി. | 1 വർഷം |

| | | |
|---|---|---|
| | വൈ. ഡി. എച്ച്. എച്ച്.) | |
| 2 | ബി. എ. എസ്. എല്. പി. | 4 വർഷം |
| 3 | എം. എ. എസ്. എല്. പി. | 2 വർഷം |

2001-02 കാലഘട്ടത്തിൽ സ്റ്റാഫ് നിയമനം, യോഗ്യത, വേതനം, ഘടന എന്നിവ സംബന്ധിച്ച് നിഷിന് സ്വന്തമായി ചട്ടങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല.

എന്നാൽ നിഷ്-ന്റെ ഗവേണിംഗ് കൗൺസിലിന്റെ 20-5-2012-ലെ 7-ാമത് മീറ്റിംഗ് തീരുമാന പ്രകാരം സ്പെഷ്യൽ റൂൾസ് തയ്യാറാക്കാൻ തീരുമാനിച്ചു. അതുപ്രകാരം സ്റ്റാഫ് സ്പെഷ്യൽ റൂൾസ് ജി. സി. യുടെ 7-ാമത് അജണ്ട പ്രകാരം 2-5-2012 തീയതി മുതൽ പ്രാബല്യത്തിൽ വന്നു.

2001-02 സാമ്പത്തിക വർഷത്തിൽ കേരള സർക്കാരിന്റെ ഗ്രാന്റായി 45 ലക്ഷം രൂപ നിഷിന് ലഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ ഹിയറിംഗ് എയ്ഡ് പ്രോജക്ട് ഗ്രാന്റായി 4.50 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. മറ്റ് ഗ്രാന്റുകൾ ചുവടെ പറയും പ്രകാരമാണ് :

| | |
|---|---|
| ഗ്രാന്റ് -ഇൻ -എയ്ഡ് ഫ്രം റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ (Bridge Course) | 70,000 രൂപ |
| ഗ്രാന്റ് -ഇൻ -എയ്ഡ് ഫ്രം AIY NIHH പ്രീ സ്കൂൾ പ്രോജക്ട് | 52,000 രൂപ |
| ഗ്രാന്റ് -ഇൻ -എയ്ഡ് ഫ്രം ഗവൺമെന്റ് ഓഫ് കേരള (ഡി.പി.ഇ. പി.) | 4,98,225 രൂപ |

ഇപ്രകാരം ആകെ 55,70,225 രൂപ സർക്കാർ ധനസഹായമായി ലഭിച്ചിട്ടുണ്ട്. ടി തുക പൂർണ്ണമായും വിവിധ പദ്ധതികൾക്കായി ഫലപ്രദമായി വിനിയോഗിച്ചതായി കാണുന്നു.

നിഷിലേക്ക് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുന്നതിലേക്ക് ജി. സി. അംഗീകരിച്ച ഒരു പർച്ചേസ് മാനുവൽ ഉണ്ട്. പ്രസ്തുത പർച്ചേസ് മാനുവൽ പ്രകാരമാണ് ടി സ്ഥാപനം ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ച് സാധനങ്ങൾ വാങ്ങുന്നത്. 2001-02-ലെ വരവ്

ചെലവ് കണക്കുകൾ പരിശോധിച്ച് എ. ജി. റിപ്പോർട്ട് നൽകുകയും മറുപടിയുടെ അടിസ്ഥാനത്തിൽ ആഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കി നൽകിയിട്ടുമുണ്ട്.

സ്ഥാപനത്തിൽ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽനിന്നും 2001-02 സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള തുക ചെലവഴിക്കുന്നതിൽ ദുർവിനിയോഗം നടത്തിയി ട്ടുള്ളതായി കാണുന്നില്ല. ടി സ്ഥാപനത്തിലെ എല്ലാ സാമ്പത്തിക രേഖകളും ചാർട്ടേഡ് അക്കൗണ്ടന്റിന്റെയും അക്കൗണ്ടന്റ് ജനറലിന്റെയും പരിശോധനയ്ക്ക് വിധേയമായിട്ടുള്ളതും ക്രമക്കേട് നടന്നിട്ടുള്ളതായി അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണി ച്ചിട്ടില്ലാത്തതുമാണ്. കൂടാതെ പ്രസ്തുത സ്ഥാപനത്തിൽ നടത്തിയിട്ടുള്ള നിയമനങ്ങളിലും ക്രമക്കേട് നടന്നിട്ടില്ലായെന്ന് അന്വേഷണത്തിലൂടെ ബോധ്യമായിട്ടുണ്ട്.

<u>ശുപാർശ</u>

സ്വാതന്ത്ര്യ സമര യോദ്ധാക്കൾക്കുള്ള മെഡിക്കൽ റീഇംബേഴ്സ്മെന്റ് സ്കീമിന് 5 ലക്ഷം രൂപയേ വകയിരുത്തിയിട്ടുള്ളൂ. ഈ തുക തീരെ അപര്യാപ്തമായതിനാൽ ഇത് 15 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 88)

<u>സ്വീകരിച്ച നടപടി</u>

സമിതി ശുപാർശ ചെയ്ത പ്രകാരം 2001-02 സാമ്പത്തിക വർഷത്തിൽ 2210-80-800-97 എന്ന ശീർഷകത്തിൽ 15 ലക്ഷം രൂപ അനുവദിച്ച് നൽകിയിരുന്നു.

## 2003-04 സാമ്പത്തിക വർഷത്തെ മൂന്നാമത് റിപ്പോർട്ട്

<u>ശുപാർശ</u>

<u>സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള മെഡിക്കൽ റീഇംബേഴ്സ്മെന്റ്</u>

ഈ ഇനത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമെ 15 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 94)

<u>സ്വീകരിച്ച നടപടി</u>

സ്വാതന്ത്ര്യ സമര സേനാനികൾക്കുള്ള മെഡിക്കൽ റീഇംബേഴ്സ്മെന്റ് ശീർഷകത്തിൽ 15 ലക്ഷം രൂപ വകയിരുത്തിയിരുന്നു. സബ്ജക്ട് കമ്മിറ്റി ഈ വിഹിതത്തിന് പുറമെ

അധികമായി 15 ലക്ഷം രൂപ കൂടി അനുവദിക്കണം എന്ന് ശുപാർശ ചെയ്തിരുന്നു. എന്നാൽ 2003-04 വർഷത്തിൽ ബഡ്ജറ്റ് വിഹിതമായ 15 ലക്ഷം രൂപയ്ക്ക് പുറമെ 5 ലക്ഷം രൂപ കൂടി മാത്രമേ അധികമായി ആവശ്യമുണ്ടായിരുന്നുള്ളൂ. പ്രസ്തുത തുക റീ-അപ്രോപ്രിയേഷൻവഴി കണ്ടെത്തുകയും ആ വർഷത്തെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് ബില്ലുകൾ എല്ലാം തന്നെ തീർപ്പാക്കിയിട്ടുള്ളതുമാണ്. ആകയാൽ 2003-04 വർഷത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമെ ശുപാർശ ചെയ്യപ്പെട്ട അധിക തുകയുടെ ആവശ്യം വന്നിട്ടില്ല.

## 2005-06 സാമ്പത്തിക വർഷത്തെ അഞ്ചാമത് റിപ്പോർട്ട്

### ശുപാർശ

മുന്നോക്ക വിഭാഗത്തിൽപ്പെട്ട പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് നോൺ പ്ലാൻ ഇനത്തിൽ മേൽ ശീർഷകത്തിൽ 1200 ലക്ഷം രൂപ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 800 ലക്ഷം രൂപ മാത്രമേ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളൂ. 400 ലക്ഷം രൂപ കുറവാണ്. 400 ലക്ഷം രൂപ കൂടി ഈ ഇനത്തിൽ അധികമായി ഉൾപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 114)

### സ്വീകരിച്ച നടപടി

മുന്നോക്ക വിഭാഗത്തിൽപ്പെട്ട പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിന് നോൺ പ്ലാൻ ഇനത്തിൽ തുക വകയിരുത്തിയിട്ടുള്ള "2225-80-800-99" ശീർഷകത്തിൽ 2005-06 സാമ്പത്തിക വർഷം 800 ലക്ഷം രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത ശീർഷകത്തിൽ 1st batch SDG മുഖേന 200 ലക്ഷം രൂപ കൂടി അധികമായി ടി സാമ്പത്തിക വർഷം വകയിരുത്തിയിരുന്നു. അപ്രകാരം പ്രസ്തുത ശീർഷകത്തിൽ 2005-06-ലെ ആകെ വിഹിതം 10 കോടി രൂപയായിരുന്നു. ഇതിൽ 9,73,92,355 രൂപ ചെലവ് വന്നിട്ടുണ്ട്. ഈ ഇനത്തിൽ 2005-06 സാമ്പത്തിക വർഷത്തിൽ 10 കോടി രൂപ പര്യാപ്തമായിരുന്നു എന്ന വിവരം അറിയിക്കുന്നു.

## 2006-07 സാമ്പത്തിക വർഷത്തെ ഒന്നാമത് റിപ്പോർട്ട്

### ശുപാർശ

മെട്രിക്കുലേഷന് മുമ്പുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പുസ്തകങ്ങളും നോട്ട് ബുക്കുകളും വാങ്ങുന്നതിനുള്ള ലംപ്സം ഗ്രാന്റ് സ്കൂളുകൾ തുറക്കുമ്പോൾ നൽകുന്നതിനും പ്രതിമാസ സ്റ്റൈപ്പന്റ് നല്കുന്നതിനുമായി നോൺ പ്ലാൻ ഇനത്തിൽ 13 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ തുക അപര്യാപ്തമായതിനാൽ 2 കോടി

രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

## സ്വീകരിച്ച നടപടി

മെട്രിക്കുലേഷന് മുമ്പുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പുസ്തകങ്ങളും നോട്ടുബുക്കുകളും വാങ്ങുന്നതിനുള്ള ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകുന്നതിനായി 2006-07 സാമ്പത്തികവർഷം 2225-01-277-99 (NP) ശീർഷകത്തിൽ 13 കോടി രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത വർഷം ടി പദ്ധതിക്കായി 11.82 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് വകയിരുത്തിയിരുന്ന തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ലെന്ന വിവരം അറിയിക്കുന്നു.

## ശുപാർശ

പോസ്റ്റ് മെട്രിക് ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ ലംപ്സംഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, മെസ് ഫീസ്, പരീക്ഷാ ഫീസ് എന്നിവയ്ക്കായി പ്ലാൻ ഇനത്തിൽ 60 കോടി രൂപയും നോൺ പ്ലാൻ ഇനത്തിൽ 16 കോടി രൂപയുമാണ് ഈ വർഷം വകയിരുത്തിയിട്ടുള്ളത്. മുൻ വർഷങ്ങളിലെ കുടിശ്ശിക കൂടി കൊടുത്ത് തീർക്കാനുള്ളതിനാലും 2004-05 മുതൽ ബുക്ക് ബാങ്ക് പദ്ധതികൂടി ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കി വരുന്നതിനാലും ഇത് തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നോൺ പ്ലാൻ ഇനത്തിൽ 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 66)

## സ്വീകരിച്ച നടപടി

'2225-01-277-98 മെട്രിക്കുലേഷന് ശേഷമുള്ള പഠനം' എന്ന ശീർഷകത്തിലെ പദ്ധതിയിന വിഭാഗത്തിൽ 60 കോടി രൂപയും പദ്ധതിയിതര വിഭാഗത്തിൽ 15 കോടി രൂപയും ഉൾപ്പെടെ ആകെ 75 കോടി രൂപ വകയിരുത്തിയിരുന്നു. പ്രസ്തുത വർഷം ടി ശീർഷകത്തിലെ പദ്ധതിയിന വിഭാഗത്തിൽ 58.17 കോടി രൂപയും പദ്ധതിയിതര ഇനത്തിൽ 15.50 കോടി രൂപയും ഉൾപ്പെടെ ആകെ 73.67 കോടി രൂപ ചെലവ് വന്നിട്ടുണ്ട്.

പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമായിരുന്നതിനാൽ ടി ശീർഷകത്തിലെ പദ്ധതിയിതര വിഭാഗത്തിൽ അധിക തുക വകയിരുത്തേണ്ടി വന്നില്ലയെന്ന വിവരം അറിയിക്കുന്നു.

<u>ശുപാർശ</u>

പട്ടികജാതിയിൽപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിനായി പലിശരഹിത വായ്പ നൽകുന്നതിനായാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്, വരുമാന പരിധിക്ക് വിധേയമായി ഒരു വ്യക്തിക്ക് പരമാവധി ഒരു ലക്ഷം രൂപവരെ വായ്പ നൽകുന്നു. വാർഷിക വരുമാനപരിധി 30,000/- രൂപ വരെയുള്ളവർക്ക് 75,000 രൂപയും 30,001 മുതൽ 50,000 രൂപവരെയുള്ളവർക്ക് ഒരു ലക്ഷം രൂപയുമാണ് ഇപ്പോൾ നൽകി വരുന്നത്. ഈ സാമ്പത്തിക വർഷം 5 ലക്ഷം രൂപ മാത്രമേ ഈയിനത്തിൽ വകയിരുത്തിയിട്ടുള്ളു. ഇത് തികച്ചും അപര്യാപ്തമാണെന്ന് സമിതി കരുതുന്നു. ഈ പദ്ധതിപ്രകാരം ഈ വർഷം 1000 വീടുകൾ നിർമ്മിക്കുന്നതിന് വായ്പ അനുവദിക്കുവാൻ ഉദ്ദേശിക്കുന്നതിനാൽ നോൺ പ്ലാൻ ഇനത്തിൽ 10 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 67)

<u>സ്വീകരിച്ച നടപടി</u>

2006-07 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ 5 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഈ തുക അപര്യാപ്തമായതിനാൽ റീ അപ്രോപ്രിയേഷൻ മുഖേന 2.5 ലക്ഷം രൂപ കൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തുകയുണ്ടായി. അപ്രകാരം 2006-07 സാമ്പത്തിക വർഷം അനുവദിച്ച 7.5 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. അപേക്ഷകരുടെ എണ്ണം കുറവായതിനാൽ അധിക തുക വകയിരുത്തേണ്ടതായി വന്നിട്ടില്ല.

<u>ശുപാർശ</u>

സാമൂഹ്യക്ഷേമ ബോർഡിന്റെ ഭരണ ചെലവിന്റെ 50 ശതമാനം സംസ്ഥാന സർക്കാർ നൽകേണ്ടതുണ്ടെന്നും എന്നാൽ എല്ലാവർഷവും ആവശ്യമുള്ളതിന്റെ പകുതിപോലും വകയിരുത്താറില്ലെന്നും 45 ലക്ഷം രൂപ കുടിശ്ശികയിനത്തിൽ കൊടുത്തുതീർക്കാനുണ്ടെന്നും ആയതിനാൽ പല പദ്ധതികളും നടപ്പാക്കാൻ കഴിയാത്ത അവസ്ഥയാണുള്ളതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ആയതിനാൽ ഈ വർഷം വകയിരുത്തിയിട്ടുള്ള 6 ലക്ഷം രൂപ തികച്ചും അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ ഇനത്തിൽ 39 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 86)

<u>സ്വീകരിച്ച നടപടി</u>

2006-07 സാമ്പത്തിക വർഷം കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിന് (6,00,000 രൂപ) പുറമെ 9,67,000 രൂപ തൻവർഷം ധനപുനർവിനിയോഗം വഴി ബോർഡിന് അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ തുടർന്നുള്ള വർഷങ്ങളിൽ ബോർഡിന് നൽകുവാനുണ്ടായിരുന്ന കുടിശ്ശിക തുക പൂർണ്ണമായും സർക്കാർ അനുവദിച്ചിട്ടുണ്ട്.

## 2007-08 സാമ്പത്തിക വർഷത്തെ രണ്ടാമത് റിപ്പോർട്ട്

### ശുപാർശ

സംസ്ഥാനത്ത് സ്വാശ്രയ കോളേജുകളുടെ വരവോടെ കോളേജുകളിൽ പോസ്റ്റ് മെട്രിക് പഠനത്തിനായി ചേരുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളതായി സമിതിക്ക് ബോദ്ധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ 750 ലക്ഷം രൂപ അധികമായി ഈ ഇനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 95)

### സ്വീകരിച്ച നടപടി

2007-08 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ 750 ലക്ഷം രൂപ വകയിരുത്തുകയും 744.28 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

ഈ പദ്ധതിക്കായി വകയിരുത്തിയിരുന്ന തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല എന്ന വിവരം അറിയിക്കുന്നു.

### ശുപാർശ

50% കേന്ദ്രസഹായം ലഭിക്കുന്ന ഈ പദ്ധതിക്ക് നിർമ്മാണ പ്രവർത്തന ങ്ങൾക്കായി 100 ലക്ഷം രൂപ പദ്ധതിയിനത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 107)

### സ്വീകരിച്ച നടപടി

50% കേന്ദ്രസഹായം ലഭിക്കുന്ന പ്രസ്തുത പദ്ധതി പ്രകാരം ഹോസ്റ്റൽ നിർമ്മാണ ങ്ങൾക്ക് 2007-08 സാമ്പത്തികവർഷം 140 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ടി വർഷം പ്രസ്തുത ശീർഷകത്തിൽ ചെലവ് ഉണ്ടായിരുന്നില്ല. ആയതിനാൽ 2007-08 സാമ്പത്തിക വർഷം പ്രസ്തുത ശീർഷകത്തിൽ അധിക തുക അനുവദിക്കേണ്ടതായി വന്നിട്ടില്ലായെന്ന

വിവരം അറിയിക്കുന്നു.

<u>ശുപാർശ</u>

സേവന മേഖലയിൽ കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും വിഹിതമായി കോടികൾ ചെലവഴിക്കുന്ന സാമൂഹ്യക്ഷേമ വകുപ്പിൽ കൃത്യമായ ആഡിറ്റ് പരിശോധന നടത്തുന്നതിനോ യൂട്ടിലൈസേഷൻ സൂപ്പർവൈസ് ചെയ്യുന്നതിനോ സംവിധാനം ഇല്ലെന്നും കോടികൾ ചെലവഴിക്കുന്ന വകുപ്പിൽ ഓഡിറ്റ് സെല്ലിന്റെ അഭാവം വകുപ്പിന്റെ കാര്യക്ഷമതയെ സാരമായി ബാധിക്കുമെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ വകുപ്പിന് ഒരു ഓഡിറ്റ് സെൽ രൂപീകരിക്കുന്നതിനും ഇതിനായി വേണ്ടത്ര ജീവനക്കാരെ നിയമിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 125)

<u>സ്വീകരിച്ച നടപടി</u>

സാമൂഹ്യനീതി വകുപ്പിൽ പുനർവിന്യാസം വഴി ഒരു ഇന്റേണൽ ഓഡിറ്റ്സെൽ രൂപീകരിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

സാമൂഹ്യക്ഷേമ വകുപ്പിന്റെ പദ്ധതി വികസനത്തിനും ഏകീകരണത്തിനും വിലയിരുത്ത ലിനുമുള്ള വിംഗ് ആയി പ്രവർത്തിക്കുന്ന പി. ഡി. എം. സെല്ലിന് തെരുവ് കുട്ടികളുടെ പുനരധിവാസത്തിനും ചിൽഡ്രൻസ് ആക്ട് നടപ്പിൽ വരുത്തുന്നതിനുമായി വകയിരുത്തി യിരുന്ന ഈ വർഷത്തെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് സമിതി കരുതുന്നു. ആയതിനാൽ ഇപ്പോൾ അനുവദിച്ച തുകയ്ക്ക് പുറമെ 52 ലക്ഷം രൂപ കൂടി അധികം വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 126)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത പദ്ധതിക്കായി ധനപുനർവിനിയോഗംവഴി തുക അനുവദിക്കുവാൻ പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും 2007-08 സാമ്പത്തിക വർഷം തുക അനുവദിക്കുക ഉണ്ടായില്ല.

<u>ശുപാർശ</u>

ഡയറക്ടറേറ്റിൽ ഓഡിറ്റ് സെൽ രൂപീകരണം അത്യന്താപേക്ഷിതമായതിനാൽ ഈ

സെല്ലിന്റെ രൂപീകരണത്തിനും പഴയ വാഹനങ്ങൾ മാറ്റുന്നതിനും അധികമായി തുക ആവശ്യമായതിനാൽ 11 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 127)

സ്വീകരിച്ച നടപടി

സാമൂഹ്യനീതി വകുപ്പിൽ പുനർവിന്യാസം വഴി ഒരു ഇന്റേണൽ ഓഡിറ്റ് സെൽ രൂപീകരിച്ചിട്ടുണ്ട്. ഓഡിറ്റ് സെൽ രൂപീകരണത്തിനും പഴയ വാഹനങ്ങൾ മാറ്റുന്നതിനും ആവശ്യമായ അധിക തുക 2007-08 സാമ്പത്തിക വർഷം വകയിരുത്തുകയുണ്ടായില്ല. എന്നാൽ 2013-14 സാമ്പത്തിക വർഷത്തെ '2235-02-001-96-ഭരണ സംവിധാനം ശക്തിപ്പെടുത്തല്' എന്ന പ്ലാൻ ശീർഷകത്തിൽ 4,00,00,000 രൂപ (4 കോടി) വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

കോഴിക്കോട് ജില്ലയിൽ ആൺകുട്ടികൾക്കായുള്ള ജുവനൈൽ ഹോമിന്റെ നിർമ്മാണത്തിന് 25 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 128)

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ആയത് തൻവർഷം അനുവദിക്കുകയുണ്ടായില്ല. എന്നാൽ പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ശുപാർശ

കൊല്ലം ജില്ലയിലെ ജുവനൈൽ ഹോമിന്റെ പണി പൂർത്തീകരിക്കുന്നതിനും എറണാകുളം ജില്ലയിൽ ജുവനൈൽ ഹോം ആരംഭിക്കുന്നതിനും കൂടുതൽ തുക ആവശ്യമാകയാൽ ഈ ഇനത്തിൽ 42.5 ലക്ഷം രൂപകൂടി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 129)

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് തൻവർഷം അനുവദിക്കുകയുണ്ടായില്ല. കൊല്ലം ജില്ലയിലെ ജുവനൈൽ ഹോമിന്റെ നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. എറണാകുളം ജില്ലയിൽ ജുവനൈൽ ഹോം ആരംഭിച്ചിട്ടുണ്ട്.

ശുപാർശ

സ്ത്രീധന നിരോധനം നടപ്പിലാക്കല്, 50 വയസ്സിന് മുകളിലുള്ള വിധവകൾക്കും അവിവാഹിതരായ സ്ത്രീകൾക്കും പോഷകാഹാര സംരക്ഷണം, കുറഞ്ഞ വരുമാനക്കാരായ സ്ത്രീകൾക്ക് സാമ്പത്തിക സഹായം എന്നീ പരിപാടികൾക്കും പോഷകാഹാര സംരക്ഷണ പരിപാടിയുടെ തുടർ പ്രവർത്തനത്തിനും അധികമായി തുക ആവശ്യമായതിനാൽ 52 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 131)

സ്വീകരിച്ച നടപടി

2007-08 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി അധിക തുകയൊന്നും വകയിരുത്തുകയുണ്ടായില്ല. എന്നാൽ 2013-14 സാമ്പത്തിക വർഷം 'വനിതാ വികസന പദ്ധതി'ക്കായി 3 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

മാനസികവും ശാരീരികവുമായി വൈകല്യമുള്ളവരുടെ പുനരധിവാസം, സാമ്പത്തിക സഹായം എന്നീ പ്രവർത്തനങ്ങൾക്കായി 2007-08 വർഷത്തിൽ വകയിരുത്തിയിരിക്കുന്ന 50 ലക്ഷം രൂപ അപര്യാപ്തമാകയാൽ അധികമായി 1 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 134)

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതിക്കായി 2007-08 സാമ്പത്തിക വർഷം അധിക തുക വകയിരുത്തുകയുണ്ടായില്ല. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തെ '2235-60-200-83-പാർശ്വവത്കരിക്കപ്പെട്ടവർക്കായി പുതിയ സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങള്' എന്ന പ്ലാൻ ശീർഷകത്തിൽ 7,00,00,000 രൂപ (7 കോടി) വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

റീജിയണൽ ഓഫീസുകളും ജില്ലാ ഓഫീസുകളും അപ്ഗ്രേഡ് ചെയ്യുന്നതിനും ശക്തിപ്പെടുത്തുന്നതിനും അധികം തുക ആവശ്യമായതിനാൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 136)

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതിക്കായി 2007-08 സാമ്പത്തിക വർഷം തുക വകയിരുത്തുക ഉണ്ടായില്ല. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തെ '2235-02-001-98-മേൽനോട്ടം' എന്ന നോൺ പ്ലാൻ ശീർഷകത്തിൽ 3,77,54,000 രൂപ (മൂന്ന് കോടി എഴുപത്തിയേഴ് ലക്ഷത്തി അൻപത്തി നാലായിരം) വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

ചീഫ് ഇൻസ്പെക്ടർ ഓഫ് ജുവനൈൽ ജസ്റ്റീസ് എന്ന തസ്തിക നിലനിർത്തുന്ന ആവശ്യത്തിലേക്ക് 2007-08-ൽ അനുവദിച്ച 8,73,000 രൂപയ്ക്ക് പുറമെ 1.50 ലക്ഷ രൂപ കൂടി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 137)

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതിക്കായി 2007-08 സാമ്പത്തിക വർഷം തുക വകയിരുത്തുക ഉണ്ടായില്ല. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തെ '2235-02-001-97- പദ്ധതി ആവിഷ്കരണ നിരീക്ഷണ സെല്' എന്ന നോൺ പ്ലാൻ ശീർഷകത്തിൽ 18,07,000 രൂപ (പതിനെട്ട് ലക്ഷത്തി ഏഴായിരം) വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

ജുവനൈൽ ജസ്റ്റീസ് ബോർഡ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി എന്നിവയിലെ അംഗങ്ങളുടെ ഓണറേറിയം, റ്റി. എ., എന്നിവ നൽകുന്നതിനായി 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 138)

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതിക്കായി 2007-08 സാമ്പത്തിക വർഷം തുക വകയിരുത്തുക ഉണ്ടായില്ല. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തെ '2235-02-102-94' എന്ന പ്ലാൻ ശീർഷകത്തിൽ 36,32,000 രൂപ (മുപ്പത്തിയാറ് ലക്ഷത്തി മുപ്പത്തി രണ്ടായിരം രൂപ) വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

'ദുർഗുണ പരിഹാര പാഠശാല' എന്ന നാമകരണം ശരിയായിട്ടുള്ളതല്ലെന്നും ഇത് മാറ്റി 'ജുവനൈൽ ജസ്റ്റീസ് സ്ഥാപനങ്ങള്' എന്നാക്കേണ്ടതാണെന്നും സമിതി ശുപാർശ

ചെയ്യുന്നു.

(ഖണ്ഡിക 141)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത വിഷയം ആഭ്യന്തര (ബി) വകുപ്പുമായി ബന്ധപ്പെട്ടതാകയാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ച് നിയമസഭയ്ക്ക് നേരിട്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ ടി വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

സ്ത്രീ ശാക്തീകരണത്തിനായുള്ള പദ്ധതിയിൽ വിവിധ ഏജൻസികൾ ഉൾക്കൊള്ളുന്നതിനാൽ പ്രോജക്ട് രൂപീകരണ കാര്യങ്ങളുടെ സംയോജകർ ആസൂത്രണ ബോർഡാണെന്ന് സമിതിയിൽ വ്യക്തമാക്കി. വനിതാ വികസന കാര്യങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു സ്വതന്ത്ര വനിതാ വികസന വകുപ്പ് രൂപീകരിക്കണമെന്നും അതുവരെ സാമൂഹ്യക്ഷേമ വകുപ്പിനെ സാമൂഹ്യക്ഷേമ വനിതാ വികസന വകുപ്പ് എന്ന് പുനർനാമകരണം ചെയ്യണമെന്നും സ്ത്രീ ശാക്തീകരണ പരിപാടിയുടെ രൂപീകരണവും വിവിധ ഏജൻസികൾ വഴിയുള്ള പദ്ധതി നിർവ്വഹണത്തിന്റെ ഏകോപനവും പ്രസ്തുത വകുപ്പ് നിർവ്വഹിക്കണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 142)

<u>സ്വീകരിച്ച നടപടി</u>

സാമൂഹ്യക്ഷേമ വകുപ്പിനെ സാമൂഹ്യനീതി വകുപ്പ് എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിനെ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ഒരു വകുപ്പും മറ്റ് പൊതുവിഷയങ്ങൾക്കായി മറ്റൊരു വകുപ്പുമെന്ന നിലയിൽ സെക്രട്ടേറിയറ്റ് തലത്തിലും ഡയറക്ടറേറ്റ് തലത്തിലും വിഭജിക്കുന്നകാര്യം പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി താഴെപ്പറയുന്നവരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് :

1. ഡയറക്ടര്, സാമൂഹ്യനീതി വകുപ്പ് (കൺവീനര്).

2. ശ്രീ. കെ. കെ. മണി, അഡീഷണൽ ഡയറക്ടര്, സാമൂഹ്യനീതി വകുപ്പ് & മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്.

3. ശ്രീമതി എൽസി പി. സെബാസ്റ്റ്യന്, അസിസ്റ്റന്റ് ഡയറക്ടര്, സാമൂഹ്യനീതി വകുപ്പ്.

4. ശ്രീമതി ആര്. കെ. ഷീല, ജില്ലാ സാമൂഹ്യനീതി ഓഫീസര്, കോട്ടയം.

5. ശ്രീ. ആര്. എസ്. കണ്ണന്, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

6. അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.

ശുപാർശ

നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, ജില്ലകൾ തോറും സ്പെഷ്യൽ മെഡിക്കൽ ബോർഡ് നടത്തി വികലാംഗർക്ക് ഡിസ്-എബിലിറ്റി സർട്ടിഫിക്കറ്റ് നൽകുക, വൈകല്യം കാലേക്കൂട്ടി കണ്ടുപിടിച്ച് തടയുക എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി 89,65,000 രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 145)

സ്വീകരിച്ച നടപടി

2007-08 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി അധിക തുകയൊന്നും വകയിരുത്തുകയുണ്ടായില്ല. എന്നാൽ വൈകല്യം മുൻകൂർ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും വൈകല്യബാധിതരുടെ വിദ്യാഭ്യാസത്തിനും തൊഴിലിനും പുനരധിവാസത്തിനുമായുള്ള സംസ്ഥാന സംരംഭം എന്ന നൂതന പദ്ധതിക്കായി 2012-13 സാമ്പത്തിക വർഷം 2235-02-101-78 എന്ന ശീർഷകത്തിൽ 40 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി സാമൂഹ്യനീതി ഡയറക്ടറേറ്റ്, കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്, വികലാംഗ കമ്മീഷണറേറ്റ്, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

വികലാംഗർക്ക് വൈകല്യ നിർണ്ണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പുകൾ മുഖേന തിരിച്ചറിയൽ കാർഡ് നൽകുന്ന പദ്ധതി നടപ്പിലാക്കാനായി 2012-13 സാമ്പത്തിക വർഷം 2235-02-101-81 പ്ലാൻ എന്ന ശീർഷകത്തിൽ 1 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേനയാണ് നടപ്പിലാക്കി വരുന്നത്.

കൂടാതെ അംഗപരിമിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് റിസർച്ച് ആന്റ്

ഡെവലപ്മെന്റ് പദ്ധതി, ജില്ലാടിസ്ഥാനത്തിൽ കലാ-സാഹിത്യ മത്സരങ്ങള്, തടസ്സരഹിത സഞ്ചാരം ഉറപ്പാക്കുന്നതിനാവശ്യമായ ബോധവൽക്കരണ പരിപാടികൾ എന്നിവ സംഘടിപ്പിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ അംഗപരിമിതർക്കായുള്ള കമ്മീഷണറേറ്റ് തലത്തിൽ നടപ്പിലാക്കുന്നതിനായി 2012-13 സാമ്പത്തിക വർഷം 2235-60-200-79 പ്ലാൻ എന്ന ശീർഷകത്തിൽ 35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

തടവുകാരുടെ കുട്ടികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള ഇൻഡിജന്റ് കൺവിക്റ്റ് സ്കീമിനെക്കുറിച്ച് സമൂഹം അജ്ഞരാണെന്നും ഈ കുട്ടികളുടെ പഠനത്തിനും മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തുന്ന തുക ചെലവഴിക്കാതെ പോകുന്നതിനുകാരണം ഇത്തരം പ്രവർത്തനങ്ങൾ ജനങ്ങൾക്കിടയിൽ അറിയപ്പെടാത്ത താണെന്നും ഇതിനായി ഈ സ്കീമിനെക്കുറിച്ചും സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിലെ മറ്റെല്ലാ ക്ഷേമ പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന പദ്ധതികളെക്കുറിച്ചും ജനങ്ങൾക്ക് അറിവ് നൽകുന്നതിനായി ടെലിവിഷനിലൂടെയും വർത്തമാന പത്രങ്ങളിലൂടെയും അടിക്കടി പ്രചാരണം നല്കണമെന്നും അതോടൊപ്പം സാമൂഹ്യ പ്രവർത്തകർക്ക് ഇത്തരത്തിലുള്ള ക്ഷേമപ്രവർത്തനങ്ങളെ സംബന്ധിച്ച അറിവ് നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 146)

സ്വീകരിച്ച നടപടി

പ്രസ്തുത പദ്ധതി ആഭ്യന്തര (ബി) വകുപ്പുമായി ബന്ധപ്പെട്ടതാകയാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ച് നിയമസഭയ്ക്ക് നേരിട്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ ടി വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

ശുപാർശ

ബധിരരുടെ പുനരധിവാസത്തിനായി സ്ഥാപിക്കപ്പെട്ട നിഷ് ദേശീയ തലത്തിൽ അറിയപ്പെടുന്ന സ്ഥാപനമാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ബഡ്ജറ്റിൽ വകയിരുത്തി യിരിക്കുന്ന 70 ലക്ഷം രൂപ ദൈനംദിന ചെലവുകൾക്ക് മാത്രമേ തികയുകയുള്ളൂവെന്നും നിഷിനെ സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതിന് വേണ്ടി അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള പദ്ധതികൾക്ക് 215 ലക്ഷം രൂപ ആവശ്യമായി രിക്കുന്നുവെന്ന് സമിതിക്ക് ബോധ്യപ്പെട്ടതിനാൽ നിഷിന്റെ വളർച്ചയ്ക്ക് ഉതകുന്ന രീതിയിൽ

ആവശ്യമായ തുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 147)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത പദ്ധതിക്കായി 2007-08 സാമ്പത്തിക വർഷം തുക വകയിരുത്തുക ഉണ്ടായില്ല. എന്നാൽ നടപ്പ് സാമ്പത്തിക വർഷത്തെ '2235-02-101-85' എന്ന പ്ലാൻ ശീർഷകത്തിൽ നിഷ്-നുവേണ്ടി 6,15,00,000 രൂപ (615 ലക്ഷം രൂപ) വകയിരുത്തിയിട്ടുണ്ട്.

## 2008-09 സാമ്പത്തിക വർഷത്തെ മൂന്നാമത് റിപ്പോർട്ട്

<u>ശുപാർശ</u>

പട്ടികജാതി വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവന്നിരുന്നതും 1970-ൽ കേരള ഗ്രന്ഥശാല സംഘത്തിന് കൈമാറിയതുമായ ലൈബ്രറികളിലെ ലൈബ്രേറിയൻമാർക്ക് ആനുകൂല്യം നൽകുന്നതിനായുള്ള ഈ പദ്ധതിയിൽ ലൈബ്രേറിയൻമാരുടെ ശമ്പളം, പെൻഷൻ ആനുകൂല്യങ്ങൾ എന്നിവയുടെ കുടിശ്ശിക തീർക്കുന്നതിനായി 275 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 121)

<u>സ്വീകരിച്ച നടപടി</u>

2008-09 സാമ്പത്തിക വർഷത്തിൽ 2225-01-277-97 (നോൺ പ്ലാന്) ശീർഷകത്തിൽ വകയിരുത്തിയിരുന്ന 6 ലക്ഷം രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. 2008-09 സാമ്പത്തിക വർഷത്തിൽ പ്രസ്തുത ആവശ്യത്തിന് അധിക തുക ആവശ്യമായി വന്നിരുന്നില്ല.

<u>ശുപാർശ</u>

നഴ്സറി സ്കൂൾ വിദ്യാർത്ഥികളുടെ ആഹാര/പഠന ചെലവുകൾ തുടങ്ങിയവയ്ക്കായി തുക വകയിരുത്തിയിരിക്കുന്ന പദ്ധതിയിൽ നിലവിൽ ഇപ്പോൾ ഓരോ കുട്ടിക്കും ആഹാര ചെലവിനത്തിൽ ഒരു ദിവസത്തേക്ക് അനുവദിച്ചിട്ടുള്ള തുകയായ 5 രൂപയിൽ നിന്ന് 10 രൂപയായി വർദ്ധിപ്പിക്കേണ്ടതിനാൽ ഇപ്പോൾ അനുവദിച്ച തുകയ്ക്ക് പുറമെ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 124)

<u>സ്വീകരിച്ച നടപടി</u>

ഈ ശീർഷകത്തിൽ ആകെ 8.31 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിൽ 8.10 ലക്ഷം രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ടി ശീർഷകത്തിൽ വകയിരുത്തിയിരുന്ന തുക പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല എന്ന വിവരം അറിയിക്കുന്നു.

<u>ശുപാർശ</u>

തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കൈമാറിയ "ഇന്റർവ്യൂവിനും മത്സര പരീക്ഷയ്ക്കും പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കുള്ള യാത്രാച്ചെലവ്" എന്ന പദ്ധതിയിൽ വില്ലേജ്/ പഞ്ചായത്തിന് 4 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റിക്കും 2 ലക്ഷം രൂപ വീതവും അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 125)

<u>സ്വീകരിച്ച നടപടി</u>

ഈ പദ്ധതിക്കായി 2008-09 സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ കോർപ്പറേഷനു കൾക്കും മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കുമായി ആകെ 3,63,000 രൂപ വകയിരുത്തിയിരുന്നതിൽ മുഴുവൻ തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വർഷം ഈ പദ്ധതിക്കായി അധിക തുക വേണ്ടി വന്നില്ലായെന്ന വിവരം അറിയിക്കുന്നു.

<u>ശുപാർശ</u>

സാമൂഹ്യനീതി വകുപ്പിൽ ആഡിറ്റ് സെൽ രൂപീകരിക്കുന്നതിനും പുതുതായി വാഹനം വാങ്ങുന്നതിനുമായി 65 ലക്ഷം രൂപ കൂടി അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 137)

<u>സ്വീകരിച്ച നടപടി</u>

7-12-2009 ലെ സ.ഉ.(എംഎസ്) നമ്പർ 55/2009/സാ.ക്ഷേ.വ. പ്രകാരം സാമൂഹ്യ നീതി ഡയറക്ടറേറ്റിൽ പുനർവിന്യാസം വഴി ഇന്റേണൽ ഓഡിറ്റ് സെൽ രൂപീകരിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ 24-9-2009-ലെ സ.ഉ. (എംഎസ്.) നമ്പർ 70/2009/സാ.ക്ഷേ.വ. പ്രകാരം ഓഡിറ്റ് സെൽ രൂപീകരണം സംബന്ധിച്ച് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. 2008-09 സാമ്പത്തിക വർഷം ആയതിനായി അധിക തുകയൊന്നും വകയിരുത്തുക ഉണ്ടായില്ല.

<u>ശുപാർശ</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ ഉദ്ദേശിക്കുന്ന പദ്ധതി പ്രകാരം മുൻകാലങ്ങളിലെ സ്കോളർഷിപ്പ് കുടിശ്ശിക നൽകുന്നതിനും ഈ വര്,ഷം ലഭ്യമാകുന്ന അപേക്ഷകൾ പരിഗണിക്കുന്നതിനുമായി 8 ലക്ഷം രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 138)

<u>സ്വീകരിച്ച നടപടി</u>

2008-09 സാമ്പത്തികവർഷം പ്രസ്തുത പദ്ധതിക്കായി അധിക തുകയൊന്നും വകയിരുത്തുകയുണ്ടായില്ല.

<u>ശുപാർശ</u>

വകുപ്പ് നേരിട്ട് നടത്തുന്ന വൃദ്ധസദനം ചാക്കയിൽ നിന്ന് പുലയനാർകോട്ടയിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനായി കെട്ടിടനിർമ്മാണ ആവശ്യത്തിനും മറ്റ് അനുബന്ധ സൗകര്യങ്ങൾക്കുമായി 2 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 142)

<u>സ്വീകരിച്ച നടപടി</u>

2008-09 സാമ്പത്തിക വർഷത്തിൽ ചാക്കയിലെ വൃദ്ധസദനം പുലയനാർ കോട്ടയിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനായി കെട്ടിട നിർമ്മാണത്തിന് ഉപധനാഭ്യർത്ഥന വഴി 2 കോടി രൂപ അധികമായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും തൻവർഷം തുകയൊന്നും അധികമായി വകയിരുത്തിയിട്ടില്ല. എന്നാൽ ഇപ്പോൾ ടി കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്.

<u>ശുപാർശ</u>

താഴെത്തട്ടിലുള്ള ജനങ്ങൾക്ക് സാമൂഹ്യനീതി നടപ്പാക്കല്, വികലാംഗരായ പെൺ കുട്ടികൾക്കും വികലാംഗരായ രക്ഷകർത്താക്കളുടെ പെൺമക്കൾക്കുവേണ്ടിയും നിലവിലുള്ള ഡേ കെയർ സെന്ററുകൾക്ക് അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനും പുതിയ ഡേകെയറുകൾ സ്ഥാപിക്കുന്നതിനുമായി 110 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 143)

<u>സ്വീകരിച്ച നടപടി</u>

2008-09 സാമ്പത്തികവർഷം പ്രസ്തുത പദ്ധതിക്കായി അധിക തുക വകയിരുത്തുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ആയത് അനുവദിക്കുക ഉണ്ടായില്ല.

<u>ശുപാർശ</u>

കമ്മീഷണറെ സഹായിക്കുന്നതിന് നാമമാത്രമായ തസ്തികകളാണ് ഇപ്പോൾ നിലവിലുള്ളത്. കമ്മീഷണറേറ്റിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 150)

<u>സ്വീകരിച്ച നടപടി</u>

സബ്ജക്ട് കമ്മിറ്റി ശുപാർശയുടെ അടിസ്ഥാനത്തിൽ കമ്മീഷണറേറ്റിന്റെ സുഗമമായ പ്രവർത്തനത്തിന് 16 അധിക തസ്തികകൾകൂടി അനുവദിക്കണമെന്ന സംസ്ഥാന വികലാംഗ കമ്മീഷണറുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

<u>ശുപാർശ</u>

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് 200 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ 2008-09 വർഷത്തേക്ക് വകയിരുത്തിയിട്ടുള്ളത്. വനിതകൾക്ക് സ്വയം തൊഴിലിനുള്ള വായ്പാ പദ്ധതി, മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് സ്വയംതൊഴിൽ പദ്ധതി, ഉദ്യോഗസ്ഥ സ്ത്രീകൾക്ക് ഹോസ്റ്റലുകൾ എന്നിവയ്ക്കായി 308 ലക്ഷം രൂപകൂടി ആവശ്യമായി വരുന്നതിനാൽ അത്രയും തുക അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 158)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത പദ്ധതിക്കായി 2008-09 സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തുക ഉണ്ടായില്ല. എന്നാൽ 2013-14 സാമ്പത്തിക വർഷം വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന

വനിതകൾക്ക് സ്വയം തൊഴിലിനുള്ള വായ്പാ പദ്ധതി, മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് സ്വയം തൊഴിൽ പദ്ധതി, ഉദ്യോഗസ്ഥ സ്ത്രീകൾക്ക് ഹോസ്റ്റൽ സൗകര്യം തുടങ്ങിയവ ഉൾപ്പെടുന്ന വിവിധ തുടർ പദ്ധതികൾക്കായി 573 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ശുപാർശ

കുട്ടികളുടെ ക്ഷേമം മുൻനിർത്തിയുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾ മാതൃകാ പരമായി നടത്തിവരുന്ന കേരള സംസ്ഥാന ശിശുക്ഷേമ സമിതിക്ക് കഴിഞ്ഞ വർഷം 10 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും ഈ സാമ്പത്തിക വർഷത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. വിഭിന്ന ശേഷിയുള്ള കുട്ടികൾക്കുള്ള പുനരധിവാസ കേന്ദ്രം, ദത്തെടുക്കൽ കേന്ദ്രത്തിന്റെ വിപുലീകരണം, മലപ്പുറത്ത് അനാഥ ശിശുപരിചരണ കേന്ദ്രം സ്ഥാപിക്കല്, ജീവനക്കാരുടെ ശമ്പള പരിഷ്കരണം, സർക്കാർ ആശുപത്രികൾ കേന്ദ്രീകരിച്ചുള്ള പ്രചാരണ പ്രവർത്തനങ്ങള്, കുട്ടികളുടെ പാവ മ്യൂസിയം-പാർക്ക് സമുച്ചയം ശംഖുമുഖത്ത് സ്ഥാപിക്കുക തുടങ്ങി വിവിധ പദ്ധതികൾ ലക്ഷ്യമിടുന്ന ശിശുക്ഷേമ സമിതിക്ക് ഈ പദ്ധതികളുടെ പൂർത്തീകരണത്തിനായി 449 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 159)

സ്വീകരിച്ച നടപടി

2008-09 സാമ്പത്തിക വർഷം കേരള സംസ്ഥാന ശിശുക്ഷേമ സമിതിക്ക് 10 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. എന്നാൽ ശുപാർശയിൽ പരാമർശിച്ചിട്ടുള്ള ബാക്കിയുള്ള പദ്ധതികൾക്കായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ടി തുക വകയിരുത്തുക യുണ്ടായില്ല.

ശുപാർശ

സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും വേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധ സംഘടനകൾക്ക് സാമ്പത്തിക സഹായവും സാങ്കേതിക പരിജ്ഞാനവും നൽകുന്ന തിനായി കേന്ദ്ര സഹായത്തോടെ രൂപീകരിച്ച സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ ഭരണ ചെലവുകളുടെ 50% - ഉം ചെയർപേഴ്സണ് നൽകേണ്ടതായ ഓണറേറിയത്തിൽ 10%-ഉം സംസ്ഥാന സർക്കാർ സാമൂഹ്യക്ഷേമ ബോർഡിന് നൽകേണ്ടതാണ്. ഭരണ ചെലവുകൾക്കായി 25,58,669 രൂപയും ചെയർപേഴ്സനുള്ള ഓണറേറിയം ഇനത്തിൽ 2,95,613 രൂപയും വകയിരുത്തേണ്ടതുണ്ട്. ആയതിനാൽ 28,54,000 രൂപ ഈയിനത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 160)

<u>സ്വീകരിച്ച നടപടി</u>

പ്രസ്തുത തുക സാമൂഹ്യക്ഷേമ ബോർഡിന് 2008-09 വർഷം തന്നെ അനുവദിക്കുക ഉണ്ടായില്ല. എന്നാൽ തുടർന്നുള്ള വർഷങ്ങളിൽ കുടിശ്ശിക തുക പൂർണ്ണമായും അനുവദിച്ച് നൽകിയിട്ടുണ്ട്.

<u>ശുപാർശ</u>

വിമുക്ത ഭടന്മാരുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിലേക്ക് ഈ വർഷം 18 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2005-06 സാമ്പത്തിക വർഷം മുതൽ സ്കോളർഷിപ്പുകളുടെ നിരക്കുകൾ ഇരട്ടിയായി വർദ്ധിപ്പിച്ചതിനാൽ ഇപ്പോൾ വകയിരുത്തി യിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ഇനത്തിൽ വകയിരുത്തിയിട്ടുള്ള തുക 22 ലക്ഷം രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 163)

<u>സ്വീകരിച്ച നടപടി</u>

2007-08 സാമ്പത്തിക വർഷം വിമുക്തഭടന്മാരുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 22 ലക്ഷം രൂപ വകയിരുത്തുകയുണ്ടായി. അനുവദിച്ച തുക മുഴുവൻ ചെലവായതിന്റെ അടിസ്ഥാനത്തിലാണ് 2008-09 വർഷത്തെ വിഹിതമായ 18 ലക്ഷം രൂപ 22 ലക്ഷം രൂപയായി ഉയർത്തണമെന്ന് സമിതി ശുപാർശ ചെയ്തത്. എന്നാൽ 2008-09 സാമ്പത്തിക വർഷം '2235-60-200-94 വിമുക്തഭടന്മാരുടെ കുട്ടികൾക്ക് ധനസഹായം' എന്ന ശീർഷകത്തിൽ അനുവദിച്ച 18 ലക്ഷം രൂപയിൽ കൂടുതൽ ചെലവാകാതിരുന്ന തിനാലും അധികമായി ഫണ്ട് ആവശ്യമില്ലാതിരുന്നതിനാലും റീ-അപ്രോപ്രിയേഷന്റെ ആവശ്യമുണ്ടായിരുന്നില്ല.

<u>ശുപാർശ</u>

രണ്ടാം ലോകമഹായുദ്ധത്തിൽ പങ്കെടുത്ത യോദ്ധാക്കൾക്ക് പ്രതിമാസം നൽകിവരുന്ന ധനസഹായം 400 രൂപയിൽ നിന്നും 600 രൂപയായി വർദ്ധിപ്പിച്ചതിനാൽ ഈയിനത്തിൽ വകയിരുത്തിയിട്ടുള്ള തുക 1.80 കോടി രൂപയായി വർദ്ധിപ്പിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 164)

<u>സ്വീകരിച്ച നടപടി</u>

'2235-60-200-82-അവശതയനുഭവിക്കുന്ന രണ്ടാം ലോകമഹായുദ്ധ യോദ്ധാക്കൾക്ക് ധനസഹായം' എന്ന ശീർഷകത്തിൽ 2008-09 സാമ്പത്തിക വർഷം 1 കോടി 60 ലക്ഷം രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരുന്നത്. 2008-09 സാമ്പത്തിക വർഷം ഈ ഇനത്തിൽ 1,72,98,861 രൂപ ചെലവായി. അധികമായി ചെലവായ തുക റീ-അപ്രോപ്രിയേഷനിലൂടെ കണ്ടെത്തുകയുണ്ടായി.

## 2009-10 സാമ്പത്തിക വർഷത്തെ നാലാമത് റിപ്പോർട്ട്

<u>ശുപാർശ</u>

പ്രീ മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന ഹൈസ്കൂളുകളിലെയും അപ്പർ പ്രൈമറി സ്കൂളുകളിലെയും വിദ്യാർത്ഥികൾക്ക് കണക്ക്, ഇംഗ്ലീഷ്, ഹിന്ദി എന്നീ വിഷയങ്ങളിൽ ട്യൂഷൻ നൽകുന്നതിനായുള്ള ഈ പദ്ധതിയിൽ ട്യൂഷൻമാസ്റ്റർമാരുടെ വേതനം വർദ്ധിപ്പിക്കുന്നതിനായി ശുപാർശയുള്ളതിനാൽ 20 ലക്ഷം രൂപ പദ്ധതി ഇനത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 144)

<u>സ്വീകരിച്ച നടപടി</u>

പ്രീ മെട്രിക് ഹോസ്റ്റലുകളിൽ താമസിച്ച് പഠിക്കുന്ന അപ്പർ പ്രൈമറി സ്കൂൾ വിദ്യാർത്ഥികൾക്ക് ട്യൂഷൻ നൽകുന്നതിനായുള്ള പദ്ധതിക്കായി 2225-01-277-88- (പ്ലാന്) ശീർഷകത്തിൽ ആകെ (കോർപ്പറേഷന്, മുനിസിപ്പാലിറ്റി, ഗ്രാമ പഞ്ചായത്ത്) 35,00,000 രൂപ വകയിരുത്തിയിരുന്നു. ആയതിൽ പ്രസ്തുത വർഷം 27,50,000 രൂപ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ടി വർഷം അധിക തുക വേണ്ടി വന്നിട്ടില്ലെന്ന വിവരം അറിയിക്കുന്നു.

## 2012-13 സാമ്പത്തിക വർഷത്തെ രണ്ടാമത് റിപ്പോർട്ട്

<u>ശുപാർശ</u>

<u>പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി</u>

കേന്ദ്ര സർക്കാരിൽ നിന്നും അധിക കേന്ദ്ര സഹായമായി 2003-04 വർഷം ലഭിച്ച 10 കോടി രൂപ ഉപയോഗിച്ച് സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗക്കാർക്കും ജില്ലാ ആശുപത്രികള്, മെഡിക്കൽ കോളേജ് ഹോസ്പിറ്റല്, റീജിയണൽ ക്യാൻസർ സെന്റർ,

ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവവഴിയും സഹകരണ മെഡിക്കൽ കോളേജുകളായ പരിയാരം, കൊച്ചി എന്നിവവഴിയും സർക്കാർ ഉത്തരവ് (എംഎസ്.) 45/07/പ.ജ.പ.വ.വി.വ. തീയതി, 13-8-2007 പ്രകാരം സമഗ്ര സുരക്ഷാപദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ SPI TSB No. 14878 -ൽ ഇപ്രകാരം ഡെപ്പോസിറ്റ് ചെയ്തിരുന്ന പലിശയടക്കമുള്ള തുകയിൽ നിന്നും പദ്ധതി നടപ്പിലാക്കി വരുന്ന 29 സർക്കാർ ആശുപത്രികൾക്ക് പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ ചികിത്സയ്ക്കായി ആവശ്യമായ തുക പിൻവലിച്ച് നൽകിവരുന്നു. ഇപ്പോൾ TSB അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന A.C.A. പ്രകാരം ലഭ്യമായ മുഴുവൻ തുകയും വിനിയോഗിച്ച് കഴിഞ്ഞു. 2011-12 സാമ്പത്തിക വർഷം ഈ ഇനത്തിൽ കുടിശ്ശികയായി 1.64 കോടി രൂപ ഇനി ടി ആശുപത്രികൾക്ക് അനുവദിച്ച് നൽകേണ്ടതായിട്ടുണ്ട്.

ഈ പദ്ധതി പ്രകാരം ടി 2 സഹകരണ ആശുപത്രികളിലൂടെയും മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിലൂടെയും ജില്ലാ ആശുപത്രികളിലൂടെയും താലൂക്ക് ആശുപത്രികളിലൂടെയുമുള്ള പട്ടികവർഗ്ഗക്കാരുടെ സമഗ്ര ആരോഗ്യചികിത്സാ പദ്ധതി 2012-13 വർഷവും തുടർന്നുള്ള വർഷങ്ങളിലും തുടരേണ്ടതായിട്ടുണ്ട്. ഇതിനായി കുടിശ്ശിക നൽകുന്ന തുൾപ്പെടെ നടപ്പ് സാമ്പത്തിക വർഷത്തെ ചികിത്സാ ചെലവുകൾക്കായി 5 കോടി രൂപ പ്രത്യേക ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 42, 43, 44)

<u>സ്വീകരിച്ച നടപടി</u>

2012-13 വർഷം സമഗ്ര ആരോഗ്യ പദ്ധതി നടപ്പിലാക്കുന്നതിനും മുൻ കുടിശ്ശിക നൽകുന്നതിനുമായി 9-8-2012-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1103/12/പ.ജ.പ.വ.വി.വ. പ്രകാരം 5 കോടി രൂപ 2225-02-800-64 Critical Gap Filling Scheme (Corpus Fund) under TSB എന്ന ശീർഷകത്തിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുകയും ആയതിൻ പ്രകാരം 253 ലക്ഷം രൂപ ബന്ധപ്പെട്ട ആശുപത്രികൾക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പുതിയ ശീർഷകം അനുവദിച്ചിട്ടില്ല.

<u>ശുപാർശ</u>

നിർദ്ധനരായ വികലാംഗർക്ക് സഹായോപകരണങ്ങൾ സൗജന്യമായി വാങ്ങി

നൽകുന്ന പദ്ധതി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാ എന്ന് സമിതി മനസ്സിലാക്കുന്നു. ടി പദ്ധതിയിൻകീഴിൽ ഓരോ വർഷവും ലഭിക്കുന്ന അപേക്ഷകൾ വർദ്ധിച്ച് വരുന്ന സാഹചര്യത്തിലും വികലാംഗർക്ക് വീൽച്ചെയര്, മൂന്ന് വീൽ സൈക്കിളുകള്, കൃത്രിമ കാലുകള്, ശ്രവണ സഹായികൾ തുടങ്ങിയ സാമഗ്രികൾ സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതി തുടർന്നും നടത്തുന്നതിനുമായി ഓരോ ജില്ലയ്ക്കും 10 ലക്ഷം രൂപ നിരക്കിൽ 14 ജില്ലകളിലേക്കുമായി 140 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

കൂടാതെ വികലാംഗർക്ക് സ്വയം തൊഴിലിനായി ലോട്ടറി ഏജന്റുമാർക്ക് ടിക്കറ്റ് വിൽക്കുന്നതിനുള്ള ധനസഹായമായി 20 ലക്ഷം രൂപകൂടി അധികമായി വകയിരുത്ത ണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 57, 58)

സ്വീകരിച്ച നടപടി

57, 58 എന്നീ ഖണ്ഡികകളിൽ ശുപാർശ ചെയ്തിട്ടുള്ള പദ്ധതികൾക്കായി 160 ലക്ഷം രൂപ 2012-13 സാമ്പത്തിക വർഷം ധനപുനർവിനിയോഗം വഴി അനുവദിച്ചിട്ടുണ്ട്.

## അദ്ധ്യായം III

(എ) ചട്ടം 236 (5) പ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ച തിനുശേഷം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകള്.

2011-12 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ടിലെ ശുപാർശകളിൽ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചതിനുശേഷം 5, 15 എന്നീ ഖണ്ഡികകളിലെ ശുപാർശകൾക്കുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭ്യമായി. 5-ാം ഖണ്ഡികയിലെ ശുപാർശകളിന്മേലുള്ള ഡിലേസ്റ്റേറ്റ്മെന്റ് പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാർ 28-1-2014-നും 15-ാം ഖണ്ഡികയിലെ ശുപാർശകളിന്മേലുള്ള ഡിലേ സ്റ്റേറ്റ്മെന്റ് പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി കുമാരി പി. കെ. ജയലക്ഷ്മി 19-6-2013-നും സഭയിൽ സമർപ്പിക്കുകയുണ്ടായി.

2012-13 സാമ്പത്തിക വർഷത്തെ രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിൽ ചട്ടപ്രകാരമുള്ള സമയപരിധികഴിഞ്ഞ് ലഭ്യമായ 65-ാം ഖണ്ഡികയിലെ ശുപാർശയിൽ കാലതാമസം നേരിട്ടതിനുള്ള വിശദീകരണം ഉൾക്കൊള്ളുന്ന ഡിലേ സ്റ്റേറ്റ്മെന്റ് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ഡോ. എം. കെ. മുനീർ 28-1-2014-ന്

സഭയിൽ സമർപ്പിക്കുകയുണ്ടായി.

മേൽപറഞ്ഞ ഖണ്ഡികകളിലെ ശുപാർശകളിൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

## 2011-12 സാമ്പത്തിക വർഷത്തെ ഒന്നാമത് റിപ്പോർട്ട്

### ശുപാർശ

ചികിത്സാധനസഹായം നൽകേണ്ടവരുടെ എണ്ണം വർദ്ധിക്കുന്നതിനാലും സാധുക്കളായ പട്ടികജാതിക്കാരുടെ പെൺമക്കളുടെ വിവാഹ ധനസഹായം 10,000 രൂപയിൽ നിന്നും 20,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാലും ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 5)

### സ്വീകരിച്ച നടപടി

2225-01-800-80—(പദ്ധതിയിനം) സാധുക്കളായ പട്ടികജാതിക്കാരുടെ വൈദ്യ ചികിത്സയ്ക്കും വിവാഹ ആവശ്യത്തിനും ധനസഹായം എന്ന ശീർഷകത്തിൽ 2011-12 വർഷം 12,00,00,000 രൂപ വകയിരുത്തിയിരുന്നു. 27-3-2012-ലെ G.O. (Rt.) No. 2686/12/Fin. പ്രകാരം 7,50,00,000 രൂപകൂടി റീ-അപ്രോപ്രിയേഷൻ മുഖേന അധികമായി വകയിരുത്തിയിട്ടുണ്ട്. ഇപ്രകാരം പ്രസ്തുത ശീർഷകത്തിൽ 2011-12-ൽ വകയിരുത്തിയിരുന്ന മൊത്തം തുക 19,50,00,000 രൂപയാണ്. തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ട്.

### ശുപാർശ

പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക, അതിക്രമങ്ങൾക്ക് ഇരയാ കുന്നവരെ പുനരധിവസിപ്പിക്കുക, സൗജന്യ നിയമസഹായം നൽകുക തുടങ്ങി വിവിധ പരിപാടികൾ ഈ പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്നു. അതിക്രമങ്ങൾ സംബന്ധിച്ച കേസ്സുകൾ കൂടുതലായി രജിസ്റ്റർ ചെയ്യപ്പെടുന്ന സാഹചര്യത്തിലും കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച 30 ലക്ഷം രൂപയിൽ 29.78 ലക്ഷം രൂപയും ചെലവായ സാഹചര്യത്തിലും ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയി രുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 15)

### സ്വീകരിച്ച നടപടി

പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമ നിവാരണ) നിയമം, 1989 നടപ്പിലാക്കുന്നതിന് 2225-02-800-68 (പ്ലാന്) ശീർഷകത്തിൽ 2011-12 സാമ്പത്തിക വർഷത്തിൽ 30 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. ഇതിൽ ടി സാമ്പത്തിക വർഷം ആകെ 29,88,000 രൂപ ചെലവാക്കുകയുണ്ടായി. ബാക്കി വന്ന 12,000 രൂപ സർക്കാരിലേക്ക് സറണ്ടർ ചെയ്യുകയും ചെയ്തു. തനത് സാമ്പത്തികവർഷം ലഭിച്ച അപേക്ഷകൾ നൽകുന്നതിന് മതിയായ ഫണ്ട് ലഭ്യമായിരുന്നതിനാലും അധികമായി ഫണ്ട് ലഭിച്ചാൽ ലാപ്സാകുന്ന സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടിയും സമിതി നിർദ്ദേശിച്ച പ്രകാരം 10 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടിവന്നില്ല.

## 2012-13 സാമ്പത്തിക വർഷത്തെ രണ്ടാമത് റിപ്പോർട്ട്

### ശുപാർശ

നിഷ് -ൽ പഠനത്തിനായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും വരുന്ന ബധിരരും മൂകരുമായ കുട്ടികൾക്ക്, ഇൻസ്റ്റിറ്റ്യൂട്ടിന്റേതായി ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ബധിരരും മൂകരുമായ കുട്ടികൾ പുറത്ത് പേയിംഗ് ഗസ്റ്റായും വാടക വീടുകളിലും താമസിക്കുന്നത് സുരക്ഷിതമല്ലാ എന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി ഹോസ്റ്റൽ നിർമ്മിക്കുന്നതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

(ഖണ്ഡിക 65)

### സ്വീകരിച്ച നടപടി

സബ്ജക്ട് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റേതായി ഹോസ്റ്റൽ നിർമ്മിക്കുന്നതിന്, ഒരു പ്രത്യേക കേസ്സായി പരിഗണിച്ച്, 13.25 കോടി രൂപ വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി 2012-13 സാമ്പത്തിക വർഷം നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് വേണ്ടിവരുന്ന 13.25 കോടി രൂപ അധിക ധനസഹായം മുഖേന അനുവദിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ആസൂത്രണ സാമ്പത്തികകാര്യ/ ധനകാര്യ വകുപ്പിനെ സമീപിച്ചുവെങ്കിലും 2012-13 സാമ്പത്തികവർഷം ആയത് അനുവദിക്കുകയുണ്ടായില്ല. എന്നാൽ ധനപുനർവിനിയോഗംവഴി പ്രസ്തുത പദ്ധതിക്കാവശ്യമായ തുക കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്.

### (ബി) ചട്ടം 236 (6) പ്രകാരമുള്ള ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകൾ

(i) സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർധനാഭ്യർത്ഥനയുടെ കീഴിൽവരുന്ന പൊതുഭരണ (ഫ്രീഡം ഫൈറ്റേഴ്സ് - പെൻഷന്) വകുപ്പിന്റെയും

സൈനികക്ഷേമ വകുപ്പിന്റെയും 2012-13 സാമ്പത്തിക വർഷത്തെ ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകൾ മുഖ്യമന്ത്രി 8-7-2013-ന് സഭയുടെ മേശപ്പുറത്ത് വച്ചു.

(ii) പട്ടികജാതി പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പട്ടികജാതി വികസന വകുപ്പിന്റെ 2010-11, 2011-12 എന്നീ സാമ്പത്തിക വർഷങ്ങളിലെ ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകൾ പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സഭയുടെ മേശപ്പുറത്ത് വച്ചു.

(iii) പട്ടികജാതി/പട്ടികവർഗ്ഗ മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ കീഴിൽ വരുന്ന പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 2010-11, 2011-12 എന്നീ സാമ്പത്തിക വർഷങ്ങളിലെ ആന്വൽ പെർഫോമൻസ് റിപ്പോർട്ടുകൾ പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി 8-7-2013-ന് സഭയുടെ മേശപ്പുറത്ത് വച്ചു.

തിരുവനന്തപുരം,
2014 ജൂണ്‍, 12

ഡോ. എം. കെ. മുനീർ ,
*ചെയർമാൻ ,*
*വിഷയനിർണ്ണയ സമിതി XIII.*

## അനുബന്ധം

## 2013 ഏപ്രിൽ 29-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി- XIII, 2013 ഏപ്രിൽ 29-ാം തീയതി തിങ്കളാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ കോംപ്ലക്സിലെ IV A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹു. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുമായ ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

ശ്രീ. റ്റി. യു.കുരുവിള, എം.എൽ.എ.

„ പുരുഷൻ കടലുണ്ടി, എം.എൽ.എ.

„ കെ. രാധാകൃഷ്ണൻ, എം.എൽ.എ.

ശ്രീമതി കെ. എസ്. സലീഖ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി. ജെ. മേരിഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ഡോ. കെ. എം. എബ്രഹാം, അഡീഷണൽ ചീഫ് സെക്രട്ടറി, സോഷ്യൽ ജസ്റ്റീസ് ഡിപ്പാർട്ട്മെന്റ്
2. ശ്രീ. ജെയിംസ് വർഗ്ഗീസ്, പ്രിൻസിപ്പൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്
3. „ കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, പൊതുഭരണ വകുപ്പ്
4. „ വി. എസ്. ഗോവിന്ദൻ നമ്പൂതിരി, അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
5. „ ഇ. കെ. പ്രകാശ്, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യവകുപ്പ്
6. „ ജോജിത് മാത്യു, അഡീഷണൽ സെക്രട്ടറി, ധനകാര്യവകുപ്പ്
7. ശ്രീമതി കോമളവല്ലി അമ്മ, മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ

സമിതി 2013-14 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധനയുമായി ബന്ധപ്പെട്ട് സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന ധനാഭ്യർത്ഥന നമ്പർ XLVI പരിഗണിക്കുകയും ആവശ്യമായ സന്ദർഭങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശുപാർശകളും നിർദ്ദേശങ്ങളും നൽകുകയുമുണ്ടായി.

2235-02-106-98 (NP)—ദുർഗുണപരിഹാര പാഠശാല

ദുർഗുണ പരിഹാര പാഠശാലയിലെ തടവുകാരുടെ എണ്ണത്തിലുള്ള വർദ്ധനവ്, മരുന്ന്, ചികിത്സാചെലവ്, ആഹാര സാധനങ്ങളുടെയും മറ്റും വിലയിൽ അടിക്കടിയുണ്ടാകുന്ന വർദ്ധനവ്, ഇന്ധനചെലവ് എന്നിവ കണക്കാക്കുമ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 15,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-60-200-89—അകാലചരമം പ്രാപിച്ച മന്ത്രിമാരുടെ കുടുംബങ്ങൾക്ക് സഹായം

അകാലചരമം പ്രാപിച്ച മന്ത്രിമാരുടെ കുടുംബങ്ങൾക്ക് നൽകിവരുന്ന ധനസഹായം വർദ്ധിപ്പിച്ച് ഏകീകരിച്ചിട്ടുള്ളതിനാൽ ഈ ശീർഷകത്തിൽ 40,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-02-104-89—അനാഥാലയ നിയന്ത്രണ ബോർഡ്

ഓർഫനേജ് കൺട്രോൾ ബോർഡിൽ 15 അംഗങ്ങളും 7 ജീവനക്കാരുമാണുള്ളത്. ബോർഡ് അംഗങ്ങളുടെ റ്റി.എ./ഡി.എ., ഓണറേറിയം, സിറ്റിംഗ് ഫീസ് ഇനത്തിൽ 9 ലക്ഷം രൂപയും ജീവനക്കാരുടെ വേതനം, യാത്രാബത്ത, വെള്ളക്കരം, വൈദ്യുതി ചാർജ്ജ്, ടെലിഫോൺ ചാർജ്ജ്, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 5,93,000 രൂപയും ബോർഡിന്റെ നിയന്ത്രണത്തിലുള്ള 2017 സ്ഥാപനങ്ങളിലെ 15,000 ജീവനക്കാർക്ക് പരിശീലനം നൽകുന്നതിലേക്കായി 14 ലക്ഷം രൂപയും ഉൾപ്പെടെ ശമ്പളേതര ഇന ത്തിൽ മൊത്തം ചെലവ് 28.93 ലക്ഷം രൂപ കണക്കാക്കുന്നു. ഇതിൽ ബഡ്ജറ്റ് വിഹിതമായ 7 ലക്ഷം രൂപ കൂടാതെ 21.93 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-02-101-89(NP)—വികലാംഗർക്കുവേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം

വിഭിന്നശേഷിയുള്ളവർക്ക് വേണ്ടിയുള്ള ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകൾക്കും സ്ഥാപനങ്ങൾക്കും അന്തേവാസികളുടെ ഭക്ഷണം പാചകക്കാരു ടെയും സഹായികളുടെ വേതനം, വസ്ത്രം, കിടക്ക, മറ്റ് അടിയന്തര ചെലവുകൾ എന്നീ ആവശ്യങ്ങൾക്കാണ് ഈ പദ്ധതി പ്രകാരം ഗ്രാന്റ് അനുവദിക്കുന്നത്. കോട്ടയം, ഇടുക്കി, എറണാകുളം, തൃശൂർ ജില്ലകളിലായി 9 സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകി വരുന്നു. 18-9-2012-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 56/12/ സാ.ക്ഷേ.വ. പ്രകാരം ഗ്രാന്റ് തുക 250 രൂപയിൽ നിന്നും 525 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്താമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 10,34,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-02-104-98-(NP)—അനാഥശാലകൾ—സഹായധനം

2012-13 സാമ്പത്തികവർഷം അനാഥാലയങ്ങളിലെ അന്തേവാസികളായ 32,740 പേർക്ക് ധനസഹായം നൽകുകയുണ്ടായി. 18-9-2012-ലെ സർക്കാർ ഉത്തരവ്

(എംഎസ്.) നമ്പർ 56/12/സാ.ക്ഷേ.വ. പ്രകാരം ഗ്രാന്റ് തുക 525 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ഈ സാമ്പത്തികവർഷം ഗ്രാന്റ് നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 8,04,77,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-02-104-97(NP)—യാചകകേന്ദ്രങ്ങൾ

യാചകനിരോധന നിയമത്തിന്റെ പരിധിയിൽ സർക്കാർ നോട്ടിഫൈ ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഗ്രാന്റ് നൽകുന്ന പദ്ധതിയാണിത്. 693 അന്തേവാസികൾക്ക് ഈ പദ്ധതിപ്രകാരം ഗ്രാന്റ് അനുവദിച്ചുവരുന്നു. ഗ്രാന്റ് തുക 250 രൂപയിൽ നിന്നും 525 രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 33,66,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-02-800-98(NP)—മിശ്രവിവാഹങ്ങൾ

പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടാത്ത മിശ്രവിവാഹിതരായ ദമ്പതിമാർക്ക് ധനസഹായം നൽകുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പദ്ധതി. 9-9-2010 മുതൽ മിശ്രവിവാഹിതരായ ദമ്പതിമാർക്കുള്ള ധനസഹായം 5,000 രൂപയിൽ നിന്നും 30,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. വർദ്ധനയ്ക്ക് ആനുപാതികമായി മുൻവർഷങ്ങളിൽ ബഡ്ജറ്റ് വിഹിതം ലഭിക്കാതിരുന്നതിനാൽ ധനസഹായവിതരണത്തിൽ കുടിശ്ശിക നിലനിൽക്കുന്നു. ആയതിനാൽ കുടിശ്ശികയുള്ള ധനസഹായം വിതരണം ചെയ്യുന്നതിനും ഈ വർഷത്തെ അപേക്ഷകൾക്കുള്ള ധനസഹായം നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 71,25,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-02-107-98 (NP)—സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾക്ക് സഹായധനം

1992 മുതൽ നോൺ ഗവൺമെന്റൽ സെക്ടറിൽ പ്രവർത്തിക്കുന്നതും വൃദ്ധസദനങ്ങൾ നടത്തുന്നതുമായ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയാണിത്. അന്തേവാസികളുടെ ഭക്ഷണചെലവുകൾ, പാചകക്കാരുടെയും സഹായികളുടെയും ശമ്പളം, വസ്ത്രം, കിടക്ക, മറ്റ് ചെലവുകൾ എന്നിവയ്ക്കായാണ് തുക വകയിരുത്തിയിരിക്കുന്നത്. നിലവിൽ 239 സ്ഥാപനങ്ങൾക്ക് ഗ്രാന്റ് അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിലും നിലവിൽ നൽകിവരുന്ന ധനസഹായം 525 രൂപയിൽ നിന്നും 700 രൂപയായി ഉയർത്തുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതിനാലും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 2,54,16,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-02-101-92(NP)—അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികളായവർക്കുമുള്ള പ്രത്യേക പെൻഷൻ പദ്ധതി

40%-ൽ കൂടുതൽ അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികളായവർക്കും വേണ്ടിയുള്ള ഈ പ്രത്യേക പെൻഷൻ പദ്ധതി പ്രകാരം പ്രതിമാസം 80%-ൽ കൂടുതൽ വൈകല്യമുള്ളവർക്ക് 700 രൂപയും മറ്റുള്ളവർക്ക് 525 രൂപയും പെൻഷൻ നൽകി വരുന്നു. 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 80%-ൽ കൂടുതൽ അംഗവൈകല്യമുള്ളവർക്ക് 1000 രൂപയായും മറ്റുള്ളവർക്ക് 700 രൂപയായും പെൻഷൻ വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 70,07,02,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-60-102-99 (NP)—അഗതികൾക്കുള്ള പെൻഷൻ

അഗതികളായ വിധവകൾക്കുള്ള പെൻഷൻ പദ്ധതി പ്രകാരം നിലവിൽ പ്രതിമാസം 525 രൂപ പെൻഷൻ നൽകിവരുന്നു. 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പെൻഷൻ തുക 700 രൂപയായി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ 2014 മാർച്ച് വരെ കുടിശ്ശിക കൂടാതെ പെൻഷൻ വിതരണം ചെയ്യുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 167,71,08,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-60-102-97 (P)—ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി

പ്രായംചെന്ന അഗതികൾക്കുള്ള പെൻഷൻ പദ്ധതി കേന്ദ്രസർക്കാരിന്റെ ദേശീയ സാമൂഹ്യസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. നിലവിൽ 80 വയസ്സിനുമുകളിൽ പ്രായമുള്ള വൃദ്ധജനങ്ങൾക്കുള്ള പെൻഷൻ 900 രൂപയും മറ്റുള്ളവർക്ക് 400 രൂപയും നൽകിവരുന്നു. 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 80 വയസ്സിനുമുകളിൽ പ്രായമുള്ളവർക്കുള്ള പെൻഷൻ 1,100 രൂപയായും മറ്റുള്ള വർക്ക് 500 രൂപയായും വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതിനാൽ 2014 മാർച്ച് മാസംവരെ കുടിശ്ശിക കൂടാതെ പെൻഷൻ വിതരണം ചെയ്യുന്നതിനായി ഈ ശീർഷ കത്തിൽ 163,50,21,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-60-102-96—സാമൂഹ്യസുരക്ഷിതത്വ പദ്ധതിയനുസരിച്ച് 50 വയസ്സിനുമേൽ പ്രായമുള്ളവർക്കുള്ള പെൻഷൻ പദ്ധതി

മറ്റ് സാമൂഹ്യസുരക്ഷിതത്വ പെൻഷൻ പദ്ധതികളിൽ ഉൾപ്പെടാത്ത 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള ഈ പെൻഷൻ പദ്ധതി പ്രകാരം നിലവിൽ പ്രതിമാസം 525 രൂപ പെൻഷൻ നൽകിവരുന്നു. 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പെൻഷൻ തുക 700 രൂപയായി വർദ്ധിപ്പിക്കു മെന്ന് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ 2014 മാർച്ച് വരെ കുടിശ്ശിക കൂടാതെ പെൻഷൻ വിതരണം ചെയ്യുന്നതിനായി 11,96,02,000 രൂപ ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-60-200-72(02)—തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീട്ടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നവർക്കുള്ള സഹായം (ആശ്വാസ കിരണം)

ശയ്യാവലംബികളായുള്ള നിത്യരോഗികളെ പരിചരിക്കുന്നവർക്ക് സഹായം നൽകുന്ന ഒരു പദ്ധതിയാണിത്. ഡിമാൻഷ്യാ, ന്യൂറോളജിക്കൽ ഡിസ്എബിലിറ്റീസ് എന്നീ രോഗങ്ങളുള്ള വയോജനങ്ങളെ പരിചരിക്കുന്നതിന് ഒരു സമഗ്രപദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതിനാലും, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യം, ഓട്ടിസം, മാനസിക വൈകല്യം എന്നിവ നേരിടുന്നവർക്ക് ധനസഹായം നൽകുന്നതിനായി വരുമാന പരിധി ഉയർത്തിക്കൊണ്ട് സർക്കാർ ഉത്തരവ് നമ്പർ 60/12/സാ.ക്ഷേ.വ. തീയതി 11-10-2012 പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിലും ഗുണഭോക്താക്കളുടെ എണ്ണം 50,000-ൽ അധികം വരുന്നതിനാലും ആശ്വാസകിരണം പദ്ധതി പ്രകാരം 525 രൂപ നിരക്കിൽ ധനസഹായം വർദ്ധിപ്പിച്ച് നൽകുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 11.50 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-60-200-72(03)—അവിവാഹിതരായ അമ്മമാരുടെയും അവരുടെ കുട്ടികളുടെയും പുനരധിവാസം (സ്നേഹസ്പർശം)

അവിവാഹിതരായ അമ്മമാരുള്ള പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കും കൂടാതെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്കും പ്രതിമാസം 1,000 രൂപ ധനസഹായം നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. ഏറ്റവും ദയനീയവും മനുഷ്യത്വ രഹിതവുമായ ചൂഷണത്തിനിരയാകുന്ന ഇത്തരക്കാരുടെ പ്രശ്ന ങ്ങൾക്കുള്ള പരിഹാര നടപടികൾ സമയബന്ധിതമായി ഏറ്റെടുത്ത് നടപ്പിലാക്കേണ്ട തുണ്ട്. നിലവിൽ 1000 ഗുണഭോക്താക്കളുള്ള ഈ പദ്ധതിയിൽ പുതുതായി 500-ൽ പരം അപേക്ഷകൾ ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തി യിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-60-200-72(04)—എൻഡോസൽഫാൻ ദുരിതബാധിതർക്കുള്ള സമഗ്രപാക്കേജ്

സംസ്ഥാനത്ത് എൻഡോസൽഫാൻമൂലം ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസ നടപടികൾ കൈക്കൊള്ളുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. എൻഡോ സൽഫാൻ മൂലം ശയ്യാവലംബികളായ രോഗികൾക്ക് 2,000 രൂപ നിരക്കിലും വികലാംഗ പെൻഷൻ വാങ്ങുന്ന രോഗികൾക്ക് 1,700 രൂപ നിരക്കിലും മറ്റ് രോഗികൾക്ക് 1,000 രൂപ നിരക്കിലും ധനസഹായം നൽകിവരുന്നു. കൂടാതെ ഈ വിഭാഗ ത്തിൽപ്പെട്ട കുടുംബങ്ങളിലെ 1 മുതൽ 7 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 1,000 രൂപ, 8 മുതൽ 10 വരെ ക്ലാസ്സുകളിൽ ഉള്ളവർക്ക് 2,000 രൂപ, 11, 12 ക്ലാസ്സുകളിൽ ഉള്ളവർക്ക് 2,500 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. എൻഡോസൽഫാൻ ദുരിതബാധിതരെ പരിചരിക്കുന്നവർക്ക് പ്രതിമാസം 700 രൂപ നിരക്കിൽ ധനസഹായം നൽകുന്നതിനും ദുരിതമേഖലയിൽ വരുന്ന പഞ്ചായത്തുകൾക്ക് ആംബുലൻസ് വാങ്ങുന്ന പദ്ധതിയും ഈ മേഖലയിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകളിലെ ജീവനക്കാർക്ക് 1,500 രൂപ നിരക്കിൽ

ധനസഹായം നൽകുന്ന പദ്ധതിയും എൻഡോസൽഫാൻപാക്കേജിൽ പുതുതായി ഉൾപ്പെടുത്തിയിട്ടുള്ളതിനാലും സ്നേഹസാന്ത്വനം പദ്ധതിപ്രകാരം നിലവിലുള്ള ഗുണഭോക്താക്കളെ കൂടാതെ പുതുതായി 1318 എൻഡോസൽഫാൻ ദുരിതബാധിതരെ കൂടി കണ്ടെത്തിയിട്ടുള്ളതിനാൽ ഇവർക്ക് കൂടി പ്രതിമാസം ധനസഹായം നൽകുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 2,52,10,000 രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-60-200-72(06)—സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ അന്തേവാസികളുടെ പരിചാരകർ

സാമൂഹ്യക്ഷേമ വകുപ്പിന്റെകീഴിൽ 78 ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിലുള്ള അന്തേവാസികളുടെ പരിചരണത്തിന് നഴ്സിംഗ് സ്റ്റാഫിനെ നിയമിച്ചിട്ടില്ല. ഇത്തരം സ്ഥാപനങ്ങളിലെ അന്തേവാസികളുടെ എണ്ണം അനുവദനീയമായ എണ്ണത്തേക്കാൾ വർദ്ധിച്ചുവരുന്നതിനാൽ ഈ സ്ഥാപനങ്ങൾ സുഗമമായി നടത്തികൊണ്ട് പോകുന്നതിന് കഴിയുന്നില്ല. സാമൂഹ്യക്ഷേമ വകുപ്പിനുകീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലേക്കും ആവശ്യമായ പരിചാരകരെ നിയമിക്കുന്നതിനും അന്തേവാസികൾക്കായി മെഡിക്കൽ ടീം, കൗൺസിലിംഗ്, യോഗ തെറാപ്പിസ്റ്റ്, സൈക്കോളജിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് എന്നിവരുടെ സേവനങ്ങൾ ഉൾപ്പെടുത്തി മാതൃകാ സ്ഥാപനങ്ങളായി വികസിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-60-200-72(07)—വയോമിത്രം

കേരളത്തിലെ വയോജനസംഖ്യ മറ്റ് സംസ്ഥാനങ്ങളെക്കാൾ വളരെ വേഗത്തിൽ വളർന്നുകൊണ്ടിരിക്കുന്നു. 65 വയസ്സിനുമുകളിൽ പ്രായമുള്ളവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള പരിപാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഹെൽപ് ഡെസ്ക് സൗകര്യം, പാലിയേറ്റീവ് കെയർ, ആംബുലൻസ് സൗകര്യം, മരുന്ന് തുടങ്ങിയ സൗജന്യസേവനങ്ങൾ ഇതിലൂടെ ലഭ്യമാക്കുന്നു. 14 ജില്ലാ ആസ്ഥാനങ്ങളിലുമുള്ള കോർപ്പറേഷൻ/മുൻസിപ്പൽ പ്രദേശങ്ങളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ നഗരപ്രദേശങ്ങളിലും പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 25 നഗര പ്രദേശങ്ങളിൽ കൂടി ഈ വർഷം തന്നെ പദ്ധതി ആരംഭിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-60-200-72(08)—വിശപ്പുമുക്ത നഗരം

ആഹാരം വേണ്ടവർക്ക് മിതമായ നിരക്കിൽ ഭക്ഷണം നൽകാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. 2009-ൽ കോഴിക്കോട് മെഡിക്കൽ കോളേജ് ആരംഭിച്ച ഈ പദ്ധതി മുഖേന പ്രതിദിനം രണ്ടായിരത്തിലധികം പേർക്ക് സൗജന്യ ഭക്ഷണം നൽകിവരുന്നു. കോഴിക്കോട്, മലപ്പുറം, കൊല്ലം, തിരുവനന്തപുരം നഗരങ്ങളിൽ യഥാക്രമം 2200, 500, 1000, 2500 ഗുണഭോക്താക്കൾക്ക് പ്രതിദിനം ഉച്ചഭക്ഷണം നൽകുന്നതിന്

5 കോടി രൂപ ആവശ്യമാണ്. ആകയാൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 360 ലക്ഷം രൂപകൂടി ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-60-200-72, (10), (12)—കുട്ടികൾക്കുള്ള കോക്ലിയർ ഇംപ്ലാന്റേഷൻ—ശ്രുതിതരംഗം (ഒറ്റത്തവണ അധിക കേന്ദ്ര സഹായം)

ബാല്യത്തിൽ തന്നെ കുട്ടികളുടെ ശ്രവണ വൈകല്യം തിരിച്ചറിഞ്ഞ് അവരെ പുനരധിവസിപ്പിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗമാണ് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ. ഒരു വയസ്സിനും 5 വയസ്സിനും ഇടയിലുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്താനും അവർക്ക് ആഡിറ്ററി വെർബൽ റീഹാബിലിറ്റേഷനുമായാണ് ധനസഹായം നൽകിവരുന്നത്. ഓരോ രോഗിക്കും സർജറിക്കായി 4,56,521 രൂപയും ആഡിറ്ററി വെർബൽ റീഹാബിലിറ്റേഷൻ തെറാപ്പിയ്ക്ക് 50,000 രൂപയും ചെലവ് വരുമെന്ന് കണക്കാക്കുന്നു. 2012-13 സാമ്പത്തിക വർഷത്തിൽ അലോട്ട്മെന്റ് നൽകിയ 56 കോക്ലിയർ ഇംപ്ലാന്റിന്റെ വിലയും ZVT ചാർജ്ജും ഈ സാമ്പത്തിക വർഷത്തിൽ നൽകേണ്ടതുള്ളതിനാലും ഈ വർഷം 200 സർജറികൾ നടത്തേണ്ടതുള്ളതിനാലും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആകയാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-60-200-72(11)—സ്നേഹപൂർവ്വം

ബന്ധുക്കളുടെയൊ കൂട്ടുകാരുടെയൊ കൂടെ വീടുകളിൽ കഴിയുന്നവർക്കും സമൂഹത്തിന്റെ സഹായത്തോടെ കഴിയുന്ന അനാഥർക്കും സഹായം നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഈ പദ്ധതി പ്രകാരം 1 മുതൽ 5 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിമാസം 300 രൂപയും 6 മുതൽ 10 വരെ ക്ലാസ്സുകളിലുള്ളവർക്ക് 500 രൂപയും 11, 12 ക്ലാസ്സുകളിലെ കുട്ടികൾക്ക് പ്രതിമാസം 750 രൂപയും ധനസഹായം നൽകിവരുന്നു. കൂടാതെ ബി.പി.എൽ. കുടുംബങ്ങളിലെ സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ആനുകൂല്യം BPL-ന് പുറമെ നഗരങ്ങളിൽ 22,375 രൂപയും ഗ്രാമങ്ങളിൽ 20,000 രൂപയും വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്കുംകൂടി ആനുകൂല്യം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് നമ്പർ (എംഎസ്.) 06/2013/സാ.നീ.വ. തീയതി 22-1-2013) പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 12.50 കോടി രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-02-103-99—സാമൂഹ്യക്ഷേമ ബോർഡ്

കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന്റെ ഭരണചെലവുകളുടെ 50% തുകയും ചെയർപേഴ്സണ് നൽകേണ്ടതായ ഓണറേറിയത്തിന്റെ 100%-വും സംസ്ഥാന സർക്കാരാണ് വഹിക്കേണ്ടത്. ദൈനംദിന ചെലവുകൾ കാലാനുസൃതമായി കൂടിവരുന്ന സാഹചര്യത്തിൽ പദ്ധതി നടത്തിപ്പിനായി വെബ്സൈറ്റ് ഉൾപ്പെടെയുള്ള ബോർഡിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ ശീർഷകത്തിൽ 11,73,633 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-02-190-98—കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

വികലാംഗരുടെ സമ്പൂർണ്ണ പുനരധിവാസം ലക്ഷ്യമാക്കി കേന്ദ്ര സർക്കാർ ആവിഷ്കരിച്ച ഒരു ബൃഹത്പദ്ധതിയാണ് ദേശീയ വികലാംഗ പുനരധിവാസ പദ്ധതി. വികലാംഗരുടെ സമഗ്രമായ സർവ്വേ നടത്തി അംഗപരിമിതരുടെ സർവ്വതോന്മുഖമായ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി സൗജന്യ ചികിത്സ, വിദ്യാഭ്യാസം, തൊഴിലധിഷ്ഠിത പരിശീലനം, തൊഴിലവസരങ്ങൾ എന്നിവ ലഭ്യമാക്കുന്ന പദ്ധതിയുടെ നടത്തിപ്പിലേക്കായി, കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകൾക്ക് 60 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തികവർഷംതന്നെ ഈ പദ്ധതി സംസ്ഥാനതലത്തിൽ തിരുവനന്തപുരം, പത്തനംതിട്ട, മലപ്പുറം എന്നീ ജില്ല കളിൽ കൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതിനാൽ ഒരു ജില്ലയ്ക്ക് 50 ലക്ഷം രൂപ വീതം 150 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിലെ ജീവനക്കാരിൽ പകുതിയിലേറെപ്പേരും വികലാംഗരാണ്. ഇവർക്ക് ശമ്പളം നൽകുന്നതിനും ഭരണ നിർവ്വഹണ ചെലവുകൾക്കുമുള്ള ഫണ്ടിന് കോർപ്പറേഷൻ വളരെയേറെ ബുദ്ധിമുട്ടു കയാണ്. കോർപ്പറേഷന്റെ ഭരണ നിർവ്വഹണ ചെലവുകൾക്കായി ഏകദേശം 1 കോടി രൂപ ആവശ്യമായിവരുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ നോൺപ്ലാൻ ഇനത്തിൽ 15,00,000 രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-02-190-99(P)—കേരള വനിതാ വികസന കോർപ്പറേഷൻ

വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്ന വിവിധ തുടർപദ്ധതി കൾക്കാണ് ഈ ശീർഷകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. മുന്നോക്ക വിഭാഗങ്ങളിലെ വനിതകൾക്ക് വായ്പ നൽകുന്നതിനായി ദേശീയ കോർപ്പറേഷനിൽ നിന്നും തുകയൊന്നും ലഭിക്കുന്നില്ല. കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിലായി മറ്റ് വിഭാഗങ്ങളിലെ വനിതകൾക്ക് 19.80 കോടി രൂപ വായ്പയായി നൽകിയപ്പോൾ മുന്നോക്ക വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് 2 കോടി രൂപ മാത്രമാണ് വായ്പയായി നൽകാൻ കഴിഞ്ഞത്. ആകയാൽ മുന്നോക്ക വിഭാഗങ്ങളിലെ വനിതകൾക്ക് വായ്പകൾ നൽകുന്നതിലേക്ക് 191 ലക്ഷം രൂപയും കോട്ടയം ജില്ലയിൽ പുതുതായി ഒരു വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ പണിയുന്നതിലേക്കായി 175 ലക്ഷം രൂപയും ഉൾപ്പെടെ ഈ ശീർഷകത്തിൽ 3,66,00,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-02-103-89 (P)—വനിതകൾക്കുവേണ്ടിയുള്ള ഫിനിഷിംഗ് സ്കൂൾ

വനിതകൾക്കുവേണ്ടിയുള്ള ഫിനിഷിംഗ് സ്കൂൾ പദ്ധതി മുഖേന രണ്ട് മാസം ദൈർഘ്യമുള്ള കോഴ്സുകൾ നടപ്പിലാക്കിവരുന്നു നിലവിൽ തിരുവനന്തപുരം, കണ്ണൂർ ജില്ലകളിലാണ് ഫിനിഷിംഗ് സ്കൂളുകൾ ഉള്ളത്. മദ്ധ്യകേരളത്തിൽ ഒരു ഫിനിഷിംഗ് സ്കൂൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ഫിനിഷിംഗ് സ്കൂളുകളുടെ

തുടർ ചെലവുകൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്ത മായതിനാൽ ഈ ശീർഷകത്തിൽ 110 ലക്ഷം രൂപ അധികമായി വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്തു.

2235-02-103-95-34 (P)—സ്റ്റാറ്റ്യൂട്ടറി വിമൻസ് കമ്മീഷൻ

കേരള വനിതാകമ്മീഷന്റെ പ്രവർത്തനങ്ങളിൽ അദാലത്തുകൾ, ഡി.എൻ.എ. ടെസ്റ്റ്, കൗൺസിലിംഗ്, ജാഗ്രതാ സമിതി പരിശീലനം, ഗവേഷണ പഠനങ്ങൾ ഹ്രസ്വകാലവസതി, ശില്പശാലകൾ/സെമിനാർ, സ്ത്രീശക്തി, ന്യൂസ് ലെറ്റർ തുടങ്ങി സ്ത്രീ ശാക്തീകരണത്തിനായി വിപുലമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മേൽപ്പറഞ്ഞ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയി രിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 65 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-02-103-90(03)—സ്ത്രീശാക്തീകരണത്തിനുള്ള സുപ്രധാന പരിപാടി—കേരള വനിതാ കമ്മീഷൻ (ഫ്ളാഗ്ഷിപ്പ് പ്രോഗ്രാം)

കേരള വനിതാ കമ്മീഷന്റെ സ്ത്രീശാക്തീകരണത്തിനുള്ള ഫ്ളാഗ്ഷിപ്പ് പ്രോഗ്രാമിൽ ഡോക്യുമെന്ററി/വീഡിയോ/ഓഡിയോ സ്പോർട്ടുവഴിയുള്ള ബോധവൽക്കരണം, പ്രിന്റ് മീഡിയ വഴിയുള്ള ബോധവൽക്കരണം, മീഡിയാ മോണി റ്ററിംഗ് സെൽ, പ്രീമാരിറ്റൽ കൗൺസലിംഗ് എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നു. മേൽപ്പറഞ്ഞ പ്രോഗ്രാമുകളുടെ സുഗമമായ നടത്തിപ്പിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 26 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2235-60-200-79—1995-ലെ അവശവിഭാഗ ആക്ടിൻ (തുല്യ അവസരങ്ങളും അവകാശ സംരക്ഷണവും പൂർണ്ണപങ്കാളിത്തവും)കീഴിലുള്ള അവശവ്യക്തികളുടെ സംസ്ഥാന കമ്മീഷൻ

34—മറ്റ് ചെലവുകൾ (പ്ലാൻ)

1995-ലെ കേന്ദ്രവികലാംഗ ആക്ട് (തുല്യ അവസരവും അവകാശ സംരക്ഷണവും പൂർണ്ണപങ്കാളിത്തവും) പ്രകാരം രൂപീകൃതമായ അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറേറ്റ് വിവിധ വകുപ്പുകൾ മുഖേന അംഗപരിമിതരുടെ ക്ഷേമത്തിനായി സർക്കാർ നടപ്പിലാക്കിവരുന്ന ക്ഷേമപദ്ധതികൾ ഏകോപിപ്പിക്കുക, അവരുടെ പരാതികൾ കേട്ട് തീർപ്പു കൽപ്പിക്കുക, അംഗപരിമിതർക്കായുള്ള നിയമത്തെപ്പറ്റി വിജ്ഞാനം പകർന്ന് നൽകുക, തൊഴിൽ മേഖലയിൽ സംവരണം ചെയ്തിട്ടുള്ള 1:1:1 അനുപാതം കൃത്യമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക തുടങ്ങി ശ്രേഷ്ഠമായ പരിപാടികൾ നടപ്പിലാക്കിവരുന്നു.

വിവിധ പദ്ധതികളുടെ സുഗമമായ നടത്തിപ്പിനായി മൊത്തം ആവശ്യമായി വരുന്ന 170 ലക്ഷം രൂപയിൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 128 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

നോൺ പ്ലാൻ

സംസ്ഥാന കമ്മീഷണറെ ഗവൺമെന്റ് സെക്രട്ടറിക്ക് തുല്യമായി അംഗീകരിച്ച് സേവന-വേതന വ്യവസ്ഥകൾ നിർണ്ണയിച്ച് 25-2-2013-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ പരിഷ്കരിച്ച രീതിയിൽ ശമ്പളവും ബത്തകളും മെഡിക്കൽ റീഇംബേഴ്സ്മെന്റ്, കമ്മീഷണറുടെയും മറ്റ് ഉദ്യോഗസ്ഥരുടെയും ടൂർ, റ്റി.എ., ഡി.എ., പി.ഒ.എൽ. ചാർജ്ജസ്, ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുടെ വേതനം എന്നിവയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 33 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2013 ഏപ്രിൽ 22-ാം തീയതി ചേരാൻ നിശ്ചയിച്ചിരുന്ന സമിതിയുടെ യോഗം 2013 മേയ് 9-ന് ചേരുന്നതിനും അന്നേദിവസം ചേരാൻ നിശ്ചയിച്ചിരുന്ന യോഗം 2013 മേയ് 15-ന് ചേരുന്നതിനും സമിതി തീരുമാനിച്ചു.

ഉച്ചയ്ക്ക് ശേഷം 12.30-ന് സമിതി യോഗം പിരിഞ്ഞു.

## 2013 മേയ് 9-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി- XIII, 2013 മേയ് 9-ാം തീയതി വ്യാഴാഴ്ച രാവിലെ 11 മണിക്ക് നിയമസഭാ കോംപ്ലക്സിലെ IV-A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനായ ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹു. പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാറും, ബഹു. പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി കുമാരി പി. കെ. ജയലക്ഷ്മിയും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു :

1. ശ്രീ. കെ. എൻ. എ. ഖാദർ, എം.എൽ.എ.
2. „ റ്റി. യു. കുരുവിള, എം.എൽ.എ.
3. „ പുരുഷൻ കടലുണ്ടി, എം.എൽ.എ.
4. ശ്രീമതി കെ. എസ്. സലീഖ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി ജെ. മേരിഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ :

1. ശ്രീ. എം. എ. ഫ്രാൻസിസ്. അഡീഷണൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്.
2. ശ്രീ. നെജിമുദ്ദീൻ, റ്റി. എസ്, അഡീഷണൽ സെക്രട്ടറി, പിന്നോക്ക സമുദായ വികസന വകുപ്പ്.
3. ശ്രീ. എം. എസ്. എബ്രഹാം, ജോയിന്റ് സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്.
4. ശ്രീ. ഇ. കെ. പ്രകാശ്, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യവകുപ്പ്.

സമിതി 2013-2014 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി പട്ടികജാതി-പട്ടികവർഗ്ഗ-മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന ധനാഭ്യർത്ഥന നമ്പർ XXV പരിഗണിക്കുകയും ആവശ്യമായ സന്ദർഭങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും താഴെപ്പറയുന്ന ശുപാർശകളും നിർദ്ദേശങ്ങളും നൽകുകയുമുണ്ടായി:

## പട്ടികജാതി വികസന വകുപ്പ്

2225-01-102-97—പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹ ധനസഹായം

വാർഷിക വരുമാനം 50,000 രൂപ വരെയുള്ള പട്ടിക വിഭാഗത്തിലെ പെൺകുട്ടികളുടെ മാതാപിതാക്കളെ സഹായിക്കുന്നതിനുവേണ്ടി ഓരോ കുടുംബത്തിനും 50,000 രൂപ സാമ്പത്തിക സഹായം നൽകിവരുന്നു. 2011-12 വരെ 2225-01-800-80 ശീർഷകത്തിലും 2012-2013-ൽ 2225-01-800-86 എന്ന ശീർഷകത്തിലുമാണ് തുക വകയിരുത്തിയിരുന്നത്. വിവാഹ ധനസഹായം 20,000 രൂപയിൽ നിന്നും 50,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാലും മുൻവർഷം അനുവദിക്കേണ്ടതായ അപേക്ഷകർക്കായി 3000 ലക്ഷം രൂപ അധികമായി ആവശ്യമുള്ളതിനാലും ഈ സാമ്പത്തിക വർഷത്തിലേക്ക് 1625 ലക്ഷം രൂപ അധികമായി വേണ്ടിവരും എന്നതിനാലും ഈ ശീർഷകത്തിൽ 4625 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-01-277-99-12—മെട്രിക്കുലേഷന് മുമ്പുള്ള പഠനങ്ങൾ—സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റും

പ്രീ മെട്രിക്, സർക്കാർ ഐ.റ്റി.ഐ./ഐ.റ്റി.സി.-കൾ, ഡിപ്പാർട്ട്മെന്റിന്റെ അംഗീകൃത ഐ.റ്റി.ഐ./ഐ.റ്റി.സി., സ്വകാര്യ തൊഴിലധിഷ്ഠിത സ്ഥാപനങ്ങളിലും നോൺ എഞ്ചിനീയറിംഗ് ട്രേഡുകളായ തയ്യൽ, എംബ്രോയിഡറി, കെ.ജി.റ്റി.ഇ. എന്നീ കോഴ്സുകൾ നടത്തുന്ന സ്ഥാപനങ്ങളിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലംപ് സം ഗ്രാന്റ്, നായാടി, വേടൻ, വേട്ടുവൻ തുടങ്ങിയ ഏറ്റവും പിന്നോക്ക ജാതിയിൽപ്പെട്ട പട്ടികജാതി കുട്ടികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റ്, പരാജയപ്പെട്ട പ്രീ മെട്രിക് വിദ്യാർത്ഥികൾക്ക് ലംപ് സം ഗ്രാന്റിന്റെ 50% തുക, എസ്. എസ്. എൽ. സി. പരീക്ഷയിൽ പരാജയപ്പെട്ട പട്ടികജാതി വിദ്യാർത്ഥികൾക്ക് തുടർന്ന് പഠിക്കുന്നതിന് ഒറ്റത്തവണ

ധനസഹായം നൽകുക എന്നിവ ഈ പദ്ധതി ലക്ഷ്യമിടുന്നു. 11-1-2012-ലെ സർക്കാർ ഉത്തരവ് [(എംഎസ്.) 06/12/പ.ജ.പ.വ.വി.വ.] പ്രകാരം ലംപ് സം ഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവയുടെ നിരക്കുകൾ 100%-ൽ അധികം വർദ്ധിപ്പിച്ചിരുന്നു. വർദ്ധിപ്പിച്ച നിരക്കിൽ ആനുകൂല്യങ്ങൾ നൽകുന്നതിനായി മുൻ സാമ്പത്തികവർഷം 31.6 കോടി രൂപ ചെലവായിരുന്നു. ഇതേ നിരക്കിൽ നടപ്പുസാമ്പത്തികവർഷം പ്രസ്തുത ആനുകൂല്യങ്ങൾ നൽകുന്നതിനായി ഈ ശീർഷകത്തിൽ 725 ലക്ഷം രൂപ അധിക മായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-01-277-89—മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ (നോൺ പ്ലാൻ)

വകുപ്പിന്റെ കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ ജീവനക്കാരുടെ ശമ്പളം, വേതനം, യാത്രാബത്ത, ഓഫീസ് ചെലവുകൾ എന്നിവയ്ക്കാണ് ഈ ശീർഷക ത്തിൽ തുക വകയിരുത്തേണ്ടത്. നടപ്പുസാമ്പത്തിക വർഷം ഈ പദ്ധതിക്കായി തുക യൊന്നും വകയിരുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ ഈ ശീർഷകത്തിൽ 5,00,11,000 രൂപ ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-01-283-89—ഭവനരഹിതർക്ക് ഭവനം (പ്ലാൻ)

വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് പുതിയതായി വീട് വയ്ക്കുന്നതിനോ, ഫ്ളാറ്റ് നിർമ്മിക്കുന്നതിനോ സാമ്പത്തിക സഹായം, മുൻവർഷങ്ങളിൽ പാസ്സായ ഭവനപൂർത്തീകരണത്തിനുവേണ്ടിയുള്ള സാമ്പത്തിക സഹായം, പട്ടികജാതി വിഭാഗ ത്തിൽപ്പെട്ടവരും തകർന്ന ഭവനങ്ങളിൽ താമസിക്കുന്നവരുമായ 3000 കുടുംബങ്ങൾക്ക് ഭവനം മെച്ചമാക്കാനും അധിക മുറികൾ നിർമ്മിക്കുന്നതിനും ആവശ്യമായ സഹായം തുടങ്ങിയവ ഈ പദ്ധതി ലക്ഷ്യമിടുന്നു. മുൻവർഷത്തെ മാത്രം 3877 വീടുകൾ പൂർത്തിയാക്കാനുള്ളതിനാലും 2007-2008 മുതൽ 2011-2012 വരെ അനുവദിച്ചതിൽ 7897 വീടുകളുടെ പണി പൂർത്തിയാക്കാനുള്ളതിനാലും ഈ ശീർഷകത്തിൽ 5 കോടി രൂപ കൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

## പട്ടികവർഗ്ഗ വികസന വകുപ്പ്

2225-02-277-88—ട്യൂട്ടോറിയലുകളിൽ പഠിക്കുന്ന കുട്ടികൾക്ക് നൽകുന്ന ഗ്രാന്റ്

വിജയശതമാനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി 8, 9, 10, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ട്യൂട്ടോറിയലുകളിൽ അയച്ച് ട്യൂഷൻ പഠിപ്പിക്കുന്നതിന് ട്യൂഷൻ ഫീസ്, എസ്. എസ്. എൽ. സി., പ്ലസ് ടു, ഡിഗ്രി എന്നിവ പരാജിതരായവർക്ക് ട്യൂട്ടോറിയലുകളിൽ ചേർന്ന് പഠിക്കുന്നതിനുള്ള ധനസഹായം, ഗിരിവികാസ്, ഗുരുകുലം പ്രോജക്ടുകളുടെ നടത്തിപ്പ്, എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകൾക്ക് മുമ്പുള്ള റസിഡൻഷ്യൽ ക്യാമ്പ്, പ്രീ മെട്രിക് ഹോസ്റ്റലുകളിലെ പാർട്ട്-ടൈം ട്യൂട്ടർമാർക്കുള്ള ഓണറേറിയം മുതലായവ നൽകുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. 2012-13 സാമ്പത്തികവർഷത്തെ മുഴുവൻ തുകയും ചെലവഴിക്കുകയും 25 ലക്ഷം രൂപ കുടിശ്ശിക ഉണ്ടാകുകയും ചെയ്ത സാഹചര്യത്തിൽ,

കുടിശ്ശിക കൊടുത്ത് തീർക്കുന്നത് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി ഈ ശീർഷകത്തിൽ 55 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-277-49—അശ്രാമം സ്കൂൾ/മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവയുടെ നടത്തിപ്പ്

34—മറ്റു ചെലവുകൾ

പട്ടികവർഗ്ഗ വികസന വകുപ്പിൻകീഴിൽ 18 അശ്രാമം മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. നടപ്പുവർഷം തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ, കണ്ണൂർ ജില്ലയിലെ ആറളം എന്നിവിടങ്ങളിൽ പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിനും കാസർഗോഡ് കൊറഗ വിഭാഗത്തിനായി അനുവദിച്ച അശ്രാമം സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനും, റസിഡൻഷ്യൽ സ്കൂളുകളിലെ കുട്ടികൾക്ക് മെസ്ച്ചാർജ്ജ് ഒഴികെയുള്ള മറ്റ് ചെലവുകളിൽ വർദ്ധനവ് വരുത്തുമ്പോഴുണ്ടാകുന്ന അധികച്ചെലവ് വഹിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 5 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-277-42—യുവതികൾക്ക് ഓട്ടോറിക്ഷ അനുവദിക്കലും പരിശീലനവും

സംസ്ഥാനത്തെ തൊഴിൽരഹിതരായ പട്ടികവർഗ്ഗ യുവതികൾക്ക് സൗജന്യമായി ഓട്ടോറിക്ഷാവിതരണവും പരിശീലനവും നൽകുന്നതിനായാണ് ഈ ശീർഷകത്തിൽ തുക വകകൊള്ളിച്ചിരിക്കുന്നത്. കഴിഞ്ഞ സാമ്പത്തികവർഷം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 500 ഓട്ടോറിക്ഷ വിതരണവുമായി ബന്ധപ്പെട്ട നടപടികളുമായി വകുപ്പ് മുന്നോട്ട് പോകുകയാണ്. കൂടാതെ ഈ സാമ്പത്തികവർഷം 200 പേർക്ക് കൂടി അധികമായി ഈ ആനുകൂല്യം നൽകുന്നതിന് ലക്ഷ്യമിടുന്നു. ഈ ആവശ്യത്തിലേക്കായി ആകെ 9,55,15,000 രൂപ ആവശ്യമാണ്. ആയതിനാൽ, ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 6,27,15,000 രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-277-40-03—സ്കൂൾ, കോളേജ് തലത്തിലെ വിദ്യാർത്ഥികൾക്ക് പഠനയാത്രക്കുള്ള ധനസഹായം

പഠനത്തിൽ മികവ് പുലർത്തുന്ന പ്ലസ് ടു, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ ഡിഗ്രി, ഡിപ്ലോമ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങൾവഴി വിനോദയാത്രയും പഠനയാത്രയും നടത്തുന്നതിനുവേണ്ടിയുള്ള സാമ്പത്തിക സഹായം നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു. പട്ടികവർഗ്ഗ വിഭാഗത്തിലെ മിടുക്കരായ 30 ആൺകുട്ടികളെയും 30 പെൺകുട്ടികളെയും ഉൾപ്പെടുത്തിയാണ് പഠനയാത്ര സംഘടിപ്പിക്കുന്നത്. ടി കുട്ടികളുടെയും അവരെ അനുഗമിക്കുന്നവരുടെയും യാത്രാച്ചെലവ്, ഭക്ഷണം, താമസം, മറ്റ് ചെലവുകൾ എന്നിവയ്ക്കാണ് ഈ ശീർഷകത്തിൽ തുക വകകൊള്ളിച്ചിരിക്കുന്നത്. നിലവിൽ ട്രെയിൻ യാത്രയാണ് ഈ പദ്ധതിപ്രകാരം ക്രമീകരിച്ചിട്ടുള്ളത്. വരുംവർഷങ്ങളിൽ ഒരു ഭാഗമെങ്കിലും വിമാനയാത്ര നിശ്ചയിച്ചുനൽകുന്നത് കുട്ടികൾക്ക്

പുതിയൊരനുഭവമായി മാറുന്നതാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-794-98—ഗിരിവർഗ്ഗ പ്രദേശ വികസനത്തിനുവേണ്ടിയുള്ള പ്രത്യേക ധനസഹായം

പട്ടികവർഗ്ഗക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള സാമ്പത്തികോന്നമന പരിപാടികളാണ് ഈ പദ്ധതിയനുസരിച്ച് നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്ത് പട്ടികവർഗ്ഗ വികസന ഉപപദ്ധതിക്ക് സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 25% നീക്കിവച്ചിട്ടുള്ളതിനാലും അതിന്റെ ഫലപ്രദമായ വിനിയോഗ ത്തിന് അംഗീകാരമായി കേന്ദ്രസർക്കാരിൽ നിന്നും പ്രോത്സാഹനമായി ലഭിച്ച 92 ലക്ഷം രൂപയ്ക്കായുള്ള അനുമതി 2011-2012, 2012-2013 സാമ്പത്തികവർഷങ്ങളിലെ ധനാഭ്യർത്ഥനകളിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും പ്രസ്തുത തുക അനുവദിച്ച് നൽകാതിരുന്നതിനാൽ വിനിയോഗിക്കുന്നതിന് കഴിഞ്ഞില്ല. ആയതിനാൽ, 2013-2014 സാമ്പത്തികവർഷത്തിൽ ഈ തുക വിനിയോഗിക്കുന്ന തിനുവേണ്ടി ഈ ശീർഷകത്തിൽ 92 ലക്ഷം രൂപ ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-800-68—അതിക്രമം തടയുന്നതിനുവേണ്ടിയുള്ള സ്കീം നടപ്പാക്കൽ (50% കേന്ദ്രസഹായം)

പട്ടികവർഗ്ഗക്കാർക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക, അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. അതിക്രമങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ നിയമസഹായം, ധനസഹായം, ആശ്രിതർക്കുള്ള ധനസഹായം, വീടുകൾ, കിണറുകൾ, ഭൂമി എന്നിവ നഷ്ടമാകുന്ന കേസുകളിൽ അവ പുനഃസ്ഥാപിക്കുന്നതിനുള്ള ധനസഹായം, കുട്ടികൾക്കുള്ള സൗജന്യ വിദ്യാഭ്യാസം തുടങ്ങി വിവിധ പുനരധിവാസ പദ്ധതി കൾക്കാണ് തുക വകയിരുത്തിയിരിക്കുന്നത്. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾക്കായി നടപ്പുസാമ്പത്തികവർഷം ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്ത മായതിനാൽ ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-800-20—ഏറ്റവും പിന്നോക്കമായ വർഗ്ഗക്കാരുടെ അടിസ്ഥാനസൗകര്യങ്ങളുടെ പുരോഗതി (ഒറ്റത്തവണ അധിക കേന്ദ്രസഹായം)

2011-2012 സാമ്പത്തികവർഷം സംസ്ഥാന പദ്ധതിയുടെ അടങ്കൽത്തുക അധികരിച്ചതിനനുസൃതമായി പട്ടികവർഗ്ഗ ഉപപദ്ധതിയിൽ വന്ന വർദ്ധനവിന് ലഭിച്ച ഒറ്റത്തവണയായുള്ള അധിക കേന്ദ്ര സഹായമായി 420 ലക്ഷം രൂപ ഉപധനാഭ്യർത്ഥ നയിലൂടെ ലഭിച്ചിട്ടുണ്ട്. അധികകേന്ദ്രസഹായമായി ലഭിച്ച തുകയിൽ അവശേഷിക്കുന്ന 269.58 ലക്ഷം രൂപ ഈ സാമ്പത്തികവർഷംതന്നെ ഉപയോഗിക്കുന്നതിനായി പ്രസ്തുത തുക ഉപധനാഭ്യർത്ഥനയിലൂടെ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

നോൺ പ്ലാൻ

2225-02-800-90—മിശ്രവിവാഹങ്ങൾ

മിശ്രവിവാഹിതർക്ക് ധനസഹായം നൽകുന്നതിനായി ധാരാളം അപേക്ഷകൾ ലഭിക്കുന്നതിനാൽ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആകയാൽ ഈ ശീർഷകത്തിൽ 24 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-277-94—ഗിരിവർഗ്ഗ ഹോസ്റ്റൽ

34—മറ്റുചെലവുകൾ

പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രീ മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് അനുവദിച്ചിരിക്കുന്ന മെസ് ചാർജ്ജ് ഒഴികെയുള്ള അലവൻസുകൾ നിലവിലുള്ള നിരക്കിൽ നിന്നും 50% വർദ്ധിപ്പിക്കുന്നതിനും, പ്രീ മെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിലെ മെസ് ചാർജ്ജ് 1,300 രൂപയിൽ നിന്നും 2,000 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിട്ടുള്ളതിനാലും, പാചക സിലിണ്ടറുകളുടെ വിലവർദ്ധനവിന്റെ പശ്ചാത്തലത്തിലും ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാലും ഈ ശീർഷകത്തിൽ 150 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-277-89—നഴ്സറി സ്കൂൾ

34—മറ്റുചെലവുകൾ

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ 14 നഴ്സറി സ്കൂളുകൾ പ്രവർത്തിച്ച് വരുന്നു. ഈ സ്കൂളുകൾ 1995-96-ൽ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയെങ്കിലും നഴ്സറി സ്കൂൾ ടീച്ചർ, ആയ എന്നിവരുടെ ശമ്പളവും മറ്റ് അലവൻസുകളും, കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള ചെലവും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നുമാണ് നൽകുന്നത്. 2012-2013-ൽ പി. എസ്. സി. വഴി അധ്യാപക നിയമനം നടക്കാത്തതിനാൽ കരാർ അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിക്കേണ്ടി വന്നതിനാലും അവരുടെ കുടിശ്ശിക ശമ്പളം നൽകേണ്ടതിനാലും ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. കുടിശ്ശിക തുക കൊടുത്തുതീർക്കുന്നതിനും സാധനങ്ങളുടെ വിലക്കയറ്റംമൂലമുണ്ടാകുന്ന അധിക ചെലവ് വഹിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 2 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-277-47—വ്യാവസായിക പരിശീലന കേന്ദ്രങ്ങൾ

06—വാടക, കരം, നികുതി

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാങ്കേതിക തൊഴിലുകളിൽ പരിശീലനം നൽകുന്നതിനുവേണ്ടി തയ്യൽ പരിശീലനകേന്ദ്രങ്ങൾ, മാതൃകാ പരിശീലന കേന്ദ്രങ്ങൾ തുടങ്ങി 12 സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. പരിശീലന കേന്ദ്രങ്ങൾക്ക് മുൻവർഷങ്ങളിലെ കുടിശ്ശികയായി 6.5 ലക്ഷം രൂപ നൽകേണ്ടതിനാലും

നടപ്പുവർഷത്തെ വാടക നൽകുന്നതിനായി 3.5 ലക്ഷം രൂപകൂടി ആവശ്യമായ തിനാലും ഈ ശീർഷകത്തിൽ 8 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

## ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ

2013-2014 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയ താഴെപ്പറയുന്ന പദ്ധതികൾക്കായി ശീർഷകവും തുകയും വകയിരുത്തേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്തു.

കണ്ണൂർ ജില്ലയിലെ ആറളത്ത് പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഒരു മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിന്റെ പ്രാരംഭച്ചെലവുകൾക്കായി 1 കോടി രൂപ പ്രത്യേക ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

അട്ടപ്പാടിയിൽ അഗളി കേന്ദ്രമാക്കി പെൺകുട്ടികൾക്കായി ഒരു ഹോസ്റ്റൽ സ്ഥാപിക്കുന്നതിന്റെ പ്രാരംഭച്ചെലവുകൾക്കായി 30 ലക്ഷം രൂപ പ്രത്യേക ശീർഷക ത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

പട്ടികവർഗ്ഗക്കാർക്കിടയിൽ ധാരാളം വംശീയ വൈദ്യന്മാരുണ്ട്. ഇവർക്ക് ഇപ്പോഴത്തെ ജോലി തുടർന്ന് നടത്തുന്നതിനും ഗവേഷണങ്ങൾ നടത്തുന്നതിനുമായി വർഷത്തിൽ 10,000 രൂപ വീതം ധനസഹായം നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്ന തിനാൽ 25 ലക്ഷം രൂപ പ്രത്യേക ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

തൊഴിലില്ലാത്ത അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കളിൽ 1000 പേർക്ക് സ്വയംതൊഴിലിലൂടെ ജീവനോപാധി കണ്ടെത്തുന്നതിന് ധനസഹായം നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. ഫോട്ടോകോപ്പി മെഷീൻ സ്ഥാപിക്കൽ, ഡി.റ്റി.പി. സെന്റർ, തയ്യൽ യൂണിറ്റുകൾ തുടങ്ങിയവയ്ക്കായി പരമാവധി 1 ലക്ഷം രൂപവീതം ധനസഹായം നൽകുന്നതിനായി 50 ലക്ഷം രൂപ പ്രത്യേക ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-80-195-99-31—പട്ടികജാതി-പട്ടികവർഗ്ഗ വികസന സഹകരണ സ്ഥാപനങ്ങളുടെ സംസ്ഥാന ഫെഡറേഷൻ (100% കേന്ദ്രാവിഷ്കൃതം)

കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന ഫെഡറേഷന്റെ അംഗ സംഘങ്ങളിലെ 8000-ൽ അധികംവരുന്ന പട്ടികവർഗ്ഗകുടുംബങ്ങൾക്ക് വനവിഭവങ്ങൾ ശേഖരിക്കുന്നതിലൂടെ തൊഴിൽ നൽകുന്നതിനും, വനവിഭവ ശേഖരണത്തിനായി ഫെഡറേഷൻ അംഗസംഘങ്ങൾക്ക് നൽകിയിട്ടുള്ള സാമ്പത്തിക സഹായം തിരികെ ഫെഡറേഷന് ലഭിക്കാത്തതിനാലുള്ള പ്രവർത്തന നഷ്ടം നികത്തുന്നതിനും പട്ടികവർഗ്ഗ സംഘങ്ങളുടെ മേൽനോട്ടത്തിൽ വിവിധതരം ഔഷധച്ചെടികൾ വളർത്തുന്നതിന് സംഘങ്ങൾക്ക് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും, ഫെഡറേഷന്റെ ഔഷധ നിർമ്മാണ യൂണിറ്റായ ആയുർധാരയുടെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്ന തിനും വേണ്ടി ഈ ശീർഷകത്തിൽ 625 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-80-800-96—(നോൺ പ്ലാൻ)—കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗവിഭാഗ ത്തിനുള്ള കമ്മീഷൻ

2012 ജനുവരി 4-ന് അധികാരമേറ്റ കമ്മീഷന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദ മാക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. കമ്മീഷന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി ആകെ 95 ലക്ഷം രൂപ അധികമായി ആവശ്യമുള്ളതിനാൽ അത്രയും തുക ഈ ശീർഷകത്തിൽ അധികമായി വകയിരുത്തണ മെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-794-92—പ്രാചീന വർഗ്ഗക്കാരുടെ പുരോഗതിക്കുവേണ്ടിയുള്ള 100% കേന്ദ്ര വിഹിതം

പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ ഉന്നമനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പിന് കേന്ദ്രസർക്കാരിന്റെ 100% ധനസഹായത്തിൽ ഉൾപ്പെടുത്തി 2009-10, 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലായി കൺസർവേഷൻ-കം-ഡെവലപ്മെന്റ് പ്ലാൻ എന്ന ശീർഷകത്തിൽ 12.10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക മുഴുവനും അടിയന്തരമായി നടപ്പുസാമ്പത്തികവർഷം തന്നെ ചെലവഴിക്കുകയാണെങ്കിൽ മാത്രമേ 12-ാം പഞ്ചവത്സര പദ്ധതി കാലയളവിലെ സി.സി.ഡി. പ്ലാൻ വിഹിതം ലഭ്യമാകുകയുള്ളൂ. 2013-14 സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ 1,000 രൂപ ടോക്കൺ പ്രൊവിഷനായി ഉൾപ്പെടുത്തിയിട്ടുണ്ട്. ആകയാൽ 2013-14 സാമ്പത്തികവർഷത്തെ ആദ്യ ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി 12.10 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പിന് അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-02-800-21—പതിമൂന്നാം ധനകാര്യകമ്മീഷൻ അവാർഡ്

13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് കേരളത്തിലെ പ്രത്യേക ദുർബ്ബല ഗോത്രവർഗ്ഗ വിഭാഗക്കാരുടെ സർവ്വതോമുഖമായ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ അനുവദിച്ച 74 കോടി രൂപയിൽ 2011-12 വർഷം പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാരുടെ പുനരധിവാസ വികസനമിഷൻ അക്കൗണ്ടിൽ നിക്ഷേപിച്ച 7 കോടി രൂപയും അഹാഡ്സിനനുവദിച്ച 16 കോടി രൂപയിൽ ചെലവഴിക്കാതെ വന്ന 99,35,000 രൂപയും ഉൾപ്പെടെ 7,99,35,000 രൂപ, ഈ വർഷത്തെ ബഡ്ജറ്റ് വിഹിതത്തോടൊപ്പം വികസനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്നതിന് ലക്ഷ്യമിടുന്നു. കാസർഗോഡ് ജില്ലയിലെ കൊറഗർ, വയനാട്, കോഴിക്കോട് ജില്ലകളിലെ കാട്ടുനായ്ക്കർ, മലപ്പുറം ജില്ലയിലെ ചോലനായ്ക്കർ, പാലക്കാട്, അട്ടപ്പാടി മേഖലയിലെ കുറുമ്പർ, പാലക്കാട്, തൃശൂർ ജില്ലകളിലെ കാടർ തുടങ്ങിയ അതീവ ദുർബ്ബല ഗോത്രവർഗ്ഗക്കാരുടെ ഉന്നമനത്തിന് 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് തുക ഉപയോഗിച്ച് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കായി 4843.60 ലക്ഷം രൂപകൂടി ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തി അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

4225-01-190-99—കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന് ഓഹരി മൂലധനം (51% സംസ്ഥാന വിഹിതം)

4225-02-190-99—പട്ടികവർഗ്ഗ വികസന പരിപാടികൾ ഏറ്റെടുക്കുന്നതിനായി കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കോർപ്പറേഷന് (ഓഹരി മൂലധനം 49% കേന്ദ്രസഹായം)

കോർപ്പറേഷന് ഗുണഭോക്താക്കളുടെ ആവശ്യങ്ങൾക്ക് അനുസൃതമായി കൃഷിഭൂമി വായ്പ, സ്വയംതൊഴിൽ വായ്പ, വിവാഹവായ്പ തുടങ്ങിയവ നൽകുന്നതിനായി എസ്. സി. പി. ഇനത്തിൽ 970 ലക്ഷം രൂപയും റ്റി. എസ്. പി. ഇനത്തിൽ 30,60,000 രൂപയും അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

**പിന്നോക്കസമുദായ വികസന വകുപ്പ്**

2225-03-277-92—മറ്റു പിന്നോക്ക വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ് (50% കേന്ദ്രസഹായം)

മാതാപിതാക്കളുടെ വാർഷിക വരുമാനം 44,500 രൂപയിൽ കുറവുള്ള മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പാണിത്. സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന 6 ലക്ഷത്തിൽപ്പരം അർഹരായ കുട്ടികളിൽ പകുതിയിൽത്താഴെ കുട്ടികൾക്ക് മാത്രമേ 2012-13 സാമ്പത്തിക വർഷം സ്കോളർഷിപ്പ് അനുവദിക്കുവാൻ സാധിച്ചിട്ടുള്ളൂ. 2013-2014 സാമ്പത്തിക വർഷം അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും സ്കോളർഷിപ്പ് നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 28 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

പിന്നോക്ക വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിൽ കേന്ദ്രസർക്കാരിന്റെ നിലവിലുള്ള മാനദണ്ഡങ്ങളിൽ സംസ്ഥാനം മാറ്റം വരുത്തിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഇത് ശരിയായ നടപടിയല്ലായെന്ന് നിരീക്ഷിക്കുന്നതോടൊപ്പം കേന്ദ്രസർക്കാരിന്റെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താതെ തന്നെ അർഹരായ കൂടുതൽ കുട്ടികൾക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സർക്കാർ തലത്തിൽ കൈക്കൊള്ളേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്തു.

2225-03-800-99—പിന്നോക്ക വിഭാഗക്കാർക്കുള്ള സംസ്ഥാനക്കമ്മീഷൻ

പിന്നോക്ക വിഭാഗക്കാർക്കുള്ള കേരള സംസ്ഥാന കമ്മീഷനിൽ വെബ് പോർട്ടൽ ആരംഭിക്കുന്നതിനും കമ്മീഷൻ അംഗങ്ങൾക്ക് ഔദ്യോഗിക വാഹനം വാങ്ങുന്നതിനുമായി ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

2225-03-800-81—(നോൺ പ്ലാൻ)—ഒ.ബി.സി.-ക്കുള്ള അഡ്വക്കേറ്റ് ഗ്രാന്റ്

പിന്നോക്ക സമുദായങ്ങളിലെ നിയമ ബിരുദധാരികളെ ജൂഡീഷ്യൽ ഓഫീസർമാരായി ഉയർത്തുന്നതിന് പ്രോത്സാഹനം നൽകുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. കഴിഞ്ഞവർഷം തെരഞ്ഞെടുക്കപ്പെട്ടവർക്ക് രണ്ടാം വർഷവും ആനുകൂല്യം നൽകുന്ന തിനും പുതിയ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനുമായി ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂവെന്നതിനാൽ ഈ ശീർഷക ത്തിൽ 15 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

ഉച്ചയ്ക്കു 12 മണിക്ക് സമിതി യോഗം പിരിഞ്ഞു.

## 2013 മേയ് 15-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2013 മേയ് 15-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ IV-B കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുമായ ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ ബഹുമാനപ്പെട്ട പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാറും, പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി കുമാരി പി. കെ. ജയലക്ഷ്മിയും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. കെ. എൻ. എ. ഖാദർ, എം. എൽ. എ.
2. ശ്രീമതി കെ. എസ്. സലീഖ, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി.
2. ശ്രീമതി ജെ. മേരിഗ്രേസി, ഡെപ്യൂട്ടി സെക്രട്ടറി.
3. ശ്രീ. കെ. ജി. ത്രിദീപ്, അണ്ടർ സെക്രട്ടറി.

സമിതി 2013-2014 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ടും, 2012 ഏപ്രിൽ 1 മുതൽ 2013 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടിന്റെ കരടും പരിഗണിക്കുകയും ഭേദഗതി കൂടാതെ അംഗീകരിക്കുകയും ചെയ്തു.

കൂടാതെ, '2235-60-200-89—അകാല ചരമം പ്രാപിച്ച മന്ത്രിമാരുടെ കുടുംബങ്ങൾക്ക് സഹായം' എന്ന ബഡ്ജറ്റ് ഹെഡ്ഡിലെ 'അകാല ചരമം പ്രാപിച്ച മന്ത്രിമാരുടെ' എന്ന വാക്കുകൾക്കു പകരം `മന്ത്രിയായിരിക്കെ ചരമമടഞ്ഞവരുടെ' എന്ന വാക്കുകൾ ഉൾപ്പെടുത്തുന്നതാണ് ഉചിതമെന്ന് അഭിപ്രായപ്പെടുകയും ഏത്

സാഹചര്യത്തിലാണ് 'അകാല ചരമം പ്രാപിച്ച' എന്ന വാക്കുകൾ ഉപയോഗി ക്കേണ്ടിവന്നതെന്ന് ബന്ധപ്പെട്ട വകുപ്പിനോടാരായാനും സമിതി നിർദ്ദേശിക്കുക യുണ്ടായി. പ്രസ്തുത സമിതി നിർദ്ദേശം വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുകയുണ്ടായി.

ഉച്ചയ്ക്കുശേഷം 3.00 മണിക്ക് സമിതി യോഗം പിരിഞ്ഞു.

## 2013 ജൂലൈ 9-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി—XIII, 2013 ജൂലൈ 9-ാം തീയതി ചൊവ്വാഴ്ച ഉച്ചയ്ക്ക് ശേഷം 12.20 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V D കോൺഫറൻസ് ഹാളിൽ യോഗം ചേർന്നു. ചെയർമാൻ ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രസ്തുത യോഗത്തിൽ താഴെപ്പറയുന്ന അംഗങ്ങളും സന്നിഹിതരായിരുന്നു:

1. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.
2. ,, കെ. എൻ. എ. ഖാദർ, എം.എൽ.എ.
3. ,, റ്റി. യു. കുരുവിള, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീ. എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി.
2. ,, ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി.
3. ,, സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീമതി സുമന എൻ. മേനോൻ, സെക്രട്ടറി, പട്ടികജാതി വികസന വകുപ്പ്.
2. ശ്രീ. എം. എ. ഫ്രാൻസിസ്, അഡീഷണൽ സെക്രട്ടറി, പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പ്.
3. ശ്രീ. എസ്. എം. ആരിഫ്, എം. ഡി., കെ. എസ്. ഡബ്ല്യൂ. ഡി. സി.
4. ശ്രീ. എ. കെ. ഷാജി, എം. ഡി., കെ. എസ്. എച്ച്. ഡി. ഡബ്ല്യൂ. സി.

സമിതി ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളിൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ, സമിതിക്കുള്ള കുറിപ്പുകൾ, 2012-13 സാമ്പത്തികവർഷത്തെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നിവ താഴെപ്പറയും പ്രകാരം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു:

I. **സമിതിക്കുള്ള കുറിപ്പ്**

(എ) കേരള ഷെഡ്യൂൾഡ് ട്രൈബ് ഡെവലപ്മെന്റ് സബോർഡിനേറ്റ് സർവ്വീസ് (അമന്റ്മെന്റ്) റൂൾ, 2002
(ഫയൽ നമ്പർ 11113/സബ്.സി.ജി2/2011/ലെജി.)

പ്രസ്തുത വിഷയം സമിതിയുടെ അടുത്ത യോഗത്തിൽ പരിഗണിക്കുന്നതിനായി മാറ്റിവച്ചു.

(ബി) 2010-11, 2011-12 സാമ്പത്തികവർഷങ്ങളിലെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ട് ലഭ്യമായിട്ടില്ല എന്നത് സംബന്ധിച്ച്

പട്ടികജാതി വികസന വകുപ്പിന്റെ 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ടുകൾ നിരവധി കത്തുകളും ഓർമ്മക്കുറിപ്പുകളും അർദ്ധ ഔദ്യോഗിക കത്തുകളും വകുപ്പിലേക്ക് അയച്ചിട്ടും ലഭ്യമാക്കിയിട്ടില്ല എന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് വേണ്ടിയുള്ളതായിരുന്നു പ്രസ്തുത കുറിപ്പ്.

എന്നാൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ 4-7-2013-ലെ 7740/ബി2/2013/പജപവവിവ. നമ്പർ കത്ത് പ്രകാരം 2010-11, 2011-12 സാമ്പത്തിക വർഷങ്ങളിലെ ആന്വൽ പെർഫോർമൻസ് റിപ്പോർട്ടുകൾ 4-7-2013-ന് ലഭിക്കുകയും 8-7-2013-ന് സഭയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു.

II. **ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടുകളിലെ ശുപാർശകളിൽ വകുപ്പ് സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സംബന്ധിച്ച വിവരം**

(എ) പട്ടികജാതി വികസന വകുപ്പ്
2007-08-ലെ രണ്ടാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 600/സബ്.സി.ജി2/2011/ലെജി.)
ഖണ്ഡിക നമ്പർ 107 അംഗീകരിച്ചു.

(ബി) പട്ടികവർഗ്ഗ വികസന വകുപ്പ്

2012-13-ലെ രണ്ടാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 3084/സബ്.സി.ജി2/2012/ലെജി.)
ഖണ്ഡിക നമ്പർ 42, 43, 44 അംഗീകരിച്ചു.

(സി) <u>സാമൂഹ്യനീതി വകുപ്പ്</u>

(1) 2007-08-ലെ രണ്ടാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 600/സബ്.സി.ജി2/2011/ലെജി.)
ഖണ്ഡിക നമ്പർ 145 അംഗീകരിച്ചു.

(2) 2008-09-ലെ മൂന്നാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 11210 /സബ്.സി.ജി2/2011/ലെജി.)
ഖണ്ഡിക നമ്പർ 150, 158, 159 അംഗീകരിച്ചു.

(3) 2012-13-ലെ രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 3084/സബ്.സി.ജി2/2012/ലെജി.)
ഖണ്ഡിക നമ്പർ 67, 68 അംഗീകരിച്ചു.

(ഡി) <u>പൊതുഭരണ (സൈനികക്ഷേമ) വകുപ്പ്</u>

2008-09-ലെ മൂന്നാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 11210/സബ്.സി.ജി2/2011/ലെജി.)
ഖണ്ഡിക നമ്പർ 163, 164 അംഗീകരിച്ചു.

2012-13 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. എന്നാൽ, 9-7-2013 മുതൽ നടപ്പ് സഭാസമ്മേളനം അനിശ്ചിത കാലത്തേക്ക് പിരിഞ്ഞതിനാൽ പ്രസ്തുത റിപ്പോർട്ട് സഭയിൽ സമർപ്പിക്കുവാൻ സാധിക്കാത്തതിനാൽ നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) ഇളവ് ചെയ്തുകൊണ്ട് അടുത്ത സഭാസമ്മേളനകാലത്ത് റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിന് ബഹു. സ്പീക്കറിൽ നിന്നും അനുമതി നേടാനും സമിതി നിർദ്ദേശിച്ചു.

ഉച്ചയ്ക്ക് ശേഷം 12.45-ന് സമിതി യോഗം പിരിഞ്ഞു.

## 2013 ആഗസ്റ്റ് 21-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി—XIII, 2013 ആഗസ്റ്റ് മാസം 21 -ാം തീയതി ബുധനാഴ്ച ഉച്ചയ്ക്ക് ശേഷം 2 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V D കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുമായ ഡോ. എം. കെ. മുനീറിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു. തദവസരത്തിൽ താഴെപ്പറയുന്ന അംഗങ്ങളും ഹാജരായിരുന്നു:

<u>ഹാജരായ അംഗങ്ങൾ:</u>

1. ശ്രീ. അൻവർ സാദത്ത്, എം. എൽ. എ.
2. ,, റ്റി. യു. കുരുവിള, എം. എൽ. എ.
3. ,, പുരുഷൻ കടലുണ്ടി, എം. എൽ. എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

1. ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി
3. ,, സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. വി. എസ്. ഗോവിന്ദൻ നമ്പൂതിരി, അഡീഷണൽ സെക്രട്ടറി, സാമൂഹ്യ നീതി വകുപ്പ്.
2. ശ്രീ. വി. എൻ. ജിതേന്ദ്രൻ, ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്.

സമിതി, ജുവനൈൽ ജസ്റ്റീസ് ആക്ടിൻ കീഴിലുള്ള ജുവനൈൽ ഭവനങ്ങളുടെ പ്രവർത്തനങ്ങൾ, കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനുള്ള രാജീവ് ഗാന്ധി പദ്ധതി—സബ്‌ലയുടെ പ്രവർത്തനപുരോഗതി എന്നീ വിഷയങ്ങൾ ചർച്ച ചെയ്തു.

സംസ്ഥാനത്തെ ജുവനൈൽ ഹോമുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് താഴെപ്പറയുന്ന വിവരങ്ങൾ ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിച്ചു:

ജുവനൈൽ ജസ്റ്റീസ് ആക്ട് അനുസരിച്ച് പരിപാലനവും പരിരക്ഷയും ആവശ്യമുള്ള കുട്ടികളാണ് ജുവനൈൽ ഹോമുകളിൽ എത്തുന്നത്. പ്രത്യേക ശ്രദ്ധയും പരിചരണവും ആവശ്യമുള്ള 18 വയസ്സുവരെയുള്ള കുട്ടികളെ താമസിപ്പിക്കുന്ന സ്ഥലമാണ് ചിൽഡ്രൻസ് ഹോം. ഇത്തരം കുട്ടികളെ കണ്ടെത്തുന്നത് ശിശുക്ഷേമ സമിതികളാണ്. എല്ലാ ജില്ലകളിലും ശിശുക്ഷേമ സമിതികൾ നിലവിലുണ്ട്. ശിശുക്ഷേമ സമിതി റഫർ ചെയ്യുന്ന കുട്ടികളെ ചിൽഡ്രൻസ് ഹോമുകളിൽ പ്രവേശിപ്പിക്കുന്നു. ഹൈക്കോടതി ജഡ്ജി അധ്യക്ഷനായ ഒരു കമ്മിറ്റിയാണ് ശിശുക്ഷേമ സമിതിയിലെ അംഗങ്ങളെ നിയമിക്കുന്നത്. നിലവിൽ ഓരോ സമിതിയിലും മൂന്ന് അംഗങ്ങൾ വീതമാണുള്ളത്.

ഒരു കുട്ടിയെ ബാലമന്ദിരത്തിൽ പ്രവേശിപ്പിക്കണമെങ്കിൽ ആദ്യം അതാത് ജില്ലയിലെ ശിശുക്ഷേമ സമിതി മുമ്പാകെ ഹാജരാക്കുന്നു. തുടർന്ന് ശിശുക്ഷേമ സമിതിയാണ് കുട്ടിയെ ബാലമന്ദിരത്തിലേക്ക് റഫർ ചെയ്യുന്നത്. മാതാപിതാക്കൾക്ക് കുട്ടിയെ വീട്ടിൽ നിർത്തിവളർത്താൻ കഴിയാത്ത സാഹചര്യങ്ങളിൽ കുട്ടിയെ ശിശുക്ഷേമ സമിതി മുമ്പാകെ ഹാജരാക്കി ബാലമന്ദിരങ്ങളിൽ പ്രവേശിപ്പിക്കുന്നതിനുള്ള അനുമതി നേടുന്നു. ഇപ്പോഴുള്ള അന്തേവാസികളിൽ അധികവും ഇത്തരത്തിലുള്ള കുട്ടികളാണ്.

ബാലമന്ദിരങ്ങളെ ചിൽഡ്രൻസ് ഹോം, ആഫ്റ്റർ കെയർ ഹോം, ഒബ്സർവേഷൻ ഹോം ആന്റ് സ്പെഷ്യൽ ഹോം എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു. സംസ്ഥാനത്ത് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ബാലമന്ദിരങ്ങളാണുള്ളത്. ആൺകുട്ടികൾക്കുവേണ്ടി 12-ഉം പെൺകുട്ടികൾക്കുവേണ്ടി 2-ഉം ചിൽഡ്രൻസ് ഹോമുകളുണ്ട്. ആൺകുട്ടികളുടെ 12 ഹോമുകളുടെ കപ്പാസിറ്റി 825 ആണ്.

നിലവിൽ 352 കുട്ടികളെ പാർപ്പിച്ചിരിക്കുന്നു. പെൺകുട്ടികളുടെ 2 ഹോമുകളുടെ കപ്പാസിറ്റി 200-ഉം നിലവിലെ അന്തേവാസികളുടെ എണ്ണം 183-ഉം ആണ്.

കഴിയുന്നിടത്തോളം കുട്ടികളെ ബാലമന്ദിരങ്ങളിൽ പാർപ്പിക്കരുതെന്ന കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്. രക്ഷാകർത്താക്കളുടെ സ്നേഹവും ലാളനയും പരിരക്ഷയും കിട്ടിവേണം കുട്ടികൾ വളരേണ്ടത്. പരിപാലനവും പരിരക്ഷയും ആവശ്യമുള്ള കുട്ടികളെ അവർക്ക് ബന്ധുക്കളോ സ്വന്തക്കാരോ ഉണ്ടെങ്കിൽ അവരുടെ വീടുകളിൽത്തന്നെ തുടർന്നും താമസിപ്പിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകി, ബാലമന്ദിരങ്ങളിലേക്ക് കൊണ്ടുവരുന്ന സാഹചര്യം ഒഴിവാക്കുക എന്നതാണ് സർക്കാർ നയം.

മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വഴിതെറ്റി റെയിൽവേ സ്റ്റേഷനുകളിലും മറ്റും എത്തിപ്പെടുന്ന കുട്ടികളെ ആദ്യം ശിശുക്ഷേമ സമിതിയിൽ എത്തിക്കുകയും തുടർന്ന് തൊട്ടടുത്ത ബാലമന്ദിരങ്ങളിലേക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. തുടർന്ന് മാതാപിതാക്കളെ കണ്ടെത്തി കുട്ടികളെ കൈമാറുന്നതിന് ശ്രമിക്കുന്നു. മാതാപിതാക്കൾക്ക് സംരക്ഷിക്കാൻ സാധിക്കാത്ത അവസ്ഥയാണുള്ളതെങ്കിൽ സ്പോൺസർഷിപ്പോ, ഗവൺമെന്റ് സഹായമോ നൽകി തിരിച്ച് വീടുകളിൽത്തന്നെ എത്തിക്കുന്നതിനുള്ള ശ്രമം സാമൂഹ്യനീതി വകുപ്പിന്റെ ഭാഗത്ത് നിന്നും ഉണ്ടാകുന്നു. ബാലമന്ദിരങ്ങളി ലേക്ക് കുട്ടികൾ വരിക എന്നത് അവസാനത്തെ വഴിയായി കണക്കാക്കുന്നു.

ബാലമന്ദിരങ്ങളിൽ താമസിക്കുന്ന കുട്ടികൾക്ക് ഭക്ഷണം, വസ്ത്രം, മരുന്ന് എന്നിവ സർക്കാർ നൽകുന്നു. ഹോമുകളിൽ, പാർട്ട്-ടൈം മെഡിക്കൽ ഓഫീസർ, പാർട്ട്-ടൈം സൈക്യാട്രിസ്റ്റ്, കൗൺസിലേഴ്സ് എന്നിവരുടെ സേവനം ലഭ്യമാക്കുന്നു. ഹോമുകളിലെ കുട്ടികളെ അടുത്തുള്ള സ്കൂളുകളിൽ അയച്ച് പഠിപ്പിക്കുന്നു. പത്താം ക്ലാസ് പാസ്സാകുന്ന കുട്ടികൾക്ക് പ്ലസ് ടു-വിന് അഡ്മിഷൻ ഉറപ്പാക്കുന്നതിനും പ്ലസ് ടു പാസ്സായവർക്ക് പോളിടെക്നിക് അടക്കമുള്ള സാങ്കേതിക മേഖലകളിൽ വിദ്യാഭ്യാസം നൽകുന്നതിനും അതാത് കോളേജുകളുമായും ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുമായും ബന്ധപ്പെട്ട് ആവശ്യമായ സൗകര്യങ്ങൾ ചെയ്ത് കൊടുക്കുന്നു. ഹോമുകളിൽ താമസിക്കുന്ന സമയത്ത് പ്രത്യേക സ്കിൽ ആർജ്ജിക്കുന്നതിനുള്ള അവസരവും കുട്ടികൾക്ക് നൽകുന്നു.

1975-ന് മുമ്പ് ജയിൽ വകുപ്പിൻകീഴിലായിരുന്നു ബാലമന്ദിരങ്ങളുടെ നടത്തിപ്പ്. അക്കാലത്ത് ബാലമന്ദിരങ്ങളോട് ചേർന്ന് സ്കൂളുകളും പ്രവർത്തിച്ചിരുന്നു. അന്ന് ഉണ്ടായിരുന്ന നാല് അധ്യാപകർ ഇപ്പോഴും ഹോമുകളിലെ കുട്ടികൾക്ക് ട്യൂഷനും തുടർവിദ്യാഭ്യാസവും നൽകിവരുന്നു.

ഓരോ ബാലമന്ദിരങ്ങളുടെയും ഭരണനിർവ്വഹണത്തിനായി ഒരു സൂപ്രണ്ട്, ഒരു മേട്രൺ, കെയർടേക്കേഴ്സ്, കുക്ക്, ഒരു പാർട്ട്-ടൈം ടീച്ചർ എന്നിങ്ങനെയാണ് സ്റ്റാഫ് പാറ്റേൺ.

**ആഫ്റ്റർ കെയർ ഹോം**

ബാലമന്ദിരങ്ങളിൽ നിന്നും 18 വയസ്സ് കഴിഞ്ഞവരെ ആഫ്റ്റർ കെയർ ഹോമിലേക്ക് മാറ്റിപ്പാർപ്പിക്കുന്നു. സംസ്ഥാനത്ത് ആൺകുട്ടികൾക്കായി ഒന്നും

പെൺകുട്ടികൾക്കായി രണ്ടും ആഫ്റ്റർ കെയർ ഹോമുകളാണുള്ളത്. കുട്ടികൾക്ക് 18 വയസ്സാകുന്നതോടെ പ്ലംബിംഗ്, വീവിംഗ്, കാർപ്പെന്ററി തുടങ്ങിയ തൊഴിലുകളിൽ പരിശീലനം നൽകി അവരെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തരാക്കുന്നതോടൊപ്പം അവർ ആഫ്റ്റർ കെയർ ഹോമുകളിൽ എത്തിച്ചേരുന്നത് ഒഴിവാക്കുകയും ആഫ്റ്റർ കെയർ ഹോമുകൾ പൂർണ്ണമായി നിർത്തലാക്കുക എന്നതുമാണ് സർക്കാരിന്റെ പൊതുസമീപനമെന്നും വിശദമാക്കുകയുണ്ടായി.

**ഒബ്സർവേഷൻ ഹോം & സ്പെഷ്യൽ ഹോം**

നിയമവുമായി പൊരുത്തപ്പെടാത്തവരും അക്രമവാസനയും കുറ്റവാസനയും ഉള്ളവരുമായ കുട്ടികളെ ജുവനൈൽ ജസ്റ്റീസ് ബോർഡിന്റെ മുമ്പാകെ ഹാജരാക്കുന്നു. ബോർഡിന്റെ ചെയർപേഴ്സൺ ആ ജില്ലയിലെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ടാണ്. കുറ്റാരോപിതനായ കുട്ടിയെ ബോർഡിന് മുമ്പിൽ ഹാജരാക്കിക്കഴിഞ്ഞാൽ പ്രോസ്സസ്സ് (വിചാരണ) നടക്കുന്ന സമയത്ത് കുട്ടിയെ ഒബ്സർവേഷൻ ഹോമിലേക്ക് അയയ്ക്കുന്നു. സംസ്ഥാനത്ത് 14 ഒബ്സർവേഷൻ ഹോമുകളുണ്ട്. ഇത്തരം ഹോമുകളിൽ കുട്ടികളെ താമസിപ്പിക്കവേതന്നെ പ്രോസ്സസ്സ് പൂർത്തിയായി കുറ്റം തെളിഞ്ഞുകഴിഞ്ഞാൽ അവരെ സ്പെഷ്യൽ ഹോമിലേക്ക് മാറ്റുന്നു. തിരുവനന്തപുരത്തും കോഴിക്കോട്ടും പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും ഓരോ സ്പെഷ്യൽ ഹോം വീതമാണുള്ളത്.

അമ്പതും നൂറും കപ്പാസിറ്റിയുള്ള സ്പെഷ്യൽ ഹോമുകളിൽ ഒന്നോ രണ്ടോ എണ്ണം കുട്ടികൾ മാത്രമാണുള്ളത് എന്നതിന്റെ കാരണം സമിതി ആരാഞ്ഞു. കുറ്റം ആരോപിക്കപ്പെടുന്ന കുട്ടികളെ ജുവനൈൽ ജസ്റ്റീസ് ബോർഡിന്റെ മുമ്പിൽ ഹാജരാക്കി കുറ്റം തെളിഞ്ഞുകഴിഞ്ഞാൽ സ്പെഷ്യൽ ഹോമിലേക്ക് വിടുകയാണെന്നും കേരളത്തിൽ ഇത്തരത്തിൽ കുറ്റം തെളിയിക്കപ്പെട്ട രണ്ട് കുട്ടികളാണുള്ളതെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

100 പേരുടെ കപ്പാസിറ്റിയുള്ള സ്പെഷ്യൽ ഹോമിലെ സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച് സമിതി ആരാഞ്ഞു. ഏറ്റവും കൂടുതൽ കുട്ടികളുള്ള ഹോമുകളിൽ, 1 സൂപ്രണ്ട്, 1 ഡെപ്യൂട്ടി സൂപ്രണ്ട്, 7 കെയർ ടേക്കർമാർ, 1 പ്രൊബേഷണറി ഓഫീസർ, 1 സൈക്കോളജിസ്റ്റ് (പാർട്ട്-ടൈം), 1 മെഡിക്കൽ ഓഫീസർ (പാർട്ട്-ടൈം), 2 കുക്ക്, 1 കൗൺസിലർ എന്നിങ്ങനെയാണെന്നും എന്നാൽ പത്തനംതിട്ട, പാലക്കാട് ജില്ലകളിൽ 1 സൂപ്രണ്ട്, 5 കെയർ ടേക്കർ, 1 കുക്ക് എന്നതാണ് സ്റ്റാഫ് പാറ്റേൺ എന്നും ഉദ്യോഗസ്ഥർ അറിയിച്ചു. കൂടാതെ സ്പെഷ്യൽ ഹോമുകൾ ഒരേ സമയം ബാലമന്ദിരമായും സ്പെഷ്യൽ ഹോമായും പ്രവർത്തിക്കുന്നതായും സ്പെഷ്യൽ ഹോമിലെ രണ്ട് കുട്ടികൾക്ക് പുറമെ ബാക്കി കപ്പാസിറ്റി ഉപയോഗിച്ചുകൊണ്ട് മറ്റ് കുട്ടികളെക്കൂടി പാർപ്പിക്കുകയാണെന്നും ഉദ്യോഗസ്ഥർ കൂട്ടിച്ചേർത്തു.

അന്തേവാസികളായ കുട്ടികളുടെ എണ്ണം കുറയുകയും കപ്പാസിറ്റി അനുസരിച്ച് സ്റ്റാഫ് പാറ്റേൺ നിലനിർത്തുകയും ചെയ്യുന്നത് സർക്കാരിന് ഭീമമായ സാമ്പത്തിക ചെലവുണ്ടാകുന്നതായി വിലയിരുത്തിയ സമിതി, അധികമുള്ള സ്റ്റാഫിനെ മറ്റ് ജോലികൾ ഏൽപ്പിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചു.

'ഒന്നോ രണ്ടോ കുട്ടികൾക്ക് വേണ്ടി ഒരു ഒബ്സർവേഷൻ ഹോം നടത്തേണ്ട തുണ്ടോ' എന്ന സമിതിയുടെ ചോദ്യത്തിന് മറുപടിയായി ഒബ്സർവേഷൻ ഹോമുകൾ നിയമം അനുശാസിക്കുന്ന ഒന്നാണെന്നും കുറ്റവാസനയുള്ള അല്ലെങ്കിൽ കുറ്റാരോപിതരായ കുട്ടികളാണ് ഒബ്സർവേഷൻ ഹോമുകളിൽ എത്തുന്നത് എന്നതു കൊണ്ട് ഒരു കുട്ടിയാണെങ്കിൽപ്പോലും ഹോം നിലനിർത്തിയേ മതിയാകൂ എന്നും പ്രാദേശികമായി ഒബ്സർവേഷൻ ഹോമുകളുടെ എണ്ണം കുറയ്ക്കുന്നതിനായി ഇന്ത്യാഗവൺമെന്റിനോട് അനുവാദം ചോദിച്ചപ്പോൾ കഴിയുന്നിടത്തോളം ഒരു ജില്ലയിൽ ഒരു ഹോമെങ്കിലും വേണമെന്നതാണ് ഇന്ത്യാഗവൺമെന്റിന്റെ നിലപാടെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ജുവനൈൽ ഹോമുകളിലെ അന്തേവാസി കൾക്ക് പ്ലംബിംഗ്, ഗാർഡനിംഗ്, അഗ്രികൾച്ചർ, ഫുഡ് പ്രൊഡക്ഷൻ തുടങ്ങി വളരെ വർഷങ്ങൾക്ക് മുമ്പ് ആരംഭിച്ച ട്രേഡുകളിൽ പരിശീലനം നൽകുന്നതിനുപകരം കാലഘട്ടത്തിനനുസരിച്ച് ആധുനികരീതിയിലുള്ള ട്രേഡുകളിൽ പരിശീലനം നൽകേണ്ട താണെന്നും കുട്ടികളുടെ വിചാരണയ്ക്കായി വീഡിയോ കോൺഫറൻസിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണെന്നും സമിതി ശുപാർശ ചെയ്തു.

ജുവനൈൽ ഹോമുകളിലെ സ്റ്റാഫ് സ്ട്രെങ്ത് ക്രമീകരിച്ചുകൊണ്ടും നിലവിലു ള്ളവർക്ക് ട്രെയിനിംഗ് നൽകി ഹോമുകൾ ആധുനിക വൽക്കരിക്കുന്നതിനും പുനരുദ്ധ രിക്കുന്നതിനും ഹോമുകളുടെ കീഴിലുള്ള സ്ഥലങ്ങളിൽ കൃഷി, സ്വയംതൊഴിൽ തുടങ്ങിയവ ആരംഭിക്കുന്നതിനും അന്തേവാസികളുടെ സാമൂഹ്യപ്രശ്നങ്ങൾ മനഃശാസ്ത്ര പരമായി പരിഹരിക്കുന്നതിനുമായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും, ഹോമുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി സമിതിക്ക് ഹോമുകളിൽ സന്ദർശനം നടത്താവുന്നതാണെന്നും സാമൂഹ്യക്ഷേമ വകുപ്പുമന്ത്രികൂടിയായ സമിതി ചെയർമാൻ അറിയിച്ചു.

**രാജീവ് ഗാന്ധി സ്കീം ഫോർ എംപവർമെന്റ് ഓഫ് അഡോളസന്റ് ഗേൾസ്—സബ്ല**

11 മുതൽ 18 വയസ്സുവരെയുള്ള കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുന്നതിനും അവരുടെ വിവിധങ്ങളായ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്രസർക്കാർ പദ്ധതിയായ സബ്ല, സംസ്ഥാനത്ത് കൊല്ലം, ഇടുക്കി, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലാണ് നടപ്പിലാക്കിവരുന്നത്.

- കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണവും വ്യക്തിത്വ വികസനവും ഉറപ്പുവരുത്തുന്നതോടൊപ്പം അവരുടെ ആരോഗ്യ പോഷണ നിലവാരം ഉയർത്തുക, ആരോഗ്യം, ശുചിത്വം, പോഷണം, കൗമാര പ്രായക്കാർക്ക് റീപ്രൊഡക്ടീവ് ആന്റ് സെക്ഷ്വൽ ഹെൽത്ത് (ARSH), കുടുംബപരിപാലനം, കുഞ്ഞുങ്ങളുടെ ആരോഗ്യം എന്നിവയിൽ അറിവ് നൽകുക.

- കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ഗൃഹകേന്ദ്രീകൃത കഴിവുകൾ, ജീവിതാധിഷ്ഠിതമായ കഴിവുകൾ ഉയർത്തുക, സ്കൂളിൽ നിന്നും പഠനം നിർത്തി നിൽക്കുന്ന കൗമാരപ്രായക്കാരായ കുട്ടികളുടെ ഔപചാരികവും അനൗപചാരികവുമായ വിദ്യാഭ്യാസം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ എടുക്കുക.
- PHC, CHC, Post Office, Bank, Police Station തുടങ്ങിയവ വഴി നിലവിലുള്ള പൊതുസേവനങ്ങളെ സംബന്ധിച്ച് കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് അറിവ് പകരുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിനുള്ള മാർഗ്ഗരേഖകൾ, സ്കൂളിൽ പോകുന്ന കുട്ടികളുടെ ശാക്തീകരണവും സ്കൂളിൽ നിന്നും കൊഴിഞ്ഞ് പോയിട്ടുള്ള പെൺകുട്ടികളുടെ ശാക്തീകരണവും എന്നീ രണ്ട് രീതികളിലാണ് നടപ്പിലാക്കിവരുന്നത്. കേരളത്തിൽ സ്കൂളിൽ നിന്നും കൊഴിഞ്ഞുപോയിട്ടുള്ള പെൺകുട്ടികളുടെ എണ്ണം കുറവായതിനാൽ പ്രധാനമായും സ്കൂളിൽപ്പോകുന്ന കുട്ടികളെയാണ് പദ്ധതി ലക്ഷ്യമിടുന്നത്. ശനിയാഴ്ച ദിവസങ്ങളിൽ മാത്രമാണ് ഇത്തരം കുട്ടികൾ അംഗൻവാടികളിലെത്തുന്നത്.

കുട്ടികൾക്ക് ന്യൂട്രീഷൻ സർവ്വീസ്, നോൺ-ന്യൂട്രീഷൻ സർവ്വീസ് എന്നീ രണ്ടുതരം സർവ്വീസുകളാണ് നൽകിവരുന്നത്. ന്യൂട്രീഷൻ സർവ്വീസിൽ സബ്‌ല കിറ്റുകൾ വിതരണം ചെയ്യുന്നു. ഇത് രണ്ട് രീതിയിലാണ് നടപ്പിലാക്കിവരുന്നത്. ഒന്ന് അംഗൻവാടികളിൽ വൈകുന്നേരം മൂന്ന് മണിക്കുള്ള ജനറൽ ഫീഡിംഗ്—ഈ സമയത്ത് കുട്ടികൾക്ക് ഭക്ഷണം നൽകുന്നു. രണ്ട്, ടേക്ക് ഹോം റേഷൻ—ഇതിൽ ഒന്നരക്കിലോ റാഗി പൊടിച്ചത്, ഒരുകിലോ ഗോതമ്പ് പൊടിച്ചത്, അരക്കിലോ ശർക്കര എന്നിവ ഉൾപ്പെട്ട പായ്ക്കറ്റ് നൽകുന്നു.

ആരോഗ്യ പരിപാലനത്തിന്റെ ഭാഗമായി കുട്ടികൾക്ക് ഹെൽത്ത് ചെക്കപ്പ്, സ്കിൽ ഡെവലപ്‌മെന്റ് പ്രോഗ്രാം എന്നിവ നടത്തുന്നു. കൂടാതെ അയൺ ഫോളിക് ആസിഡ് ടാബ്‌ലെറ്റുകൾ നൽകുന്നു.

അഡോളസന്റ് റീപ്രൊഡക്ടീവ് സെക്ഷ്വൽ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി കുടുംബപരിപാലനം, കുഞ്ഞുങ്ങളുടെ ആരോഗ്യം, വിവാഹം കഴിക്കേണ്ട പ്രായം എന്നീ കാര്യങ്ങളിൽ ബോധവൽക്കരണം നടത്തുന്നു. കുട്ടികളുടെ ബ്രെയിൻ ഡെവലപ്‌മെന്റിനെക്കുറിച്ച് അറിയുന്നതിനുവേണ്ടി 'First Thousand Days' എന്ന പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. കുട്ടി ജനിച്ച് ആദ്യത്തെ 1000 ദിവസങ്ങളിലാണ് മസ്തിഷ്ക വികാസം നടക്കുന്നത് എന്നതിനാലാണ് കൗമാരപ്രായക്കാർക്ക് ഈ വിഷയത്തിൽ അറിവ് പകർന്നുകൊടുക്കുന്നത്.

സ്കൂൾപഠനം നിർത്തിയവർക്കുള്ള തുടർവിദ്യാഭ്യാസം അംഗൻവാടികൾ കേന്ദ്രീകരിച്ച് നടത്തിവരുന്നു. ഇപ്പോൾ നാല് ജില്ലകളിൽ നടപ്പിലാക്കിവരുന്ന സബ്‌ല പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കണമെന്ന് ഇന്ത്യാ ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് താഴെത്തട്ടിലുള്ളവരിൽ അവബോധം സൃഷ്ടിക്കുന്നതിനായി എല്ലാ പദ്ധതികളുടെയും മീഡിയാ പ്ലാൻ തയ്യാറാക്കി സാധാരണക്കാരിൽ അറിവ് പകരുന്നതിനുള്ള ശ്രമം നടന്നുവരുന്നു.

സബ്ല പദ്ധതി നടപ്പിലാക്കിവരുന്ന ചില അംഗൻവാടികൾ സമിതി സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുന്നത് നന്നായിരിക്കുമെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു.

മൂന്ന് തലമുറകളെ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിന് പ്രാധാന്യം നൽകുന്നതെന്നും 140 നിയോജകമണ്ഡലങ്ങളിലും പദ്ധതി വ്യാപിപ്പിച്ചുകൊണ്ട് കൗമാരപ്രായക്കാരായ മുഴുവൻ പെൺകുട്ടികളെയും ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്നതിനുള്ള ശ്രമമാണ് നടക്കുന്നതെന്നും സമിതി ചെയർമാൻ അറിയിച്ചു.

കേരളത്തിലെ ശിശുമരണനിരക്ക് രണ്ട് അക്കത്തിൽ നിന്നും ഒറ്റ അക്കത്തിലേക്ക് കൊണ്ടുവരുന്നതിന് കൗമാരപ്രായക്കാരായ കുട്ടികളുടെ ആരോഗ്യ സംരക്ഷണത്തിന് പ്രാധാന്യം നൽകേണ്ടതുണ്ട്. പ്രതിരോധ കുത്തിവയ്പുകൾ നടത്തുക, ബോഡിമാസ് ഇൻഡക്സ് സൂക്ഷിക്കുക, ഡീവേമൈസേഷൻ നടത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. വർദ്ധിച്ചുവരുന്ന ബഡ്സ് സ്കൂളുകളുടെ എണ്ണം മാനസിക വൈകല്യമുള്ള കുട്ടികളുടെ വർദ്ധനയെ സൂചിപ്പിക്കുന്നു. ശിശുമരണനിരക്ക് കുറയുന്നുവെങ്കിലും മറ്റ് രോഗങ്ങളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത്തരം പോരായ്മകൾ പരിഹരിക്കുന്നതിനായി സാമൂഹ്യനീതി വകുപ്പും ആരോഗ്യ വകുപ്പും ഏകോപിച്ച് പ്രവർത്തിക്കേണ്ടതാണെന്ന് സമിതി വിലയിരുത്തി.

അംഗൻവാടികൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കേണ്ടതാണെന്ന സമിതിയുടെ നിർദ്ദേശത്തിൽ നിയോജകമണ്ഡലങ്ങളിൽ സ്ഥലം ലഭ്യമാകുന്നിടത്ത് അംഗൻവാടികൾ സ്ഥാപിക്കുന്നതാണെന്നും നബാർഡിന്റെ സഹായത്തോടെ 420 അംഗൻവാടികൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ ആദിവാസികോളനിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തര നടപടി വേണമെന്ന ആവശ്യത്തിന്മേൽ അട്ടപ്പാടിയിൽ നടപ്പാക്കിയ സ്കീമുകളുടെ മാതൃകയിൽ എല്ലാ കോളനികളുടെയും പുനരുദ്ധാരണത്തിന് നടപടി സ്വീകരിക്കുന്നതാണെന്ന് സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി കൂടിയായ സമിതി ചെയർമാൻ അറിയിച്ചു.

ഓണാവധിക്കുശേഷം കോഴിക്കോട് ജില്ലയിലെ ജുവനൈൽ ഹോമുകൾ, മലപ്പുറം ജില്ലയിലെ മോഡൽ അംഗൻവാടി, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ ജുവനൈൽ ഹോമുകൾ എന്നിവ സന്ദർശിക്കുന്നതിന് സമിതി തീരുമാനിച്ചു.

ഉച്ചയ്ക്ക് ശേഷം മൂന്ന് മണിക്ക് സമിതി യോഗം പിരിഞ്ഞു.

## 2013 നവംബർ 15-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

**കോഴിക്കോട് ജുവനൈൽ ഹോം സന്ദർശന/യോഗനടപടിക്കുറിപ്പ്**

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി—XIII, 2013 നവംബർ മാസം 15-ാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 5.00 മണിക്ക് കോഴിക്കോട് ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും പഞ്ചായത്തും സാമൂഹ്യനീതി വകുപ്പുമന്ത്രിയുമായ ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന സമിതി അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. കെ. എൻ. എ. ഖാദർ, എം.എൽ.എ.
2. „ പുരുഷൻ കടലുണ്ടി, എം.എൽ.എ.
3. ശ്രീമതി കെ. എസ്. സലീഖ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി.

ഹാജരായ ഉദ്യോഗസ്ഥർ:

1. ശ്രീ. എൻ. ബാബു, ചെയർമാൻ, സി.ഡബ്ല്യൂ.സി., കോഴിക്കോട്.
2. „ കെ. രാജൻ, മെമ്പർ, സി.ഡബ്ല്യൂ.സി., കോഴിക്കോട്.
3. ശ്രീമതി കെ. കെ. ഷൈനി, സി.ഡബ്ല്യൂ.സി., കോഴിക്കോട്.
4. „ ഷീബാ മുംതാസ്, സി. കെ., ഡിസ്ട്രിക്ട് പ്രൊബേഷൻ ഓഫീസർ, ജെ. ജെ., കോഴിക്കോട്.
5. ശ്രീ. പി. രാമകൃഷ്ണൻ. എസ്. ഐ., ജുവനൈൽ വിംഗ്.
6. „ ജോസഫ് റെബെല്ലോ, ജെ. എസ്., ഡി.എസ്.ജെ.ഒ., കോഴിക്കോട്.
7. „ പി. അബ്ദുൾ സമദ്, ഡി.എസ്.ജെ.ഒ., കോഴിക്കോട്.
8. „ വിശ്വനാഥൻ, ടി., സൂപ്രണ്ട്, ചിൽഡ്രൻസ് ഹോം ബോയ്സ്, കോഴിക്കോട്.
9. ശ്രീമതി പുഷ്പ, ടി., സൂപ്രണ്ട്, ചിൽഡ്രൻസ് ഹോം ഗേൾസ്, കോഴിക്കോട്.

സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ജുവനൈൽ ഹോമുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി ഹോമുകൾ സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുക എന്നതാണ് സമിതിയുടെ സന്ദർശന ലക്ഷ്യമെന്നും ഇതിന്റെ ഭാഗമായാണ് കോഴിക്കോട് വെള്ളിമാടുകുന്നിലെ ജുവനൈൽ ഹോമുകൾ സന്ദർശിക്കുന്നതും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതെന്നും യോഗം ആരംഭിച്ചുകൊണ്ട് സമിതി ചെയർമാൻ അറിയിച്ചു.

ജുവനൈൽ ഹോമുകളുടെ പ്രവർത്തനം സംബന്ധിച്ച സമിതിയുടെ ചോദ്യങ്ങൾക്ക് മറുപടിയായി താഴെപ്പറയുന്ന വിവരങ്ങൾ ഉദ്യോഗസ്ഥർ സമിതിയെ ധരിപ്പിക്കുകയുണ്ടായി.

ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന ചിൽഡ്രൻസ് ഹോം (ബോയ്സ്), ചിൽഡ്രൻസ് ഹോം (ഗേൾസ്), ഒബ്സർവേഷൻ ഹോം (ബോയ്സ്), ഒബ്സർവേഷൻ ഹോം (ഗേൾസ്), ആഫ്റ്റർ കെയർ ഹോം എന്നിവയാണ് കോഴിക്കോട് സാമൂഹ്യനീതി വകുപ്പ് കോംപ്ലക്സിൽ പ്രവർത്തിക്കുന്നത്.

ജുവനൈൽ ജസ്റ്റിസ് ആക്ട് പ്രകാരം നിലവിൽവന്ന ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ ചെയർമാനടക്കം 5 അംഗങ്ങളാണുള്ളതെന്നും ജില്ലാടിസ്ഥാനത്തിലാണ് കൗൺസിൽ പ്രവർത്തിക്കുന്നതെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

പെൺകുട്ടികൾക്കായുള്ള ചിൽഡ്രൻസ് ഹോം രണ്ട് ജില്ലകളിലാണുള്ളത്. മറ്റ് ജില്ലകളിൽ നിന്നും കുട്ടികളെ ഈ ഹോമുകളിലേക്ക് അയയ്ക്കുന്നു. ചൂഷണങ്ങൾക്ക് വിധേയരായി ബാലമന്ദിരങ്ങളിൽ പ്രവേശിപ്പിക്കപ്പെടുന്ന കുട്ടികൾക്ക് കൗൺസിലിംഗ് നൽകുന്നതിനായി മുൻപ് പാർട്ട് ടൈം കൗൺസിലർ ഉണ്ടായിരുന്നുവെന്നും നിലവിൽ കൗൺസിലറുടെ സേവനം ലഭ്യമല്ല എന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

സംസ്ഥാനത്ത് ജുവനൈൽ ജസ്റ്റിസ് റൂൾസ് നിലവിലില്ലാത്തതിനാൽ കേന്ദ്രനിയമം അനുസരിച്ചാണ് ഹോമുകൾ പ്രവർത്തിക്കുന്നത്. പരാതികൾ ലഭിച്ചുകഴിഞ്ഞാൽ അന്വേഷണം നടത്തുന്നതിനുള്ള സൗകര്യങ്ങളില്ല എന്നും കുട്ടികളുടെ സുരക്ഷ യുമായി ബന്ധപ്പെട്ടും മറ്റും പരാതികൾ ലഭിക്കുമ്പോൾ ഉടനടി നടപടി സ്വീകരിക്കു ന്നതിന് വാഹനങ്ങളുടെ ദൗർലഭ്യം പ്രതികൂലമാകുന്നുവെന്നും ഇതിനായി വാഹന സൗകര്യം ലഭ്യമാക്കുന്നതിനാവശ്യമായ നടപടി ഉണ്ടാകണമെന്നും ഉദ്യോഗസ്ഥർ സമിതിയോഗത്തിൽ അറിയിക്കുകയുണ്ടായി. ചൈൽഡ് വെൽഫെയർ കമ്മിറ്റിയിൽ ആഴ്ചയിൽ മുപ്പതോളം കേസ്സുകൾ ലഭിക്കുന്നുണ്ടെന്നും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതയും ശിശുസൗഹൃദാന്തരീക്ഷം നിലവിൽ ഇല്ലാത്തതിനാലും കുട്ടികളു മായി സംവദിക്കുന്നതിനുപോലും കഴിയാത്ത അവസ്ഥയാണുള്ളതെന്നും ഉദ്യോഗസ്ഥർ അറിയിച്ചു.

ജുവനൈൽ ജസ്റ്റിസ് ബോർഡിൽ ഏകദേശം 400 കേസുകൾ ഡിസ്ട്രിക്ട് പ്രൊബേഷൻ ഓഫീസറുടെ റിപ്പോർട്ടിനുവേണ്ടി മാത്രം സമർപ്പിച്ചിരിക്കുകയാ ണെന്നും 200 കേസുകൾ ചൈൽഡ് വെൽഫെയർ കൗൺസിലിൽ തീർപ്പാകാതെ കിടക്കുന്നുവെന്നും കുട്ടികൾ പ്രതികളായ ധാരാളം കേസുകൾ വരുന്നതായും ഇത്തരത്തിൽ ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്യുന്നത് കോഴിക്കോട് ജില്ലയിൽനിന്നുമാണെന്നും ഉദ്യോഗസ്ഥർ അറിയിക്കുകയുണ്ടായി.

ഫോസ്റ്റർ കെയർ പോളിസി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്താണെന്നുള്ള സമിതിയുടെ ചോദ്യത്തിന് മറുപടിയായി ജുവനൈൽ ജസ്റ്റിസ് ആക്ടിൽ കുട്ടികളെ സ്ഥാപനങ്ങളിൽ നിന്ന് ഒഴിവാക്കി വീടുകളിൽ നിർത്തി പഠിപ്പിക്കണമെന്ന് നിഷ്ക്കർഷിക്കുന്നുവെന്നും ഇതിനെയാണ് ഫോസ്റ്റർ കെയർ പോളിസി എന്ന് അറിയപ്പെടുന്നതെന്നും സംസ്ഥാനത്ത് ഈ പോളിസി തയ്യാറാക്കിയിട്ടില്ലെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി.

ബാലമന്ദിരങ്ങളിൽ നിലവിൽ പ്രൊമോഷൻ വഴിയാണ് സൂപ്രണ്ടുമാരെ നിയമിക്കുന്നതെന്നും പലതരത്തിലുള്ള ചൂഷണങ്ങൾക്ക് ഇരയായി ഹോമുകളിലെത്തുന്ന കുട്ടികളോട് സംവദിക്കുന്നതിനും അവരുടെ കാര്യങ്ങൾ മനസ്സിലാക്കുന്നതിനും ഇവരിൽ പലർക്കും കഴിയാറില്ലെന്നും ആയതിനാൽ നിലവിലുള്ള നിയമന രീതിയ്ക്ക് പകരം സോഷ്യൽ വർക്ക്, സോഷ്യോളജി എന്നിവയിൽ ബിരുദാനന്തരബിരുദമുളളവരെ നേരിട്ട് നിയമിച്ചാൽ അവർക്ക് കുട്ടികളുടെ കാര്യങ്ങൾ കൂടുതൽ മനസ്സിലാക്കുവാൻ സാധിക്കുമെന്നും കൂടാതെ നിലവിലുള്ള ഉദ്യോഗസ്ഥർക്കും കെയർടേക്കർ, സൂപ്രണ്ട് എന്നീ തസ്തികകളിൽ നിയമിക്കപ്പെടുന്നവർക്കും മൂന്ന് മാസത്തെയെങ്കിലും ട്രെയിനിംഗ് നൽകേണ്ടതാണെന്നും ചൈൽഡ് വെൽഫെയർ കൗൺസിൽ ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടു.

ജെ. ജെ. ആക്ട് പ്രകാരം ഒരു കുട്ടി ഹോമിൽ എത്തിക്കഴിഞ്ഞാൽ ഇൻഡിവിഡ്യുൽ കെയർ പ്ലാൻ തയ്യാറാക്കി വേണം അവരെ പുനരധിവസിപ്പിക്കുവാൻ. ശാസ്ത്രീയമായും പ്രൊഫഷണലായും ചെയ്യേണ്ട ഇൻഡിവിഡ്യുൽ കെയർ പ്ലാൻ തയ്യാറാക്കുന്നതിന് അനുയോജ്യരായ ഉദ്യോഗസ്ഥർ ഹോമുകളിൽ ഇല്ല എന്നതും പോലീസ് വകുപ്പു മായി ശരിയായ രീതിയിലുളള ഏകോപനമില്ല എന്നതും വലിയൊരു പോരായ്മയായി സമിതി വിലയിരുത്തി.

ബാലമന്ദിരത്തിലെ കുട്ടികൾക്ക് മാത്രമായി പ്രവർത്തിക്കുന്ന വെള്ളിമാട്കുന്ന് സാമൂഹ്യക്ഷേമ കോംപ്ലക്സിലെ സി.എസ്.യു.പി. സ്കൂൾ എയ്ഡഡ് സ്കൂളാണ്. ചിൽഡ്രൻസ് ഹോം (ഗേൾസ്) സൂപ്രണ്ട് മാനേജരായ ഈ സ്കൂൾ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി വിലയിരുത്തുകയുണ്ടായി.

കോഴിക്കോട് വെളളിമാട്കുന്നിലെ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള ക്യാമ്പസിനെ ഒരു ജെൻഡർ പാർക്ക് ആക്കി മാറ്റുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞുവെന്നും ഇവിടെ "മഹാത്മാഗാന്ധി" വന്ന സ്ഥലം മാത്രം ഇപ്പോഴുളളതുപോലെ നിലനിർത്തിക്കൊണ്ടും ഒബ്സർവേഷൻ ഹോം ഒരു ഭാഗത്തേക്ക് മാറ്റിക്കൊണ്ടും നിലവിലുള്ള സ്ഥാപനങ്ങൾ മുഴുവൻ ജെൻഡർ പാർക്കിന്റെ ഭാഗമായി മാറ്റുന്നതാണെന്നും സാമൂഹ്യനീതി വകുപ്പുമന്ത്രി കൂടിയായ സമിതി ചെയർമാൻ അറിയിച്ചു. ജെൻഡർ പാർക്കിന്റെ നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുമെന്നും അതുവരെ ആവശ്യമായ അറ്റകുറ്റപ്പണികളും മറ്റ് കാര്യങ്ങളും പരിശോധിക്കണമെന്നും ജെൻഡർ പാർക്കിന്റെ രൂപകല്പന സംബന്ധിച്ച പ്രസന്റേഷൻ അടുത്ത സബ്ജക്ട് കമ്മിറ്റിയിൽ നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സാമൂഹ്യനീതി വകുപ്പിന് നിർദ്ദേശം നൽകുമെന്നും ചെയർമാൻ അറിയിക്കുകയുണ്ടായി.

തുടർന്ന് സമിതി വെളളിമാടുകുന്ന് സാമൂഹ്യനീതി വകുപ്പ് കോംപ്ലക്സ് സന്ദർശിക്കുകയും പ്രസ്തുത കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന ചിൽഡ്രൻസ് ഹോം (ബോയ്സ്), ആഫ്റ്റർകെയർ ഹോം (ഗേൾസ്), ചിൽഡ്രൻസ് ഹോം (ഗേൾസ്) എന്നീ സ്ഥാപനങ്ങൾ സന്ദർശിക്കുകയും ചിൽഡ്രൻസ് ഹോം (ഗേൾസ്) ആഡിറ്റോറിയത്തിൽ വച്ച് യോഗം ചേരുകയും ചെയ്തു.

മുൻപ് ചിൽഡ്രൻസ് ഹോം (ഗേൾസ്)-ന്റെ ഭാഗമായിരുന്ന ചിൽഡ്രൻസ് ഹോം ബോയ്സിൽ നിലവിൽ 78 കുട്ടികളാണുള്ളതെന്നും 2000 ഡിസംബർ മുതൽ ഇതൊരു സ്വതന്ത്ര സ്ഥാപനമായി പ്രവർത്തിക്കുന്നുവെന്നും കുട്ടികൾ വെള്ളിമാട്കുന്ന് സി.എസ്.യു.പി. സ്കൂൾ, എൻ.ജി.ഒ. ക്വാർട്ടേഴ്സ് ഹയർ സെക്കന്ററി സ്കൂൾ, ജെ.ഡി.റ്റി. ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിലാണ് പഠിക്കുന്ന തെന്നും പോളിടെക്നിക്ക്, ഐ.റ്റി.ഐ. എന്നീ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികളു ണ്ടെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി.

ഏതെങ്കിലും വിഷയം സമിതിയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ടോ എന്ന സമിതി യുടെ ചോദ്യത്തിന് മറുപടിയായി വൃദ്ധമന്ദിരത്തിനായി നിർമ്മിച്ച കെട്ടിടത്തിലാണ് നിലവിൽ സ്ഥാപനം പ്രവർത്തിക്കുന്നതെന്നും അവിടെ 50 പേരെ മാത്രമേ താമസിപ്പി ക്കുവാൻ സൗകര്യമുള്ളൂവെന്നും ജെ. ജെ. ആക്ട് പ്രകാരം കുട്ടികളെ പ്രായത്തിനനു സരിച്ച് മൂന്നായി തിരിച്ച് വ്യത്യസ്ത മുറികളിലാണ് താമസിപ്പിക്കേണ്ടതെന്നും എന്നാൽ ഈ സ്ഥാപനത്തിൽ രണ്ട് ഡോർമെട്രി സൗകര്യം മാത്രമാണുള്ളതെന്നും കുട്ടികളെ ഏജ് ഗ്രൂപ്പ് അനുസരിച്ച് രണ്ട് ഡോർമെട്രികളിലായാണ് ഇപ്പോൾ താമസി പ്പിച്ചിരിക്കുന്നതെന്നും ആയതിനാൽ ജെ. ജെ. ആക്ട് നിഷ്കർഷിക്കുന്ന പ്രകാരം താമസസൗകര്യം ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിക്കുകയുണ്ടായി.

കുട്ടികളുടെ വിദ്യാഭ്യാസ നിലവാരത്തെക്കുറിച്ച് അന്വേഷിച്ച സമിതിയോട്, കഴിഞ്ഞ പ്രാവശ്യം 5 കുട്ടികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയതിൽ 5 പേരും വിജയിച്ചുവെന്നും കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെട്ടതാണെന്നും ഉദ്യോഗസ്ഥർ മറുപടി നൽകി.

നിലവിൽ അന്യസംസ്ഥാനക്കാരായ 4 കുട്ടികളാണ് ഹോമിലുള്ളതെന്നും അവരിൽ 2 പേർ വളരെക്കാലം മുൻപ് വന്നവരാണെന്നും ബന്ധുക്കളെ കണ്ടെത്താൻ പരമാവധി ശ്രമിച്ചുവെങ്കിലും സാധിച്ചിട്ടില്ലെന്നും സമിതിയെ അറിയിച്ചു.

തുടർന്ന് സമിതി സ്ഥാപനത്തിലെ അന്തേവാസികളായ കുട്ടികളുമായി ആശയ വിനിമയം നടത്തുകയുണ്ടായി. വിനോദയാത്രക്കുള്ള അവസരമില്ലെന്നും കളിക്കുന്നതിനുള്ള സൗകര്യമില്ലെന്നും കുട്ടികൾ പരാതിപ്പെട്ടു.

ചിൽഡ്രൻസ് ഹോം ബോയ്സിലെ സന്ദർശനത്തിനുശേഷം സമിതി ആഫ്റ്റർകെയർ ഹോം (ഗേൾസ്) സന്ദർശിച്ചു.

ചിൽഡ്രൻസ് ഹോം, സ്പെഷ്യൽ ഹോം എന്നീ സ്ഥാപനങ്ങളിൽ നിന്നും 18 വയസ്സ് പൂർത്തിയായി വിടുതൽ ചെയ്യുന്ന കുട്ടികളെ മറ്റ് സൗകര്യങ്ങൾ ഇല്ലാത്ത പക്ഷം തുടർന്നുള്ള താമസത്തിനായി ആഫ്റ്റർ കെയർ ഹോമിലേക്ക് അയയ്ക്കുന്നു വെന്നും ഇവിടെ കുട്ടികൾക്ക് തുടർ പഠനത്തിനും തൊഴിലിനുമുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും സമിതിയെ അറിയിക്കുകയുണ്ടായി.

നല്ല ഭക്ഷണവും മറ്റ് സൗകര്യങ്ങളുമുണ്ടെങ്കിലും കെട്ടിടത്തിന് അറ്റകുറ്റപ്പണി കൾ വേണ്ടതുണ്ടെന്നും ഇതിനായി 30 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും ഗേൾസ് ഹോം സൂപ്രണ്ട് അറിയിച്ചു. ബി.ടെക്കിനും പോളിടെക്നിക്കിനും പഠിക്കുന്ന കുട്ടികൾ ഉണ്ടെന്നും ഒരു കുട്ടിക്ക് ആഹാരം വസ്ത്രം മരുന്ന് എന്നിവയ്ക്കായി

പ്രതിമാസം 750 രൂപയാണ് ലഭിക്കുന്നതെന്നും ഇന്നത്തെ സാഹചര്യത്തിൽ ഈ തുക വളരെ അപര്യാപ്തമാണെന്നും തുക പ്രതിമാസം 2,000 രൂപയെങ്കിലുമാക്കി ഉയർത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കണമെന്നും സമിതിയെ അറിയിക്കുകയുണ്ടായി. 32 പെൺകുട്ടികളുടെ വിവാഹം നടത്തിയെന്നും വിവാഹ ധനസഹായം 25,000 രൂപയിൽ നിന്നും 50,000 രൂപയാക്കി വർദ്ധിപ്പിച്ചത് വളരെ സഹായകമായെന്നും അറിയിക്കുകയുണ്ടായി.

തുടർന്ന് സമിതി, ചിൽഡ്രൻസ് ഹോം ബോയ്സ് ആയി പ്രവർത്തിച്ചിരുന്നതും മഹാത്മാഗാന്ധി സന്ദർശിച്ചതുമായ കെട്ടിടവും പരിസര പ്രദേശങ്ങളും സന്ദർശിച്ചു. കോമ്പൗണ്ടിൽ തന്നെയുള്ള സി.എസ്.യു.പി. സ്കൂളിൽ അറ്റകുറ്റപ്പണി നടക്കുന്നതിനാൽ ക്ലാസുകൾ മറ്റൊരു സ്ഥലത്തുവച്ച് നടത്തുന്നതായി ഉദ്യോഗസ്ഥർ അറിയിച്ചു. സമിതി ഗേൾസ് ഹോമിന്റെ അകവശവും കുട്ടികൾ താമസിക്കുന്ന മുറികളും ഡൈനിംഗ് ഹാളും പരിശോധിച്ചതിനുശേഷം ഗേൾസ് ഹോം ആഡിറ്റോറിയത്തിൽ യോഗം ചേർന്നു.

സാമൂഹ്യനീതി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനങ്ങളുടെ അവസ്ഥ നേരിട്ട് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ശുപാർശകൾ സമിതി നൽകുമെന്നും സാമൂഹ്യനീതി വകുപ്പ്, ഗേൾസ് ഹോമിന്റെ നവീകരണത്തിനായി 2.45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വൃദ്ധസദനത്തിനു വേണ്ടി 2.10 കോടി രൂപയും മറ്റുള്ള ഹോമുകൾക്കായി 25 മുതൽ 30 ലക്ഷം രൂപ വരെ വകയിരുത്തിയിട്ടുണ്ടെന്നും സാമൂഹ്യനീതി വകുപ്പ് മന്ത്രികൂടിയായ സമിതി ചെയർമാൻ അറിയിച്ചു. അതിലുപരിയായി ഈ ക്യാമ്പസിനെ ഒരു ജെൻഡർ പാർക്ക് ആക്കി മാറ്റുന്നതിനാണ് ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നതെന്നും ഇതിന്റെ ഭാഗമായി ഹോമുകൾ എല്ലാംതന്നെ ഒരു ഏകീകൃത മാതൃകയിൽ വരുമെന്നും കുട്ടികൾക്ക് കളിക്കാനും വിനോദങ്ങൾക്കും ആവശ്യമായ സൗകര്യങ്ങളും ലൈബ്രറി, കൺവെൻഷൻ സെന്റർ, കോട്ടേജുകൾ തുടങ്ങി നിരവധി സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു ബൃഹത് പദ്ധതിയാണിതെന്നും ഈ പദ്ധതിക്കുവേണ്ടി ഏകദേശം 100 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്നും പദ്ധതിയുടെ ആദ്യഘട്ടമായി 15 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും ടെണ്ടർ ഒരു മാസത്തിനകം ഫൈനലൈസ് ചെയ്യുമെന്നും ഫെബ്രുവരി-മാർച്ച് മാസത്തോടുകൂടി ജോലി ആരംഭിച്ച് ഒരു വർഷം കൊണ്ട് ആദ്യഘട്ടം പൂർത്തിയാക്കുന്നതിനും തുടർന്നുള്ള വർഷത്തിൽ രണ്ടാംഘട്ടം പൂർത്തിയാക്കി രണ്ടുവർഷംകൊണ്ട് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും ചെയർമാൻ അറിയിക്കുകയുണ്ടായി. ടെക്നോപാർക്കിന്റെ മാതൃകയിൽ കുട്ടികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുമെന്നും ചെയർമാൻ അറിയിക്കുകയുണ്ടായി.

ചൈൽഡ് വെൽഫെയർ കമ്മിറ്റിയുമായും ചിൽഡ്രൻസ് ഹോമുകളുമായും ബന്ധപ്പെട്ട വിഷയങ്ങളിൽ സാധാരണ സബ്ജക്ട് കമ്മിറ്റി ധനകാര്യ വകുപ്പിന് അയയ്ക്കുന്ന റിപ്പോർട്ടുകളിൽ പരിഹാരമുണ്ടാകാത്ത അവസ്ഥയാണുള്ളതെന്നും ഈ

വിഷയങ്ങൾ സാമൂഹ്യനീതിയുമായി ബന്ധപ്പെട്ടതാകയാൽ ശുപാർശകൾ അംഗീകരിച്ച് കിട്ടുന്നതിനായി സമ്മർദ്ദമുണ്ടാകണമെന്നും ചെയർമാൻ സമിതി അംഗങ്ങളോട് സൂചിപ്പിക്കുകയുണ്ടായി.

സാമൂഹ്യനീതി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ചിൽഡ്രൻസ് ഹോമുകളിൽ സബ്ജക്ട് കമ്മിറ്റി നടത്തുന്ന സന്ദർശനം ഏറെ പ്രാധാന്യമുള്ളതാണെന്നും സന്ദർശനത്തിന്റെ ഫലപ്രാപ്തി എത്രയുംപെട്ടെന്ന് ഉണ്ടാകുമെന്നും ഈ സ്ഥാപനങ്ങളെ ജെൻഡർ പാർക്കിന്റെ ഭാഗമാക്കി മാറ്റാനുള്ള തീരുമാനം സ്വാഗതാർഹമാണെന്നും സ്ഥാപനങ്ങളിലെ കുട്ടികൾക്കും ജീവനക്കാർക്കുമുള്ള സൗകര്യങ്ങൾ അതിപ്രധാനമാണെന്നും ജെൻഡർപാർക്ക് എന്ന മാസ്റ്റർ പ്ലാൻ തയ്യാറാകുന്നതോടുകൂടി ഈ സ്ഥാപനങ്ങളെ ഏഷ്യയിലെതന്നെ ഏറ്റവും മികച്ച സ്ഥാപനമാക്കിമാറ്റാൻ കഴിയുമെന്നും സമിതി അഭിപ്രായപ്പെട്ടു. ജുവനൈൽ ജസ്റ്റീസ് ബോർഡുമായും സി.ഡബ്ല്യൂ.സി.യുമായും ബന്ധപ്പെട്ട് തീർപ്പാകാതെ കിടക്കുന്ന കേസുകൾക്ക് ഉടനടി പരിഹാരം ഉണ്ടാകണമെന്നും സമിതി നിർദ്ദേശിച്ചു. ഗേൾസ് ഹോമിലെ ടോയ്‌ലെറ്റുകളിൽ നിന്നും മലിനജലം ഒഴുകുന്നത് സമിതിയുടെ ശ്രദ്ധയിൽപ്പെടുകയും ഇത് മാറാരോഗങ്ങൾക്ക് കാരണമാകും എന്നതിനാൽ ഇത്തരം കാര്യങ്ങൾക്ക് എത്രയും വേഗം പരിഹാരമുണ്ടാകണമെന്ന് സമിതി നിർദ്ദേശിച്ചു. വളരെ മിടുക്കന്മാരും മിടുക്കികളുമാണ് സ്ഥാപനത്തിലുള്ളതെന്നും അവരുടെ ചിന്തകളെയും ഭാവനകളെയും പ്രായോഗികമാക്കി മാറ്റുന്നതിനുള്ള ഭൗതികസാഹചര്യങ്ങൾ കുട്ടികൾക്ക് നൽകേണ്ടതാണെന്നും സമിതി കൂട്ടിച്ചേർത്തു. സമിതിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് സമിതി താഴെപ്പറയുന്ന നിരീക്ഷണങ്ങൾ നടത്തുകയുണ്ടായി.

ഇത്തരം സ്ഥാപനങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് അവിടെയുള്ള അസൗകര്യങ്ങൾ പരിഹരിച്ച് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. വിവിധഘട്ടങ്ങളിലായി വ്യത്യസ്ഥ സ്ഥാപനങ്ങൾ ആരംഭിച്ചപ്പോൾ അശാസ്ത്രീയവും ആസൂത്രണമില്ലാത്തതും ചോർന്നൊലിക്കുന്നതുമായ കുറെ കെട്ടിടങ്ങൾ മാത്രമായി ഈ സ്ഥാപനങ്ങൾ മാറി. മനഃശാസ്ത്രപരമായി കുട്ടികളെ പരിശീലിപ്പിക്കുന്ന ഇവിടുത്തെ ചുറ്റുപാടുകളും ജീവനക്കാരുടെ പ്രവർത്തനങ്ങളും കുട്ടികളുടെ ചിന്തകളെയും പ്രവർത്തികളെയും സ്വാധീനിക്കുന്നു. കുട്ടികളെ സംബന്ധിച്ചിടത്തോളം താമസസ്ഥലവും പഠിക്കുന്ന സ്ഥലവും കളിക്കുന്ന സ്ഥലവുമൊക്കെ തന്നെ വളരെ പ്രധാനപ്പെട്ടതാണ്. ചുറ്റുപാടുകൾ മനുഷ്യന്റെ മനോഭാവത്തെ വളരെയേറെ സ്വാധീനിക്കുന്നു. അതുകൊണ്ടുതന്നെ ചുറ്റുപാടിനെ രൂപപ്പെടുത്തുക എന്നത് അതിപ്രധാനമാണ്. ഇവിടുത്തെ കുട്ടികൾക്ക് ഒരു പുതിയ ജീവിതം കെട്ടിപ്പടുക്കുന്നതിനാവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുകയാണ് ആദ്യം ചെയ്യേണ്ടത്. റോഡ് വികസനവുമായി ബന്ധപ്പെട്ടും മറ്റും 5000-6000 കോടി രൂപയുടെ പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാർ നടത്തുമ്പോൾ 500 കോടി രൂപ ഈ സ്ഥാപനങ്ങൾക്കായി നീക്കിവച്ചാൽ ഇവിടമൊരു സ്വർഗ്ഗമാക്കി മാറ്റാൻ കഴിയും. ഈ നിരീക്ഷണങ്ങളുടെ വെളിച്ചത്തിൽ സമിതി താഴെപ്പറയുന്ന ശുപാർശകൾ ഇത് സംബന്ധിച്ച് തയ്യാറാക്കുന്ന റിപ്പോർട്ടിൽ ഉൾപ്പെടുത്താനും നിർദ്ദേശിക്കുകയുണ്ടായി.

- ജുവനൈൽ ഹോമിലെ കുട്ടികൾക്ക് മാത്രമായി പ്രവർത്തിക്കുന്ന സി.എസ്.യു.പി. സ്കൂൾ വിദ്യാഭ്യാസ വകുപ്പ് ഏറ്റെടുക്കേണ്ടതും പ്രസ്തുത സ്കൂൾ ഹൈസ്കൂളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കേണ്ട

താണെന്നും സമിതി ശുപാർശ ചെയ്തു. ശിശുഅവകാശബോധവും, താൽപര്യവുമുള്ള അദ്ധ്യാപകരെ കണ്ടെത്തി നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും. സംസ്ഥാനത്തെ വിദ്യാഭ്യാസ കരിക്കുലത്തിൽ ശിശു അവകാശങ്ങളെക്കുറിച്ചും ശിശുക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന അദ്ധ്യായങ്ങൾ ഉൾപ്പെടുത്തുക.

- ജുവനൈൽ ഹോമുകളിൽ നിയമിതരാകുന്ന ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുക.
- കുട്ടികളുമായി ബന്ധപ്പെട്ടുള്ള പരാതികൾ ലഭിക്കുമ്പോൾ ഉടനടി പരാതികളിൽ അന്വേഷണം നടത്തുന്നതിനായി ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് വാഹനസൗകര്യം ലഭ്യമാക്കുക.
- ജുവനൈൽ ജസ്റ്റീസുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് റൂൾസ് നിലവിലില്ലാത്തതിനാൽ കേന്ദ്രനിയമപ്രകാരമാണ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതെന്ന് മനസ്സിലാക്കിയ സമിതി ജെ. ജെ. ആക്ട് പ്രകാരമുള്ള സ്റ്റേറ്റ് റൂൾസ് മൂന്ന് മാസത്തിനകം രൂപീകരിക്കുക.
- ചൈൽഡ് വെൽഫെയർ കമ്മിറ്റിയെ സഹായിക്കുന്നതിനായി സെക്രട്ടറിയെ നിയമിക്കുക.
- ജുവനൈൽ ജസ്റ്റീസ് ബോർഡുമായി ബന്ധപ്പെട്ട് തീർപ്പാകാത്ത കേസുകൾ സമയ ബന്ധിതമായി തീർപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക.
- കുട്ടികൾക്ക് നല്ല ഭക്ഷണം, നല്ല വസ്ത്രം നല്ല കിടപ്പുമുറി, വൃത്തിയുള്ള ടോയ്‌ലറ്റ് സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക.
- കുട്ടികൾക്ക് കായിക വിനോദങ്ങൾക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക, കലാസാംസ്കാരിക പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക, സ്പിരിചൽ ക്ലാസ്സുകൾ സംഘടിപ്പിക്കുക, എന്നിവയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുക.
- തുടർന്ന് ഈ സ്ഥാപനങ്ങൾക്കുള്ള ന്യൂനതകൾ പരിഹരിക്കുന്നതിന് ചൈൽഡ് വെൽഫെയർ കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങൾ സമിതി പരിഗണിക്കുകയുണ്ടായി. പ്രസ്തുത നിർദ്ദേശങ്ങൾ റിപ്പോർട്ട് തയ്യാറാക്കുമ്പോൾ സമിതിയുടെ ശുപാർശകളായി ഉൾപ്പെടുത്താനും തീരുമാനിക്കുകയുണ്ടായി.

ചൈൽഡ് വെൽഫെയർ കമ്മിറ്റി സമർപ്പിച്ച താഴെപ്പറയുന്ന ശുപാർശകളും സമിതി അംഗീകരിക്കുകയും റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുകയുമുണ്ടായി.

1. **ജുവനൈൽ ജസ്റ്റിസ് : ആക്ട്-റൂൾ**

- 1960-ൽ രൂപം നൽകിയ ഓർഫനേജ് ആൻഡ് അദർ ചാരിറ്റബിൾ ഹോംസ് (സൂപ്പർ വിഷൻ ആൻഡ് കൺട്രോൾ ആക്ട്) നിയമത്തിന്റെയും 1989-ലെ കുട്ടികളുടെ അവകാശ ഉടമ്പടിയുടെയും, 2000 ത്തിലെ

ജുവനൈൽ ജസ്റ്റിസ് നിയമത്തിന്റെയും പശ്ചാത്തലത്തിൽ പരിശോധിച്ച് ജുവനൈൽ ജസ്റ്റിസ് റൂൾ ഭേദഗതി ചെയ്യാൻ കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടുന്നതിന് നടപടി സ്വീകരിക്കുക.

- ജുവനൈൽ ജസ്റ്റിസ് ആക്ടിൽ ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടിയുടെ നിർവചനത്തിലുള്ള അവ്യക്തത കാരണം (സെക്ഷൻ 2 ഡി) അർഹരായ പല കുട്ടികളുടെയും പ്രശ്നങ്ങളിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് ഇടപെടാൻ കഴിയാത്ത സാഹചര്യമുണ്ട്. പ്രസ്തുത നിർവചന ത്തിൽ കൃത്യത ഉണ്ടാവാൻ ആവശ്യമായ നടപടി സ്വീകരിക്കുക.
- കേന്ദ്രത്തിന്റെ പരിഷ്കരിച്ച നിയമപ്രകാരം (റൂൾ 55) മാനേജിംഗ് കമ്മിറ്റി രൂപീകരിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.
- ജെ. ജെ. ആക്ടിൽ പറഞ്ഞതുപ്രകാരം സംസ്ഥാന സർക്കാർ, ഫോസ്റ്റർ കെയർ പോളിസി എത്രയും വേഗത്തിൽ ആവിഷ്കരിച്ച് നടപ്പാക്കുക.

2. **ചൈൽഡ് വെൽഫെയർ കമ്മിറ്റി പ്രവർത്തനസൗകര്യങ്ങൾ**

- ചൈൽഡ് വെൽഫെയർ കമ്മിറ്റിക്കായി സ്റ്റാഫ് റൂം, വെയിറ്റിംഗ് റൂം, കോൺഫറൻസ് ഹാൾ എന്നീ സൗകര്യങ്ങളോടുകൂടിയ ഓഫീസ്കെട്ടിടം ലഭ്യമാക്കുക.
- ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്താനും പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടവർക്ക് അത്യാവശ്യ യാത്രകൾ നടത്തുന്നതിനും സാമൂഹ്യനീതി വകുപ്പിന്റെ വാഹനം ലഭ്യമാക്കുക.
- ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് സെക്രട്ടറിയായി പ്രവർത്തിക്കാൻ പ്രോബേഷൻ ഓഫീസറെ നിയമിക്കുന്ന കാര്യം പരിഗണിക്കുകയും ക്ലാർക്ക്, പ്യൂൺ തസ്തികകൾ അനുവദിക്കുന്നതിനും നടപടി സ്വീകരി ക്കുക.
- ചൈൽഡ് വെൽഫെയർ കമ്മിറ്റികൾക്ക് ആവശ്യമായ രജിസ്റ്ററുകളും ഫോറങ്ങളും അച്ചടിച്ച് നൽകുക.
- യാത്രാബത്ത വർഷങ്ങൾ കഴിഞ്ഞ് കിട്ടുന്ന നിലവിലെ അവസ്ഥ ഒഴിവാക്കുന്നതിന് ഫണ്ട് യഥാസമയം ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുക.

3. **ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങൾ**

- ചിൽഡ്രൻസ് ഹോം സൂപ്രണ്ടുമാരുടെ നിയമനത്തിന് നിലവിലുള്ള പ്രൊമോഷൻ രീതിക്കു പകരം സോഷ്യൽ വർക്ക്, സോഷ്യോളജി എന്നീ ബിരുദാനന്തരബിരുദമുള്ളവരെ നേരിട്ടു നിയമിക്കുക.
- സ്ഥാപന സൂപ്രണ്ടുമാർക്കും കെയർടേക്കർമാർക്കും നിയമനവേളയിൽ ബന്ധപ്പെട്ട വിഷയങ്ങളിൽ മൂന്നു മാസത്തെ പരിശീലനം നൽകുക.

- ജീവനക്കാർക്ക് കൃത്യമായ ഡ്യൂട്ടി സമയം/ദിവസം ഏർപ്പെടുത്തുക.
- എല്ലാ ചിൽഡ്രൻസ് ഹോമുകളിലും കേന്ദ്ര നിയമം അനുസരിച്ചുള്ള തസ്തികകൾ സൃഷ്ടിക്കുക.
- സ്ഥാപനങ്ങളിലെ ജനാധിപത്യപരമായ പ്രവർത്തനം ഉറപ്പുവരുത്താൻ കുട്ടികളുടെ കമ്മിറ്റികൾ രൂപീകരിക്കുന്നതിനും കുട്ടികളുടെ പരാതികളും നിർദ്ദേശങ്ങളും പരിഗണിക്കുന്നതിനും പരിഹരിക്കുന്നതിനും സംവിധാന മുണ്ടാക്കുക.
- ഓരോ കുട്ടിക്കും കെയർ പ്ലാൻ തയ്യാറാക്കുകയും പുരോഗതി വിലയിരുത്താൻ സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.
- സാമ്പത്തിക പരാധീനതമൂലം അനാഥാലയത്തിൽ പ്രവേശിപ്പിക്കപ്പെട്ട കുട്ടികളെ വീട്ടിൽത്തന്നെ നിർത്തി പരിപാലിക്കാൻ രക്ഷിതാക്കൾക്ക് സാമ്പത്തിക സഹായം നൽകുക.
- അനാഥാലയ പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും ഫലപ്രദമായി ഇടപെടാനും ജില്ലാതലത്തിൽ മോണിട്ടറിംഗ് സംവിധാനം ഏർപ്പെടുത്തുക.
- കേന്ദ്രപദ്ധതിയായ ഐ.സി.പി.എസ്. ഫലപ്രദമായി നടപ്പാക്കുകയും ജില്ലാതല കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്യുക.

4. **വിദ്യാഭ്യാസം, തൊഴിൽ പരിശീലനം**

- ചിൽഡ്രൻസ് ഹോമുകളിൽ മുഴുവൻ കുട്ടികൾക്കും പഠനത്തിനോ തൊഴിൽ പരിശീലനത്തിനോ അവസരം നൽകുക.
- പ്ലസ് ടു മുതൽ മെഡിസിൻ, എഞ്ചിനീയറിംഗ്, പോളിടെക്നിക്, ടി.ടി.സി. തുടങ്ങിയ കോഴ്സുകൾക്ക് ഏതാനും സീറ്റുകൾ ചിൽഡ്രൻസ് ഹോമിലെ കുട്ടികൾക്ക് സംവരണം ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരി ക്കുക.
- ഉന്നത വിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിദ്യാഭ്യാസ മേഖലകളിലും തൊഴിൽ മേഖലകളിലും അനാഥാലയങ്ങളിൽ നിന്നുള്ള അർഹരായ കുട്ടികൾക്ക് സംവരണം ഏർപ്പെടുത്തുക.
- കുട്ടികൾക്ക് താൽപര്യമുള്ള പ്രവർത്തനങ്ങളിലൂടെയും കളികളിലൂടെയും പഠന പ്രവർത്തനങ്ങളിലൂടെയും വികസിക്കുന്ന ഒരു ബദൽ വിദ്യാഭ്യാസരീതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുക.
- കുട്ടികൾക്ക് പ്രയോജനപ്രദമായ അംഗീകൃത ട്രേഡുകളും ആധുനിക തൊഴിൽ പരിശീലന പദ്ധതികളും സ്ഥാപനങ്ങളിൽ ആരംഭിക്കുക. (ഡി.ടി.പി., മൊബൈൽ ഫോൺ - ലാപ്ടോപ് റിപ്പയർ, അലൂമിനിയം ഫാബ്രിക്കേഷൻ മുതലായവ.)

- 26 ഏക്കർ വിസ്തീർണ്ണമുള്ള സാമൂഹ്യക്ഷേമ കോംപ്ലക്സിൽ മുതിർന്ന കുട്ടികൾക്കുവേണ്ടി കാർഷിക പദ്ധതി ആരംഭിക്കുക. കുട്ടികളിൽ കാർഷിക അഭിരുചി വളർത്താൻ കോർപ്പറേഷനുമായി സഹകരിച്ച് വിവിധ പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുക.
- ആഫ്റ്റർ കെയർ ഹോമിൽനിന്നും ചിൽഡ്രൻസ് ഹോമിൽ നിന്നും പുറത്തിറങ്ങുന്ന കുട്ടികൾക്ക് ജീവനോപാധി ഉറപ്പുവരുത്താൻ കരിയർ ഗൈഡൻസും തൊഴിൽദാതാക്കളായ കമ്പനികളുമായി ബന്ധപ്പെട്ട് ജോലി നേടുന്നതിനുള്ള സ്ഥിരപദ്ധതികളും ആവിഷ്കരിക്കുക.
- ചിൽഡ്രൻസ് ഹോമിലെ കുട്ടികൾക്ക് പി.എസ്.സി. നിയമനത്തിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള നിയമനത്തിലും സംവരണം ലഭിക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുക.
- സംസ്ഥാനതല ജുവനൈൽ ഫെസ്റ്റ്, സാഹിത്യ ക്യാമ്പ്, ലീഡർഷിപ്പ് ക്യാമ്പ് എന്നിവ എല്ലാ വർഷവും സംഘടിപ്പിക്കുക.

5. **പരിശീലനം**

- പോലീസ് പരിശീലന മോഡ്യൂളിൽ ശിശു അവകാശങ്ങൾ, ജെ.ജെ. ആക്ട് എന്നിവ വിഷയമാക്കുക.
- കുട്ടികളുമായി ബന്ധപ്പെടുന്ന പോലീസ്, റെയിൽവെ പോലീസ്, ചൈൽഡ് ലൈൻ എന്നീ സംവിധാനങ്ങളിൽ പ്രവർത്തിക്കുന്നവർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുക.
- കുട്ടികളുടെ മേഖലയിൽ പ്രവർത്തിക്കുന്ന ശിശുക്ഷേമ സമിതി, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ഓർഫനേജ് അടക്കമുള്ള സ്ഥാപനങ്ങൾ, എൻ.ജി.ഒ. തുടങ്ങിയ സ്ഥാപനങ്ങളിലെ/ഏജൻസികളിലെ ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുക.

6. **ഭൗതികസാഹചര്യങ്ങൾ**

- ചിൽഡ്രൻസ് ഹോം കെട്ടിടങ്ങളുടെ മുഖച്ഛായ മാറ്റാൻ പ്ലാൻ തയ്യാറാക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.
- കോഴിക്കോട് സാമൂഹ്യക്ഷേമ കോംപ്ലക്സ് ലാൻഡ്സ്കേപ്പിംഗ് നടത്തി ശിശു സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുക.
- നിയമത്തിൽ നിഷ്കർഷിക്കുന്ന വിധത്തിൽ മിനിമം ഭൗതിക സൗകര്യങ്ങൾ കുട്ടികൾക്ക് ഉറപ്പാക്കുക. കിടപ്പുമുറി, സിക്ക് റൂം, ലൈബ്രറി, കൗൺസിലിംഗ്, വർക്ക് ഷോപ്പ്, റിക്രിയേഷൻ, കളിസ്ഥലങ്ങൾ തുടങ്ങിയവയ്ക്ക് പര്യാപ്തമായ സ്ഥലസൗകര്യം എല്ലാ സ്ഥാപനങ്ങളിലും ഉറപ്പാക്കുക.

7. **ആരോഗ്യം**

- കുട്ടികളിലെ പെരുമാറ്റ വൈകല്യങ്ങൾ, പഠനവൈകല്യങ്ങൾ, മാനസിക പ്രശ്നങ്ങൾ തുടങ്ങിയവ കണ്ടെത്താനും പരിഹരിക്കാനും സംവിധാനം ഉണ്ടാക്കുക.

- ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സേവനം സ്ഥാപനത്തിൽ ലഭ്യമാക്കുകയും കോംപ്ലക്സിൽ തന്നെ പ്രവർത്തിക്കുന്ന കേന്ദ്രസർക്കാരിന്റെ 'കോംപോസിറ്റ് റീഹാബിലിറ്റേഷൻ പ്രോഗ്രാം' ഓഫീസുമായി ബന്ധപ്പിക്കുകയും ചെയ്യുക.
- എച്ച്.ഐ.വി. ബാധിതരായ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനും, തൊഴിലിനുമുള്ള അവകാശം സംരക്ഷിക്കുക.
- എച്ച്.ഐ.വി.-എയ്ഡ്സ് ബാധിതരായ കുട്ടികളുടെ അവസാനാളുകളിൽ മേന്മയുള്ള പരിചരണം ഉറപ്പാക്കാൻ സംസ്ഥാനത്ത് പ്രത്യേക സർക്കാർ സ്ഥാപനം ആരംഭിക്കുക.
- സ്ഥാപനത്തിൽ പ്രവേശിപ്പിക്കുന്ന കുട്ടികളുടെ ജനന രജിസ്ട്രേഷൻ നിർബന്ധമാക്കുക.

8. **പുനരധിവാസം**

- സർക്കാർ സ്ഥാപനങ്ങളിൽ നിന്നും മറ്റ് അനാഥാലയങ്ങളിൽനിന്നും 18 വയസ്സ് പൂർത്തിയായി വിട്ടുപോയവരുടെ തുടർജീവിതം നിരീക്ഷിക്കാനും നിർദ്ദേശങ്ങൾ സമർപ്പിക്കാനും സംവിധാനം ഉണ്ടാക്കുക.
- സ്ഥാപനത്തിൽ നിന്ന് വിടുതൽ ചെയ്യപ്പെട്ടവർക്ക് സ്വന്തമായി ഭൂമിയും വീടും നേടുക എന്നത് അസാദ്ധ്യമായതിനാൽ സർക്കാർ മിച്ചഭൂമി, പുറമ്പോക്ക്, ഭവനരഹിതർക്കുള്ള പദ്ധതി എന്നിവയിൽ ഇവർക്ക് മുൻഗണന ലഭിക്കാൻ ആവശ്യമായ നിയമനിർമ്മാണം നടത്തുക.
- കുടുംബത്തിനും സ്ഥാപനങ്ങൾക്കും പ്രയോജനകരമായ രീതിയിൽ വ്യക്തി / ഗ്രൂപ്പ് / സമൂഹ സ്പോൺസർഷിപ്പ് പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുക.
- ബാലവേല, ബാല ഭിക്ഷാടനം എന്നിവയിൽ ഏർപ്പെട്ടിട്ടുള്ള കുട്ടികളെ കണ്ടെത്താനുള്ള ശ്രമങ്ങളും അത്തരം കുട്ടികളെ പുനരധിവസിപ്പിക്കാൻ സംവിധാനങ്ങളും ഏർപ്പെടുത്തുക.
- ബാലവേലയിൽ ഏർപ്പെടുന്ന കുട്ടികളുടെ കുടുംബങ്ങളെ സഹായിക്കുന്നതിനായി അവരെ കുടുംബശ്രീ, തൊഴിലുറപ്പു പദ്ധതി പോലുള്ള ദാരിദ്ര്യ നിർമ്മാർജന പദ്ധതികളുമായി സഹകരിപ്പിക്കുക.
- നിലവിൽ ഫോസ്റ്റർ കെയർ, അഡോപ്ഷനു വേണ്ടിയുള്ള മൂന്നുപാധി എന്ന നിലയിലാണ് പരിഗണിക്കപ്പെടുന്നത് എന്നതിനാൽ താൽക്കാലിക ഫോസ്റ്റർ കെയർ പദ്ധതിക്ക് പ്രചാരണവും പ്രോത്സാഹനവും നൽകുക.

രാത്രി 7.30 മണിയോടെ സമിതിയുടെ സന്ദർശനം അവസാനിച്ചു.

## 2014 ജനുവരി 28-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII 2014 ജനുവരി 28-ാം തീയതി ചൊവ്വാഴ്ച വൈകുന്നേരം 5.30 മണിയ്ക്ക് നിയമസഭാ സമുച്ചയത്തിലെ 'VD' കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി കുമാരി പി. കെ. ജയലക്ഷ്മിയും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു :

1. ശ്രീ. അൻവർ സാദത്ത്, എം.എൽ .എ.
2. ശ്രീ. പുരുഷൻ കടലുണ്ടി, ,,
3. ശ്രീ. കെ. രാധാകൃഷ്ണൻ , ,,
4. ശ്രീ. ആര്. രാജേഷ്, ,,
5. ശ്രീമതി കെ. എസ്. സലീഖ, ,,

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി
2. ശ്രീ. ആര്. സജീവൻ , ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. സഖറിയ പി. സാമുവൽ , അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. ആശ തോമസ്, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി വികസന പിന്നോക്ക സമുദായ വികസനവും വകുപ്പ്.
2. ശ്രീ. സുബ്രതാ ബിശ്വാസ്, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ്
3. ശ്രീ. കെ. ആര്. ജ്യോതിലാൽ , സെക്രട്ടറി, പൊതുഭരണ വകുപ്പ്
4. ശ്രീ. റ്റി. പി. സെൻകുമാർ , ഡി.ജി.പി., ജയിൽ വകുപ്പ്
5. ശ്രീ. ബി. ഗോപകുമാർ , അഡീഷണൽ സെക്രട്ടറി, ആഭ്യന്തര വകുപ്പ്
6. ശ്രീ. ആര്. കുമാർ , അഡീഷണൽ സെക്രട്ടറി, പട്ടികജാതി വികസന വകുപ്പ്.

7. ശ്രീ. വി. എസ്. ഗോവിന്ദൻ നമ്പൂതിരി, അഡീഷണൽ സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്

8. ശ്രീ. പി. പി. സജിത്, ജോയിന്റ് സെക്രട്ടറി, പൊതുഭരണ വകുപ്പ്

9. ശ്രീ. എം. എസ്. അശോകൻ , ജോയിന്റ് സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്

10. ശ്രീ. വി. എന്. ജിതേന്ദ്രൻ , ഡയറക്ടര്, സാമൂഹ്യനീതി വകുപ്പ്.

കേരള ഷെഡ്യൂൾഡ് ട്രൈബ്സ് ഡെവലപ്മെന്റ് സബോർഡിനേറ്റ് സർവ്വീസ് അമന്റ്മെന്റ് റൂള്, 2002, സംബന്ധിച്ച് തയ്യാറാക്കിയ കുറിപ്പ്, ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളിൽ വകുപ്പുകൾ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെൻറുകള്, പെന്റിംഗ് ലിസ്റ്റ്, 2010-11 മുതലുള്ള സമിതി റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ മറുപടി ലഭിക്കാനുള്ളവ സംബന്ധിച്ച സ്റ്റേറ്റുമെന്റ് എന്നിവ സമിതി പരിഗണനയ്ക്കെടുത്തു.

## I. കേരള ഷെഡ്യൂൾഡ് ട്രൈബ്സ് ഡെവലപ്മെന്റ് സബോർഡിനേറ്റ് സർവ്വീസ് അമെന്റ്മെന്റ് റൂള്, 2002

(ഫയൽ നമ്പർ 11113/സബ്സി.ജി2/2011/ലെജി.)।

1993-ലെ കേരള ഷെഡ്യൂൾഡ് ട്രൈബ് ഡെവലപ്മെന്റ് സബോർഡിനേറ്റ് സർവ്വീസസ് സ്പെഷ്യൽ റൂൾസിലെ റൂൾ നമ്പർ 2, കാറ്റഗറി (8)-ൽ പരാമർശിച്ചിരിക്കുന്ന 'Warden (Addition to the Cadre of Clerk) എന്നത് 'Male Warden', 'Female Warden', എന്നീ ഭേദഗതികൾ വരുത്തുന്നതിനായി പട്ടികവർഗ്ഗക്ഷേമം സംബന്ധിച്ച വിഷയങ്ങൾ കൈകാര്യം ചെയ്തിരുന്ന സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് ലഭിച്ചിരുന്നു. സമിതിയുടെ 18-6-2004-ലെ യോഗത്തിൽ പ്രസ്തുത കരട് ചട്ടം പരിഗണക്കവേ, ഹോസ്റ്റലുകളിൽ 'വാർഡന് പകരം 'റസിഡന്റ് ട്യൂട്ടര്' എന്ന് ഭേദഗതി വരുത്തിക്കൊണ്ട് പുതിയ ചട്ടം കൊണ്ടുവരുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുവെന്ന് വകുപ്പ് സെക്രട്ടറി അറിയിച്ചതിനെത്തുടർന്ന് 'പുതിയചട്ടം കൊണ്ടുവരുന്നതുവരെ നിലവിലുള്ള ചട്ടപ്രകാരം നടപടികൾ തുടരാം എന്ന ഉറപ്പിന്മേല് മേൽപ്പറഞ്ഞ കരട് ചട്ടം പിൻവലിക്കുന്നതിന് സമിതി അംഗീകാരം നൽകിയിരുന്നു.

ഇക്കാര്യം അറിയിച്ചുകൊണ്ടും പുതുക്കിയ കരട് ചട്ടം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ടും വകുപ്പിലേയ്ക്ക് അയച്ചിരുന്ന കത്തുകൾക്ക് യാതൊരു മറുപടിയും ലഭിച്ചിരുന്നില്ല. ഇത് സമിതിയുടെ

ശ്രദ്ധയിൽപ്പെടുത്തുന്നതിനായി സമർപ്പിച്ച കുറിപ്പ് പരിഗണിക്കവേ, ഈ വിഷയത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസിൽ 7-11-2013-ന് വിധി വന്നുവെങ്കിലും ഉത്തരവിന്റെ പകർപ്പ് ഇതുവരെ സർക്കാരിന് ലഭിച്ചിട്ടില്ലാ എന്നും ഉത്തരവിന്റെ പകർപ്പ് ലഭിച്ചാൽ ഉടൻതന്നെ പി. എസ്.സി. യുടെ അഡ്വൈസ് അനുസരിച്ച് നിയമന ഉത്തരവ് നൽകുന്നതാണെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

ഈ വിഷയത്തിൽ എത്രയും പെട്ടെന്ന് ഹൈക്കോടതി വിധിയുടെ പകർപ്പ് ലഭ്യമാക്കേണ്ടതും ആവശ്യമായ നിയമനിർമ്മാണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്നും സമിതി നിർദ്ദേശിച്ചു.

**II. ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളിൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകള്**

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ താഴെപ്പറയുന്ന ശുപാർശകളിൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിച്ച് അംഗീകരിച്ചു.

1. ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2001-02)

   ഖണ്ഡിക നമ്പർ 85, 86 (സാമൂഹ്യനീതി വകുപ്പ്)

   (ഫയൽ നമ്പർ 595/സബ്.സി.ജി2/2011/ലെജി.)

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ് (നിഷ്) എന്ന സ്ഥാപനത്തിൽ നടത്തിയിട്ടുള്ള നിയമനങ്ങളിൽ ക്രമക്കേടുകളും സാമ്പത്തിക ദുർവിനിയോഗവും നടന്നിട്ടുണ്ടെന്ന സമിതിയുടെ നിരീക്ഷണത്തിൽ ആയത് സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു.

വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ആയതിൻപ്രകാരം സാമൂഹ്യനീതി വകുപ്പ് ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിലുള്ള ഒരു സംഘം നിഷിന്റെ ഓഫീസ് സന്ദർശിച്ച് രേഖകൾ പരിശോധിക്കുകയും വിശദാംശങ്ങൾ ശേഖരിക്കുകയും അന്വേഷണത്തിൽ നിയമന ക്രമക്കേടുകളോ സാമ്പത്തിക ദുർവിനിയോഗമോ നടന്നിട്ടില്ലാ എന്ന കണ്ടെത്തൽ അടങ്ങുന്ന റിപ്പോർട്ട് സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

2. ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ട് (2005-06)

   (ഫയൽ നമ്പർ 598/സബ്.സി.ജി2/2011/ലെജി.)

   ഖണ്ഡിക നമ്പർ 114 (പട്ടികജാതി വികസന വകുപ്പ്)

3. ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട്. (2007-2008)
   (ഫയൽ നമ്പർ 600/സബ്.സി.ജി2/2011/ലെജി)
   ഖണ്ഡിക നമ്പർ - 125, 127, 134, 136, 137, 138, 141, 142, 147 (സാമൂഹ്യനീതി വകുപ്പ്)
4. ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച ഒന്നാമത് റിപ്പോർട്ട് (2011-12)
   (ഫയൽ നമ്പർ 4876/സബ്സി ജി2/2011/ലെജി.)
   ഖണ്ഡിക നമ്പർ 5 (പട്ടികജാതി വികസന വകുപ്പ്)
   ഖണ്ഡിക നമ്പർ 15 (പട്ടികവർഗ്ഗ വികസന വകുപ്പ്)
5. ധനാഭ്യർത്ഥനകളുടെ സൂക്ഷമപരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ട് (2012-13)
   (ഫയൽ നമ്പർ 3084/സബ്സി. ജി2/2012/ലെജി)
   ഖണ്ഡിക നമ്പർ -65 (സാമൂഹ്യനീതി വകുപ്പ്)

**III. സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VI-ന്റെ 2001-02 മുതൽ 2009-2010 വരെയുള്ള കാലയളവിലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച വിവിധ റിപ്പോർട്ടുകളിലെ ശുപാർശകളിൽ ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകളിലെ ശുപാർശകൾ ഉൾക്കൊള്ളുന്ന പട്ടിക സമിതി പരിഗണിക്കുകയും ബന്ധപ്പെട്ട വകുപ്പ് മേധാവികളിൽ നിന്നും താഴെപ്പറയും പ്രകാരം തെളിവെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽവകുപ്പുകൾ സ്വീകരിച്ച നടപടി സമിതി അംഗീകരിക്കുകയും ചെയ്തു.**

(എ) <u>പൊതുഭരണ വകുപ്പ്</u>

(i) 2001-02-ലെ ഒന്നാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 595/സബ്സി.ജി2/2011/ലെജി.)
ഖണ്ഡിക നമ്പർ 88

സ്വാതന്ത്ര്യസമരയോദ്ധാക്കൾക്കുള്ള മെഡിക്കൽ റീഇംബേഴ്സ്മെന്റ് സ്കീമിന് 10 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന സമിതിയുടെ ശുപാർശയിൽ മുഴുവൻ തുകയും അനുവദിച്ച് നൽകിയിട്ടുണ്ട് എന്ന മറുപടി അംഗീകരിച്ചു.

(ii) 2003-04 ലെ മൂന്നാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 597/സബ്സി.ജി2/2011/ലെജി.)
ഖണ്ഡിക നമ്പർ 94

സ്വാതന്ത്ര്യസമരസേനാനികളുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന സമിതിയുടെ ശുപാർശയിൽ ബഡ്ജറ്റ് വിഹിതമായി ഉണ്ടായിരുന്ന 15 ലക്ഷം രൂപയ്ക്ക് പുറമേ 5 ലക്ഷം രൂപകൂടി റീ അപ്രോപ്രിയേഷനിലൂടെ ലഭിക്കുകയും തൻവർഷത്തെ മെഡിക്കൽ റീഇംബേഴ്സ്മെന്റ് ക്ലെയിമുകൾ എല്ലാം തീർപ്പാക്കുകയും ചെയ്തിട്ടുണ്ട് എന്ന മറുപടി സമിതി അംഗീകരിച്ചു.

(ബി) ആഭ്യന്തര വകുപ്പ്

(എ) 2007-2008- ലെ രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 600/സബ്സി.ജി2/2011/ലെജി.)

ഖണ്ഡിക നമ്പർ 146

തടവുകാരുടെ കുട്ടികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായുള്ള ഇൻഡിജന്റ് കൺവിക്ട് സ്കീമിനെക്കുറിച്ച് വ്യാപകമായി പ്രചരണം നടത്തണമെന്ന സമിതിയുടെ ശുപാർശയിൽ "2009-ന് ശേഷം 1882 കുട്ടികൾക്ക് 1,15,92,000 രൂപ സ്കോളർഷിപ്പായി നൽകിയിട്ടുണ്ടെന്നും അക്രമത്തിന് ഇരയാകുന്നവർക്കോ അവരുടെ കുടുംബാംഗങ്ങൾക്കോ യാതൊരുവിധ ആനുകൂല്യങ്ങളും സർക്കാർ നൽകാത്ത സാഹചര്യത്തിൽ മേൽപ്പറഞ്ഞ സ്കീമിനെക്കുറിച്ച് വ്യാപകമായി പ്രചരണം നടത്തുന്നത് വിപരീതഫലം ഉളവാക്കുമെന്നും കുറ്റം ചെയ്യുന്നതിനുള്ള വാസന വർദ്ധിപ്പിക്കുമെന്നും ജയിൽ ഡി.ജി.പി. സമിതി മുമ്പാകെ വിശദീകരിക്കുകയുണ്ടായി.

ഡി.ജി.പി. യുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അക്രമത്തിന് ഇരയാകുന്നവരെ സംരക്ഷിക്കുന്നതിനും അവരുടെ കുട്ടികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കുമായി 'വിക്ടിം കോമ്പൻസേഷൻ ഫണ്ട് രൂപീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്തു.

(സി) പട്ടികജാതി വികസന വകുപ്പ്

2006-2007-ലെ ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 599/സബ്സി.ജി2/2011/ലെജി.)

ഖണ്ഡിക നമ്പർ 65, 66, 67

പട്ടികജാതിക്കാരുടെ മെട്രിക്കുലേഷനുമുമ്പുള്ള പഠനം, പട്ടികജാതിക്കാരുടെ മെട്രിക്കുലേഷന് ശേഷമുള്ള പഠനം, പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണത്തിന് പലിശ രഹിത വായ്പ എന്നീ ശീർഷകങ്ങളിൽ അധികതുക വകയിരുത്തുന്നതിന് സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും ആനുകൂല്യങ്ങൾക്കായി അപേക്ഷിച്ചവരുടെ എണ്ണം കുറവായിരുന്നതിനാൽ മേൽശീർഷകങ്ങളിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമായിരുന്നു എന്ന മറുപടി സമിതി അംഗീകരിച്ചു.

(ii) 2007-08-ലെ രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 600/സബ്സി.ജി2/2011/ലെജി.)

ഖണ്ഡിക നമ്പർ 95

സ്വാശ്രയ കോളേജുകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള ധനസഹായം എന്ന ശീർഷകത്തിൽ 750 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന ശുപാർശയിൽ 2007-2008 വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും 744.28 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. വകയിരുത്തിയിരുന്ന തുക പര്യാപ്തമായിരുന്നതിനാൽ അധിക തുക ആവശ്യമായി വന്നില്ല എന്ന മറുപടി സമിതി അംഗീകരിച്ചു.

(iii) 2008-09-ലെ മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 11120/സബ്സി.ജി2/2011/ലെജി.)
ഖണ്ഡിക നമ്പർ 121, 124, 125

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ പദ്ധതികളായ വയോജന വിദ്യാഭ്യാസം, നഴ്സറിസ്കൂളുകള്, ഇന്റർവ്യൂവിനും മത്സരപരീക്ഷകൾക്കും ഹാജരാകുന്ന വിദ്യാർത്ഥികൾക്കുള്ള യാത്രാചെലവ് എന്നീ ശീർഷകങ്ങളിൽ അധികതുക വകയിരുത്തുന്നതിന് സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും തൻവർഷം മേൽ ശീർഷകങ്ങളിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമായിരുന്നു എന്ന മറുപടി സമിതി അംഗീകരിച്ചു.

(iv) 2009-2010- ലെ നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 11115/സബ്സി.ജി2/2011/ലെജി.)
ഖണ്ഡിക നമ്പർ 144

പ്രീമെട്രിക് ഹോസ്റ്റലുകളിൽ ട്യൂഷൻ എന്ന ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന സമിതിയുടെ ശുപാർശയിൽ തൻവർഷം ബഡ്ജറ്റ് വിഹിതം പര്യാപ്തമായതിനാൽ അധിക തുക ആവശ്യമായി വന്നില്ല എന്ന മറുപടി സമിതി അംഗീകരിച്ചു.

(ഡി) <u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>

(I) 2007-08-ലെ രണ്ടാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 600/സബ്സി.ജി2/2011/ലെജി.)

ഖണ്ഡിക നമ്പർ 111, 115

പട്ടികവർഗ്ഗ പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യവികസനം, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തൽ എന്നീ ശീർഷകങ്ങളിൽ അധികതുക വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നുവെങ്കിലും തൻവർഷം അധികതുക ലഭിച്ചിരുന്നില്ല. തുടർവർഷങ്ങളിൽ മതിയായ തുക ലഭ്യമായിട്ടുണ്ട് എന്ന മറുപടി സമിതി അംഗീകരിച്ചു.

ഖണ്ഡിക നമ്പർ 119

പട്ടികവർഗ്ഗകുട്ടികളുടെ മാതാപിതാക്കൾക്കുള്ള പ്രോത്സാഹനം എന്ന ശീർഷകത്തിൽ പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് പ്രോത്സാഹനമായി പ്രതിമാസം നൽകിവരുന്ന 50 രൂപ 300 രൂപയായി ഉയർത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

(ii) 2008-09- ലെ മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 11120/സബ്സി.ജി2/2011/ലെജി.)

ഖണ്ഡിക നമ്പർ 134

നഴ്സറി സ്കൂളുകളിൽ വിവിധ ആവശ്യങ്ങൾക്കായി 6 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്നും ഉച്ചഭക്ഷണത്തിന് നൽകിവരുന്ന 5 രൂപ 10 രൂപയായി വർദ്ധിപ്പി ക്കണമെന്നുമുള്ള സമിതിയുടെ ശുപാർശയില്, കുട്ടികളുടെ ഉച്ചഭക്ഷണത്തിന് നൽകിവരുന്ന തുക 5 രൂപയിൽ നിന്ന് 10 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട് എന്ന മറുപടി സമിതി അംഗീകരിച്ചു.।

(ഇ) <u>സാമൂഹ്യനീതി വകുപ്പ്</u>

(i) 2006-2007-ലെ ഒന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 599/സബ്സി.ജി2/2011/ലെജി.)

ഖണ്ഡിക നമ്പർ 86

'കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന് അംശദാനം' എന്ന ഇനത്തിൽ നിലവിലെ കുടിശ്ശിക കൊടുത്തുതീർക്കുന്നതിനായി 39 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന സമിതിയുടെ ശുപാർശയിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമേ 9,67,000 രൂപ തൻവർഷം ധനപുനർവിനിയോഗംവഴി ബോർഡിന് അനുവദിച്ച് നൽകിയിരുന്നു എന്നും തുടർന്നുള്ള വർഷങ്ങളിൽ ബോർഡിന് നൽകുവാനുണ്ടായിരുന്ന കുടിശ്ശിക പൂർണ്ണമായും അനുവദിച്ചിരുന്നുവെന്നുമുള്ള മറുപടി സമിതി അംഗീകരിച്ചു..

(ii) 2007-2008-ലെ രണ്ടാമത് റിപ്പോർട്ട്
(ഫയൽ നമ്പർ 600/സബ്സി.ജി2/2011/ലെജി.)

ഖണ്ഡിക നമ്പർ 126

പദ്ധതി ആവിഷ്കരണ നിരീക്ഷണ സെൽ (പി.ഡി.എം. സെല്) സെല്ലിന് തെരുവ് കുട്ടികളുടെ പുനരധിവാസത്തിനും ചിൽഡ്രൻസ് ആക്ട് നടപ്പിലാക്കുന്നതിനുമായി ബഡ്ജറ്റ് വിഹിതത്തിന് പുറമേ 52 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന സമിതിയുടെ ശുപാർശയിൽ പ്രസ്തുത പദ്ധതിയ്ക്കായി ധനപുനർവിനിയോഗം വഴി തുക അനുവദിക്കുവാൻ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും തുക അനുവദിച്ച് കിട്ടാത്തതിനാൽ തൻവർഷം പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല. തുടർന്നുള്ള വർഷങ്ങളിൽ തുക അനുവദിച്ച് നൽകിയിട്ടുണ്ട് എന്ന മറുപടി സമിതി അംഗീകരിച്ചു.

തെരുവ്കുട്ടികളെ പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പൂർണ്ണമായ റിപ്പോർട്ട് ഒരാഴ്ചയ്ക്കുള്ളിൽ സബ്ജക്ട് കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ചെയർമാൻ സാമൂഹ്യനീതി വകുപ്പിനോട് ആവശ്യപ്പെട്ടു.

ഖണ്ഡിക 128

<u>ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ</u> (50% കേന്ദ്രാവിഷ്കൃത പദ്ധതി)

കോഴിക്കോട് ജില്ലയിൽ ആൺകുട്ടികൾക്കായുള്ള ജുവനൈൽ ഹോം കെട്ടിട നിർമ്മാണത്തിനായി 25 ലക്ഷം രൂപ വകയിരുത്തണമെന്ന ശുപാർശയിൽ തൻവർഷം അധികതുക ലഭിക്കുകയുണ്ടായില്ല. തുടർന്നുള്ള വർഷങ്ങളിൽ ആവശ്യമായ തുക വകയിരുത്തുകയും കെട്ടിടനിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട് എന്ന മറുപടി സമിതി അംഗീകരിച്ചു.

ഖണ്ഡിക 129

ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിലെ ഭരണ സംവിധാനം മെച്ചപ്പെടുത്തൽ എന്ന ശീർഷകത്തിൽ കൊല്ലം ജില്ലയിലെ ജുവനൈൽ ഹോമിന്റെ പണി പൂർത്തിയാക്കുന്നതിനും എറണാകുളം ജില്ലയിൽ ജുവൈനൽ ഹോം ആരംഭിക്കുന്നതിനുമായി അധികതുക വകയിരുത്തണമെന്ന സമിതിയുടെ ശുപാർശയിൽ തൻവർഷം അധികതുക വകയിരുത്തുകയുണ്ടായില്ല. കൊല്ലം ജില്ലയിൽ ജുവനൈൽഹോം നിർമ്മാണം ആരംഭിച്ചുവെങ്കിലും പണി പൂർത്തിയാക്കാൻ സാധിച്ചില്ല. എറണാകുളം ജില്ലയിലെ ജുവൈനൽ ഹോമിന്റെ പണി പൂർത്തിയാക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട് എന്ന മറുപടി സമിതി അംഗീകരിച്ചു.

ഖണ്ഡിക 131

<u>വനിതാ വികസന പദ്ധതി എന്ന കണക്കിനത്തിൽ സ്ത്രീധന നിരോധനം നടപ്പിലാക്കൽ</u>

50 വയസ്സിനുമുകളിൽ പ്രായമുള്ള വിധവകൾക്കും അവിവാഹിതരായ സ്ത്രീകൾക്കും പോഷകാഹാര സംരക്ഷണം, കുറഞ്ഞ വരുമാനക്കാരായ സ്ത്രീകൾക്ക് സാമ്പത്തിക സഹായം തുടങ്ങിയ പദ്ധതികൾക്കായി അധികതുക വകയിരുത്തണമെന്ന സമിതിയുടെ ശുപാർശയിൽ തൻവർഷം അധികതുക വകയിരുത്തുകയുണ്ടായില്ല. എന്നും എന്നാൽ 2013-14 സാമ്പത്തിക വർഷം വനിതാ വികസന പദ്ധതിയ്ക്കായി 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട് എന്നുമുള്ള മറുപടി സമിതി അംഗീകരിച്ചു.

(iii) 2008-2009-ലെ മൂന്നാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 11120/സബ്സി.ജി2/2011/ലെജി.)

ഖണ്ഡിക നമ്പർ 137

ഭരണസംവിധാനം ശക്തിപ്പെടുത്തൽ എന്ന ശീർഷകത്തിൽ സാമൂഹ്യനീതി വകുപ്പിൽ ആഡിറ്റ് സെൽ രൂപീകരിക്കുന്നതിനും പുതുതായി വാഹനം വാങ്ങുന്നതിനുമായി അധികതുക വകയിരുത്തണമെന്ന ശുപാർശയിൽ തൻവർഷം അധികതുക വകയിരുത്തി യിരുന്നില്ലെങ്കിലും തുടർവർഷം സാമൂഹ്യക്ഷേമ വകുപ്പിൽ പുനർവിന്യാസം വഴി ഇന്റേണൽ ഓഡിറ്റ് സെൽ രൂപീകരിച്ചപ്പോൾ ആവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനായുള്ള പ്രൊപ്പോസൽ അനുവദിക്കപ്പെട്ടിട്ടില്ല എന്ന മറുപടി പരിഗണിക്കുകയും പ്രൊപ്പോസൽ പ്രകാരമുള്ള തസ്തികകൾ അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

ഖണ്ഡിക 138

മാനസിക വളർച്ചയില്ലാത്ത കുട്ടികൾക്കുവേണ്ടിയുള്ള സഹായം എന്ന ശീർഷക ത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ ഉദ്ദേശിക്കുന്ന പദ്ധതി പ്രകാരം മുൻകാലങ്ങളിലെ സ്കോളർഷിപ്പ് കുടിശ്ശിക നൽകുന്നതിനും തൻവർഷത്തെ അപേക്ഷകൾ പരിഗണിക്കുന്നതിനുമായി 8 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന സമിതിയുടെ ശുപാർശയിൽ ആ വർഷം അധികതുക ലഭിച്ചില്ല എന്ന മറുപടി സമിതി അംഗീകരിച്ചു.

ഖണ്ഡിക 142

നിലവിലുള്ള സാമൂഹ്യക്ഷേമ സ്ഥാപനങ്ങളുടെ നവീകരണം സംബന്ധിച്ച ശീർഷകത്തിൽ വകുപ്പ് നേരിട്ട് നടത്തുന്ന വൃദ്ധസദനം ചാക്കയിൽ നിന്നും പുലയനാർ കോട്ടയിലേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് കെട്ടിടം നിർമ്മിക്കുന്നതിനും അനുബന്ധ സൗകര്യങ്ങൾക്കുമായി അധികതുക വകയിരുത്തണമെന്ന സമിതിയുടെ ശുപാർശയുടെ

അടിസ്ഥാനത്തിൽ പുലയനാർകോട്ടയിൽ കെട്ടിടനിർമ്മാണം പൂർത്തിയാക്കുകയും വൃദ്ധസദനത്തിന്റെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട് എന്ന് സമിതിയെ അറിയിച്ച പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

ഖണ്ഡിക 143

അസംഘടിത വിഭാഗത്തിനുവേണ്ടി പുതിയ സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ എന്ന ശീർഷകത്തിൽ താഴെത്തട്ടിലുള്ള ജനങ്ങൾക്ക് സാമൂഹ്യനീതി നടപ്പാക്കല്, വികലാംഗരായ പെൺകുട്ടികൾക്കും വികലാംഗരായ രക്ഷിതാക്കളുടെ പെൺമക്കൾക്കും വേണ്ടി നിലവിലുള്ള ഡേകെയർ സെന്ററുകൾക്ക് അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനും പുതിയ ഡേകെയർ സെന്ററുകൾ സ്ഥാപിക്കുന്നതിനുമായി 110 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന സമിതിയുടെ ശുപാർശയിൽ 2008-09 വർഷത്തിൽ അധികതുക വകയിരുത്തുന്നതിനായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും ആയത് അനുവദിക്കുകയുണ്ടായില്ല എന്ന് അറിയിക്കുകയും ആയത് സമിതി അംഗീകരിക്കുകയും ചെയ്തു.

ഖണ്ഡിക 160

സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും വേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധ സംഘടനകൾക്ക് സാമ്പത്തിക സഹായവും സാങ്കേതിക പരിജ്ഞാനവും നൽകുന്നതിനായി കേന്ദ്രസഹായത്തോടെ രൂപീകരിച്ച സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിന് അംശദാനം നൽകേണ്ടതിലേയ്ക്ക് കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് അംശദാനം എന്ന ശീർഷകത്തിൽ അധികതുക വകയിരുത്തണമെന്ന സമിതിയുടെ ശുപാർശയിൽ തൻവർഷം തുകയൊന്നും വകയിരുത്തിയിട്ടില്ലെങ്കിലും തുടർന്നുള്ള വർഷങ്ങളിൽ ആവശ്യപ്പെട്ട മുഴുവൻ തുകയും അനുവദിച്ച് നൽകിയിട്ടുണ്ട് എന്ന മറുപടി സമിതി അംഗീകരിച്ചു.

(iv) 2009-10 ലെ നാലാമത് റിപ്പോർട്ട്

(ഫയൽ നമ്പർ 11115/സബ്സി.ജി2/2011/ലെജി.)

2009-10 സാമ്പത്തിക വർഷത്തെ നാലാമത് റിപ്പോർട്ടിലെ സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട 171, 172, 173, 180, 186, 188, 189, 190, 192, 193, 194, 203, 206, 207 എന്നീ ഖണ്ഡികകളിലെ ശുപാർശകൾക്കുള്ള മറുപടി താമസംവിനാ സമിതിയ്ക്ക് ലഭ്യമാക്കുന്നതാണെന്ന് വകുപ്പ് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

**(IV) 2010-11 വർഷം മുതലുള്ള സമിതി റിപ്പോർട്ടുകളിലെ ശുപാർശ കളിന്മേൽ മറുപടി ലഭ്യമാക്കാനുള്ളവ സംബന്ധിച്ച സ്റ്റേറ്റുമെന്റ്**

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം, നടപടി സ്റ്റേറ്റ്മെന്റുകൾ ലഭ്യമാക്കാൻ കാലതാമസം നേരിടുന്നപക്ഷം ആയതിന്റെ കാരണം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഡിലേസ്റ്റേറ്റ്മെന്റ് 2010-11 സാമ്പത്തിക വർഷം മുതൽ ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാർ സഭയിൽ ക്ഷമാപണ ത്തോടെ സമർപ്പിച്ചുവരികയാണ് എന്നും ഇത് ഒഴിവാക്കുന്നതിനായി ശുപാർശ കളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം ചട്ടപ്രകാരമുള്ള സമയത്തിനുള്ളിൽ സമിതിയ്ക്ക് ലഭ്യമാക്കുന്നതിന് വകുപ്പുതല ഉദ്യോഗസ്ഥർ ശ്രദ്ധിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. തുടർന്ന് 2010-11 മുതലുള്ള വിവിധ വർഷങ്ങളിലെ റിപ്പോർട്ടുകളിലെ ഇനിയും മറുപടി നൽകുവാനുള്ള ഖണ്ഡികകൾ വകുപ്പ് തിരിച്ച് സമിതി ചർച്ച ചെയ്തു .

2010-11 സാമ്പത്തികവർഷത്തെ അഞ്ചാമത് റിപ്പോർട്ടിലെ എല്ലാ ശുപാർശകൾക്കും മറുപടി ലഭിച്ചിട്ടുണ്ടെന്നും 2011-12 സാമ്പത്തിക വർഷത്തെ ഒന്നാമത് റിപ്പോർട്ടിലെ 40 ശുപാർശകളിന്മേലും 2012-13 സാമ്പത്തിക വർഷത്തെ രണ്ടാമത് റിപ്പോർട്ടിലെ 55 ശുപാർശകളിന്മേലും സർക്കാർ മറുപടി ലഭിക്കുവാൻ ഉണ്ടെന്നും എന്നാൽ 2013-14 സാമ്പത്തിക വർഷത്തെ മൂന്നാമത് റിപ്പോർട്ടിലെ ഒരു ശുപാർശകൾക്കും സർക്കാർ മറുപടി ലഭിച്ചിട്ടില്ലെന്നും ആയത് ഗുരുതരമായ വീഴ്ചയാണെന്നും സമിതി വിലയിരുത്തി. ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച കൃത്യമായ വിവരം സമർപ്പിക്കു ന്നതിൽ വകുപ്പ് ഉദ്യാഗസ്ഥർ ശ്രദ്ധിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

മേല്പറഞ്ഞ റിപ്പോർട്ടുകളിലെ മറുപടി ലഭിക്കുവാനുള്ള ഖണ്ഡികയിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റ് അടിയന്തരമായി സമിതിക്കു ലഭ്യമാക്കണമെന്നും സമിതിയുടെ ശുപാർശ കളിൽ അതാത് സാമ്പത്തികവർഷംതന്നെ വകുപ്പുകൾ നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടികളുടെ കൃത്യമായ വിവരം യഥാസമയം സമിതിയ്ക്ക് ലഭ്യമാക്കേണ്ട താണെന്നും ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് കർശന നിർദ്ദേശം നൽകുകയുണ്ടായി.

വൈകുന്നേരം 6.55-ന് സമിതി യോഗം പിരിഞ്ഞു.

## 2014 ഫെബ്രുവരി 18-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2014 ഫെബ്രുവരി 18-ാം തീയതി ചൊവ്വാഴ്ച രാവിലെ 10.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ IV B കോൺഫറൻസ് ഹാളിൽ സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗം ബഹു. പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി കുമാരി പി. കെ. ജയലക്ഷ്മിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. കെ. രാധാകൃഷ്ണൻ, എം. എൽ. എ.
2. ശ്രീമതി കെ. എസ്. സലീഖ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. ആശാ തോമസ്, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി വികസനവും പിന്നോക്കസമുദായ വികസനവും വകുപ്പ്
2. ശ്രീ. സുബ്രതാ ബിശ്വാസ്, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പ്
3. ശ്രീ. ഇ. കെ. പ്രകാശ്, സ്പെഷ്യൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
4. ശ്രീ. കെ. എസ്. പത്മകുമാർ, സ്പെഷ്യൽ സെക്രട്ടറി, പട്ടികജാതി വികസന വകുപ്പ്
5. ശ്രീ. ആർ. കുമാർ, അഡീഷണൽ സെക്രട്ടറി, പട്ടികജാതി വികസന വകുപ്പ്
6. ശ്രീ. ജെ. എൽ. ജസ്റ്റിൻ വിൽസ്, ജോയിന്റ് സെക്രട്ടറി, ധനകാര്യവകുപ്പ്
7. ശ്രീമതി ശ്രീജ എസ്. ജി. നായർ, ജോയിന്റ് സെക്രട്ടറി, പട്ടികജാതി വികസന വകുപ്പ്
8. ശ്രീ. എം. എസ്. എബ്രഹാം, ജോയിന്റ് സെക്രട്ടറി, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്
9. ശ്രീ. അലി അസ്ഗർപാഷ, ഡയറക്ടർ, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്
10. ശ്രീ. പി. വി. മനോജ്, രജിസ്ട്രാർ, കേരള സംസ്ഥാന പട്ടിജാതി പട്ടികവർഗ്ഗ കമ്മീഷൻ

11. ശ്രീ. ടി. വേണുഗോപാൽ, രജിസ്ട്രാർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷൻ

12. ശ്രീ. ബി. ദിലീപ് കുമാർ, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നോക്കസമുദായ വികസന കോർപ്പറേഷൻ

13. ശ്രീ. ടി. ആർ. രഞ്ചു, മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ

14. ശ്രീ. എം. എ. സുബ്രഹ്മണ്യൻ, മാനേജിംഗ് ഡയറക്ടർ, പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ

15. ശ്രീ. വി. ശശികുമാർ, പ്രോജക്ട് ഓഫീസർ, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ.

സമിതി, 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം, പിന്നോക്കസമുദായ വികസനം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XXV-ലെ (പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം) വിവിധ കണക്കിനങ്ങൾ പരിഗണിക്കുകയുണ്ടായി. ഇത് സംബന്ധിച്ച് വകുപ്പുകളിൽനിന്നും ലഭ്യമായ കുറിപ്പുകൾ സമിതി പരിശോധിക്കുകയും ആവശ്യമായ സന്ദർഭങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം ആരായുകയും താഴെപ്പറയുന്ന ശുപാർശകളും നിർദ്ദേശങ്ങളും നൽകുന്നതിന് തീരുമാനിക്കുകയും ചെയ്തു:

**പട്ടികവർഗ്ഗ വികസന വകുപ്പ്**

പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രീ മെട്രിക് ഹോസ്റ്റലുകളിലെ അന്തേവാസികൾക്ക് അനുവദിച്ചിരുന്ന മെസ് ചാർജ്ജ് 50% വർദ്ധിപ്പിച്ചതിനാലും 2014-15 സാമ്പത്തിക വർഷത്തിൽ അട്ടപ്പാടിയിലും ഇടുക്കിയിലും ഹോസ്റ്റലുകൾ പുതുതായി ആരംഭിക്കുന്നതിനാൽ ഹോസ്റ്റൽ നടത്തിപ്പിന്റെ ചെലവ് കഴിഞ്ഞ വർഷത്തെക്കാൾ അധികരിക്കുമെന്നതിനാലും 'ഗിരിവർഗ്ഗഹോസ്റ്റൽ' എന്ന ശീർഷകത്തിൽ 500 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന 15 നഴ്സറി സ്കൂളുകൾ 1995-96-ൽ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയെങ്കിലും നഴ്സറി സ്കൂൾ ടീച്ചർ, ആയ എന്നിവരുടെ ശമ്പളവും മറ്റ് അലവൻസുകളും കുട്ടികളുടെ ഉച്ചഭക്ഷണത്തിനുള്ള ചെലവും പട്ടികവർഗ്ഗവികസന വകുപ്പിൽ നിന്നുമാണ് നൽകുന്നതെന്നു സമിതി മനസ്സിലാക്കുന്നു. 2012-13-ൽ പി.എസ്.സി.വഴി അദ്ധ്യാപക നിയമനം നടക്കാത്തതിനാൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ച അദ്ധ്യാപകരുടെ ശമ്പള കുടിശ്ശിക നൽകുന്നതിനും സാധനങ്ങളുടെ വിലക്കയറ്റം മൂലമുണ്ടാകുന്ന അധികചെലവ് വഹിക്കുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 'നഴ്സറി സ്കൂൾ' എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടതാണെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള 110 പ്രീ മെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും അട്ടപ്പാടി ഹോസ്റ്റലിന്റെ നവീകരണം നടത്തണമെന്ന കേന്ദ്ര ഗവൺമെന്റ്/പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷനുകളുടെ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നവീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായി 'പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ' എന്ന ശീർഷകത്തിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതത്തിന് പുറമെ 150 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടതാണെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച കണ്ണൂർ ജില്ലയിലെ ആറളം, 2012-13-ൽ പ്രഖ്യാപിച്ചിട്ടുള്ള തിരുവനന്തപുരം ജില്ലയിലെ കുറ്റിച്ചൽ എന്നിവിടങ്ങളിൽ 2014-15 വർഷം പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ ആരംഭിക്കുന്നതിനും ടി സ്കൂളുകളുടെ നടത്തിപ്പിനും കൂടാതെ മോഡൽ റസിഡൻഷ്യൽ/ആശ്രാമം സ്കൂളുകളിൽ ഭക്ഷണച്ചെലവ് ഒഴികെ യൂണിഫോം ഉൾപ്പെടെ മറ്റ് അലവൻസുകളുടെ നിരക്ക് വർദ്ധനവ് മൂലമുള്ള അധിക ചെലവുകൾക്കും കേന്ദ്ര സർക്കാരിലേക്ക് അനുമതിക്കായി സമർപ്പിച്ചിട്ടുള്ള 10 പുതിയ ആശ്രാമം സ്കൂളുകളുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കും ദൈനംദിന ചെലവുകൾക്കുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 'ആശ്രാമം സ്കൂളുകൾ/മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവയുടെ നടത്തിപ്പ്' എന്ന ശീർഷകത്തിൽ 400 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടതാണെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഓരോ ജില്ലയിലും എസ്. എസ്. എൽ. സി., പ്ലസ് ടു, ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ ഡിഗ്രി മുതലായ പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്നതിനുവേണ്ടി ആകെ 55 ലക്ഷം രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ 'അതിസമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള സ്പെഷ്യൽ ഇൻസെന്റീവ്' എന്ന ശീർഷകത്തിൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 19 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടതാണെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 4 ഉം 7 ഉം ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഒരു മത്സരപരീക്ഷയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് അവർക്ക് ആവശ്യമായ പുസ്തകം, ഹോസ്റ്റൽ ചെലവുകൾ, പ്രത്യേക ട്യൂഷൻ, ആരോഗ്യ പരിപാലനം എന്നിവ നൽകുന്നതിനായി ആകെ 45 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 'അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ്' എന്ന ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടതാണെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

'അനാഥർക്കുള്ള ധനസഹായം' എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക സമിതി പരിഗണിക്കവെ, മാതാപിതാക്കൾ നോക്കാനില്ലാത്ത പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക സഹായം നൽകുന്ന പദ്ധതിയാണിതെന്നും ഇത്തരത്തിലുള്ള കുട്ടികളെ കണ്ടെത്തുന്നതിനായി സർവ്വെ നടത്തുന്നതിനും അവരെ പുനരധിവസിപ്പിക്കുന്ന

തിനും പ്രായപൂർത്തിയാകുന്നതുവരെയോ സ്വന്തമായി വരുമാനം ഉണ്ടാകുന്നതുവരെയോ ജീവിക്കുന്നതിനും വിദ്യാഭ്യാസം ചെയ്യുന്നതിനും ആവശ്യമായ ധനസഹായം നൽകുന്നതിനാണ് തുക വിനിയോഗിക്കുന്നതെന്നും ഈ പദ്ധതിക്കായി 42 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നതായും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. പ്രസ്തുത ശീർഷകത്തിൽ ബഡ്ജറ്റ് വിഹിതത്തിന് പുറമെ 31 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടതാണെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

അംഗീകൃത യൂണിവേഴ്സിറ്റികളിൽ/സ്ഥാപനങ്ങളിൽ എം.ബി.എ., എം.എസ്.സി. കമ്പ്യൂട്ടർ സയൻസ്, എം.സി.എ., എം.ബി.ബി.എസ്., ബി.ഡി.എസ്., എം.ടെക്. തുടങ്ങിയ പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനായി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 'വിദ്യാർത്ഥികൾക്കുള്ള ലാപ്ടോപ്പ് വിതരണം' എന്ന ശീർഷകത്തിൽ 100 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടതാണെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സംസ്ഥാനത്തെ പട്ടികവർഗ്ഗ അമ്മമാരുടെയും കുട്ടികളുടെയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ജനനി-ജന്മരക്ഷ എന്ന പദ്ധതി പ്രകാരം പട്ടികവർഗ്ഗ യുവതി, ഗർഭിണി ആയതിനുശേഷമുള്ള മൂന്ന് മാസം മുതൽ 18 മാസക്കാലയളവിൽ കുഞ്ഞിന് ഒരു വയസ്സ് തികയുന്നതുവരെ 1,000 രൂപ വീതം ഓരോ മാസവും ധനസഹായം നൽകുന്നതിനുപുറമെ ജനനം മുതൽ 6 മാസം പ്രായമാകുന്നതുവരെ കുഞ്ഞിനും സഹായം നൽകിവരുന്നു. ഈ പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ `ജനനി ജന്മരക്ഷ' എന്ന ശീർഷകത്തിൽ നിലവിലുള്ള 100 ലക്ഷത്തിന് പുറമെ 800 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടതാണെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പട്ടികവർഗ്ഗക്കാർക്ക് എതിരെ നടക്കുന്ന അതിക്രമങ്ങൾ തടയുക, അതിക്രമങ്ങൾക്ക് വിധേയരാകുന്നവരെ പുനരധിവസിപ്പിക്കുക, സൗജന്യ നിയമസഹായം നൽകുക, ഇവരുടെ കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകുക തുടങ്ങിയ വിവിധ ക്ഷേമപ്രവർത്തനങ്ങൾ ലക്ഷ്യമിട്ടിട്ടുള്ള `അതിക്രമങ്ങൾ തടയുന്നതിനു വേണ്ടിയുള്ള സ്കീം നടപ്പാക്കൽ' എന്ന പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 30 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടതാണെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി മിശ്രവിവാഹിതർക്ക് ധനസഹായം നൽകുന്ന പദ്ധതിയിലേക്ക് ധാരാളം അപേക്ഷകൾ ലഭിച്ച സാഹചര്യത്തിലും മുൻ വർഷത്തിൽ ലഭിച്ച അപേക്ഷയിന്മേൽ ധനസഹായം നൽകുന്നതിനും നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് ഉദ്യോഗസ്ഥർ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി. തുടർന്ന് വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം-റവന്യൂ ചെലവുകൾക്കുള്ള ബ്ലോക്ക് ഗ്രാന്റ് എന്ന ശീർഷകത്തിലും 'മിശ്രവിവാഹ ധനസഹായം' എന്ന ശീർഷകത്തിലുമായി 25 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടതാണെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പഞ്ചായത്തുകൾ അവരുടെ പ്രോജക്ടിൽ ഉൾപ്പെടുത്തി പട്ടികജാതിക്കാർക്ക് ഇത്തരം ധനസഹായം നൽകുന്നുണ്ടെന്നും അതുപോലെ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഫണ്ട് വകയിരുത്തുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു. ഈ പദ്ധതിക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രത്യേകം തുക വകയിരുത്തിയിട്ടില്ലായെങ്കിൽ പ്രസ്തുത പദ്ധതിക്കായി മതിയായ തുക വകയിരുത്തണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകേണ്ടതാണെന്നും മിശ്രവിവാഹിതർക്ക് നൽകിവരുന്ന ധനസഹായതുക വർദ്ധിപ്പിക്കേണ്ടതാണെന്നും ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന ബാലവാടികളിലെയും ക്രഷുകളിലെയും അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 'വില്ലേജ് പഞ്ചായത്തുകൾക്കുള്ള ധനസഹായം', 'ബാലവാടികളും ക്രഷുകളും' എന്നീ ശീർഷകങ്ങളിലായി 13 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ദുർഘടവും വിദൂരവുമായ കോളനികളിൽനിന്നും വരുന്ന കുട്ടികളെ സ്കൂളുകളിൽ എത്തിക്കുന്നതിനായി സ്കൂൾ പി. റ്റി. എ.കളുമായി സഹകരിച്ച് കുട്ടികൾക്ക് യാത്രാ സൗകര്യം ഒരുക്കുന്ന 'പട്ടികവർഗ്ഗക്കാർക്കിടയിലെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കൽ (ഗോത്രസാരഥി)' പദ്ധതിക്കായി ബഡ്ജറ്റ് വിഹിതത്തിനുപുറമെ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് വകുപ്പ് ആവശ്യപ്പെടുകയുണ്ടായി.

വൻതുക ചെലവഴിച്ച് ആരംഭിച്ച മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും ആശ്രാമം സ്കൂളുകളിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം ഏറെ പരിമിതമായിരിക്കെ കുട്ടികളുടെ സ്കൂളുകളിലേക്കുള്ള യാത്രയ്ക്ക് മാത്രമായി കോടികൾ ചെലവഴിക്കുന്നത് ദുർവ്യയമാണെന്ന് അഭിപ്രായപ്പെട്ട സമിതി മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേക്ക് പ്രവേശനത്തിനുള്ള നടപടിക്രമം ലഘൂകരിക്കേണ്ടതാണെന്നും പരമാവധി കുട്ടികളെ ഇത്തരം റസിഡൻഷ്യൽ സ്കൂളുകളിൽ പ്രവേശിപ്പിച്ച് അവർക്ക് ഏറ്റവും നല്ല വിദ്യാഭ്യാസം നൽകുവാൻ വേണ്ട നടപടിയാണ് സ്വീകരിക്കേണ്ടതെന്നും 2013-14-ൽ 'ഗോത്രസാരഥി' പദ്ധതിക്കായി ചെലവഴിച്ച തുക സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്നും നിർദ്ദേശിച്ചു. തുടർന്ന് ഗോത്രസാരഥി പദ്ധതിക്കായി അധികതുക വകയിരുത്തണമെന്ന വകുപ്പിന്റെ ആവശ്യം നിരാകരിക്കുകയും ചെയ്തു.

മാനേജ്മെന്റ് പരിശീലകർക്കും ഹെൽത്ത് മാനേജ്മെന്റ് പരിശീലകർക്കും ഹോണറേറിയം നൽകുന്നതിനായി ബഡ്ജറ്റ് വിഹിതത്തിന് പുറമേ 10 ലക്ഷം രൂപ കൂടി വകയിരുത്തണമെന്ന വകുപ്പിന്റെ ആവശ്യം, കഴിഞ്ഞ വർഷം ഇതിനായി വകയിരുത്തിയിരുന്ന തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച് സമിതി മുമ്പാകെ വ്യക്തമായ കണക്കുകൾ ലഭ്യമാക്കാത്തതിനാൽ സമിതി അംഗീകരിക്കുകയുണ്ടായില്ല.

2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച താഴെ പറയുന്ന പുതിയ പദ്ധതികളിൽ ശീർഷകം നൽകിയിട്ടില്ലാത്തവയ്ക്ക് ശീർഷകവും ഓരോന്നിനും തുകയും വകയിരുത്തേണ്ടതാണെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിക്കുകയുണ്ടായി.

ഏറ്റവും പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുക്കപ്പെട്ട 14 കേന്ദ്രങ്ങളെ അഡീഷണൽ ട്രൈബൽ സബ് പ്ലാനിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ ജനതയുടെ സാംസ്കാരിക തനിമ നിലനിർത്തികൊണ്ട് അവരുടെ സാമൂഹിക-സാമ്പത്തിക ഉന്നമന ത്തിനായി `സംയോജിത സുസ്ഥിര വികസന പദ്ധതി' (ഇന്റഗ്രേറ്റഡ് സസ്റ്റൈനബിൾ ഡെവലപ്പ്മെന്റ് ഓഫ് ഷെഡ്യൂൾഡ് ട്രൈബ് പോപ്പുലേഷൻ ഇൻ ഐഡന്റിഫൈഡ് ലൊക്കേഷൻ/സെറ്റിൽമെന്റ്) നടപ്പിലാക്കുന്നതിനായി 150 കോടി രൂപ പ്രത്യേക ശീർഷകത്തിൽ അനുവദിക്കേണ്ടതാണെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

പട്ടികജാതി വിഭാഗക്കാർക്ക് നൽകിവരുന്ന 50,000 രൂപ വരെയുള്ള വായ്പ കൾക്കുള്ള കടാശ്വാസ പദ്ധതി പട്ടികവർഗ്ഗക്കാർക്ക് കൂടി ബാധകമാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 2008-ലെ സർവ്വേ പ്രകാരം സംസ്ഥാനത്തെ 22000 പട്ടികവർഗ്ഗക്കാർ വിവിധ ബാങ്കുകളിൽനിന്നും വായ്പ എടുത്ത് കുടിശ്ശിക വരുത്തിയിട്ടുള്ളതായി കണ്ടെ ത്തിയിട്ടുള്ളതിൽ വീട് വയ്ക്കുന്നതിനും തോട്ടം തുടങ്ങുന്നതിനും മറ്റുമായി എടുത്തിട്ടു ള്ളതും കുടുംബശ്രീയിൽനിന്നും എടുത്തിട്ടുള്ളതുമായ 31-1-2010-ൽ കാലാവധി കഴിഞ്ഞ വായ്പയുടെ മുതലും പലിശയും എഴുതിത്തള്ളുന്നതിന് ലക്ഷ്യമിടുന്ന ഈ പദ്ധതിക്കായി വായ്പാകുടിശ്ശിക വരുത്തിയിട്ടുള്ളവരെ കണ്ടെത്തുന്നതിന് വകുപ്പുതല സർവ്വേ നടത്തേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ ഫണ്ട് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതു മുള്ളതായി ഉദ്യോഗസ്ഥർ സമിതിയെ ബോധ്യപ്പെടുത്തി. ആയതിനാൽ ഈ പദ്ധതിക്കായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച 2 കോടി രൂപയ്ക്ക് പുറമേ 2 കോടി രൂപ കൂടി പ്രത്യേക ശീർഷകത്തിൽ അനുവദിക്കേണ്ടതാണെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പട്ടികവർഗ്ഗ വനിതകൾക്ക് തൊഴിൽ/വിദ്യാഭ്യാസം/പരിശീലനം എന്നിവയ്ക്കായി ദൂരസ്ഥലങ്ങളിലേക്ക് പോകേണ്ടിവരുമ്പോൾ അവരുടെ കുട്ടികളോടുകൂടി താമസിക്കുന്നതി നായി എറണാകുളം ജില്ലയിലെ പെരുമ്പാവൂരിലും, കൊച്ചിയിലും ഇടുക്കി ജില്ലയിലെ പെട്ടിമുടിയിലും കേന്ദ്ര ഗവൺമെന്റ് ധനസഹായത്തോടുകൂടി സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്ന മൾട്ടി പർപ്പസ് ഹോസ്റ്റൽ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ഹോസ്റ്റൽ ആരംഭിക്കുന്നതിനും ഹോസ്റ്റലിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും അവ ആരംഭിക്കുന്ന മുറയ്ക്ക് ആവശ്യമായ തുക അനുവദിക്കേണ്ട താണെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പട്ടികവർഗ്ഗ വിഭാഗങ്ങളിലെ തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി ഈ വിഭാഗത്തിലെ വ്യവസായ സംരംഭകർക്ക് ധനസഹായം നൽകുന്നതിന് 2 കോടി രൂപ പ്രത്യേക ശീർഷകത്തിൽ അനുവദിക്കേണ്ടതാണെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിരുന്ന തിരുവനന്തപുരം ജില്ലയിലെ വിതുരയിൽ ആദിവാസി പാരമ്പര്യ വൈദ്യ പഠനകേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. വയനാട് ജില്ലയിൽകൂടി ഇത്തരത്തിൽ ഒരു പാരമ്പര്യ വൈദ്യപഠന കേന്ദ്രം സ്ഥാപിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ ടി പഠന കേന്ദ്രങ്ങളുടെ ദൈനംദിന ചെലവുകൾക്കായി 10 ലക്ഷം രൂപ പ്രത്യേക ശീർഷകത്തിൽ അനുവദിക്കേണ്ട താണെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**പട്ടികജാതി വികസന വകുപ്പ്**

പട്ടികജാതി വിദ്യാർത്ഥികൾക്ക് മെട്രിക്കുലേഷന് ശേഷമുള്ള പഠനങ്ങൾക്കായി ലംപ്സം ഗ്രാന്റ്, സ്റ്റൈപ്പന്റ്, ഹോസ്റ്റൽ ചാർജ്ജ്, പോക്കറ്റ് മണി മുതലായവ നൽകുന്നതിന് വിഭാവനം ചെയ്തിട്ടുള്ള മെട്രിക്കുലേഷന് ശേഷമുള്ള പഠനങ്ങൾ എന്ന പദ്ധതിക്കായി 2014-15 സാമ്പത്തിക വർഷം 200 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നതിനാൽ നിലവിലെ ബഡ്ജറ്റ് വിഹിതത്തിനുപുറമെ 55 കോടി രൂപ അധികമായി വകയിരുത്തേണ്ടതാണെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-15 സാമ്പത്തിക വർഷം 'കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിനുള്ള കമ്മീഷൻ' നടത്താനുദ്ദേശിക്കുന്ന വിവിധ പ്രവർത്തനങ്ങൾക്കായി 50,39,000 രൂപയും കമ്മീഷനിലെ ജീവനക്കാരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും ഇനത്തിൽ 53,63,000 രൂപയും ഉൾപ്പെടെ 1,04,02,000 രൂപ അധികമായി വകയിരുത്തേണ്ടതാണെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കൂടാതെ, കമ്മീഷൻ നിലവിൽ വന്നതുമുതൽ പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ടിലെ സെക്ഷൻ 3 കൂടി ഉൾപ്പെടുത്തി എത്ര കേസ്സുകൾ ചാർജ് ചെയ്തിട്ടുണ്ടെന്ന വിവരവും പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട് ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെട്ട് കേന്ദ്രസർക്കാരിലേക്ക് അയച്ച കത്തിന്റെ പകർപ്പും സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

കമ്മീഷൻ സ്വമേധയാ കേസ്സെടുക്കാറുണ്ടോ എന്ന സമിതിയുടെ അന്വേഷണത്തിന് മറുപടിയായി സമീപകാലത്ത് എസ്.എ.ടി. ആശുപത്രിയിൽ ഒരു നവജാത ശിശുവിന്റെ മൃതശരീരം ബക്കറ്റിൽ കാണപ്പെട്ടു എന്ന പത്രവാർത്തയിലും കൊല്ലം ജില്ലയിൽ ഹോസ്റ്റലിൽ ഒരു കുട്ടി ആത്മഹത്യ ചെയ്ത സംഭവത്തിലും പൂക്കോട് വെറ്റിനറി കോളേജിനുവേണ്ടി സ്ഥലം എടുത്തപ്പോൾ അതിന്റെ പിൻവശത്തുള്ള പട്ടികവർഗ്ഗ കോളനിയിലേക്കുള്ളവഴി മതിൽകെട്ടി അടച്ചതിനെത്തുടർന്നും കമ്മീഷൻ കേസ്സെടുക്കുകയും അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ടെന്ന് കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ രജിസ്ട്രാർ അറിയിക്കുകയുണ്ടായി.

കൂടാതെ, ഗുരുവായൂർ ക്ഷേത്രത്തിൽനിന്നും പട്ടികവർഗ്ഗക്കാരനായ വാദ്യകലാകാരനെ പുറത്താക്കിയ സംഭവത്തിൽ കമ്മീഷൻ കേസ്സെടുക്കുകയും ഗുരുവായൂർ ദേവസ്വം അഡ്മിനിസ്ട്രേറ്ററോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ടെന്നും രജിസ്ട്രാർ സമിതിയെ അറിയിച്ചു.

ഓരോ മണ്ഡലത്തിലും 1 കോടി രൂപ വീതം ചെലവഴിച്ച് 'സ്വയം പര്യാപ്ത കോളനി' എന്ന പേരിൽ നടപ്പിലാക്കി വരുന്ന പദ്ധതിയുടെ മോണിറ്ററിംഗ് എപ്രകാരമാണെന്ന് സമിതി ആരാഞ്ഞു.

കോളനികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പ്രസ്തുത പദ്ധതിക്കായി ആദ്യ ഇൻസ്റ്റാൾമെന്റ് നൽകികഴിഞ്ഞുവെന്നും രണ്ടാമത്തെ ഇൻസ്റ്റാൾമെന്റ് വെരിഫിക്കേഷനുശേഷം മാത്രമേ നൽകുകയുള്ളൂവെന്നും ഏജൻസികൾ വഴിയാണ് പ്രോജക്ടുകൾ നടപ്പിലാക്കുന്നതെന്നും ഏജൻസികളുടെ കമ്മീഷൻ 15% ആണെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള സംവിധാനം ഇല്ലാത്തതിനാൽ പലപ്പോഴും മേൽപ്പറഞ്ഞ ഏജൻസികൾ സബ്കോൺട്രാക്ടുകൾ നൽകിവരുന്നതായി നിരീക്ഷിച്ച സമിതി, സബ്കോൺട്രാക്ടുകൾക്ക് വീണ്ടും 10% തുക കമ്മീഷനായി കൊടുക്കേണ്ടി വരുന്നുവെന്നും അങ്ങനെ മൊത്തം 1 കോടി രൂപയുടെ 25% തുക കമ്മീഷൻ ഇനത്തിൽ നഷ്ടപ്പെടുന്നതായി വിലയിരുത്തി ഈ പദ്ധതി നടപ്പിലാക്കുകവഴി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ലഭിക്കുന്ന നേട്ടത്തെക്കുറിച്ച് സംശയം പ്രകടിപ്പിച്ചു. കൂടാതെ വകുപ്പ് നടപ്പിലാക്കി വരുന്ന പല പ്രോജക്ടുകളും വകുപ്പ് നേരിട്ടും തദ്ദേശ സ്വയംഭരണ വകുപ്പുവഴിയും നടപ്പിലാക്കുന്നതിനാൽ പദ്ധതി നടത്തിപ്പിൽ ഡ്യൂപ്ലിക്കേഷൻ ഉണ്ടാകുന്നുവെന്നും അതുകൊണ്ട് ഇത്തരത്തിലുള്ള സ്കീമുകൾ റിവ്യൂ ചെയ്യേണ്ടതാണെന്നും സമിതി അഭിപ്രായപ്പെട്ടു.

കൂടാതെ പട്ടികവിഭാഗക്കാർക്കായി ഇപ്പോൾ നടപ്പിലാക്കിവരുന്ന ഫ്ളാറ്റ് സിസ്റ്റം ഉദ്യോഗസ്ഥർ നേരിട്ട് പരിശോധിക്കുന്നത് ഉചിതമായിരിക്കുമെന്ന് അഭിപ്രായപ്പെട്ട സമിതി, പട്ടികവിഭാഗങ്ങൾക്ക് വീട് നിർമ്മാണത്തിനാവശ്യമായ തടി, മണൽ, കല്ല് എന്നിവ പട്ടികവർഗ്ഗ വകുപ്പുവഴി സൗജന്യമായി നൽകുന്ന പദ്ധതി മുമ്പ് നിലവിലുണ്ടായിരുന്നുവെന്നും പട്ടികവിഭാഗങ്ങൾക്ക് വില കുറച്ച് മണൽ ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യത ആരായണമെന്നും ബന്ധപ്പെട്ട വകുപ്പ് മന്ത്രിയുമായി കൂടിയാലോചിച്ച് ഇക്കാര്യത്തിൽ തീരുമാനം എടുക്കേണ്ടതാണെന്നും വകുപ്പ് സെക്രട്ടറിയോട് ആവശ്യപ്പെട്ടു.

പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി ഇപ്പോൾ നടപ്പിലാക്കിവരുന്ന പദ്ധതികളെക്കുറിച്ച് വിശദമായ പരിശോധന നടത്തി ഗുണകരമല്ലാത്തവ കണ്ടെത്തണമെന്ന് സമിതി നിർദ്ദേശിക്കുകയുണ്ടായി. സമിതിക്ക് അതു സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമെന്ന് പട്ടികജാതി വികസന വകുപ്പ് ഉദ്യോഗസ്ഥർ ഉറപ്പ് നൽകി. സമിതി കഴിഞ്ഞ വർഷം പാസ്സാക്കിക്കൊടുത്ത തുക ഉപയോഗിച്ച് എന്തെല്ലാം കാര്യങ്ങൾ ചെയ്തു എന്നതിനെക്കുറിച്ച് വിശദമായ അവലോകനം നടത്തണമെന്നും നിർദ്ദേശിച്ചു.

**പിന്നോക്കസമുദായ വികസന വകുപ്പ്**

ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്തെ പിന്നോക്ക വിഭാഗക്കാരുടെ സാമൂഹ്യ സാമ്പത്തിക ചുറ്റുപാടുകൾ ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മറ്റ് പിന്നോക്ക വിഭാഗ ക്ഷേമത്തിനുതകുന്ന വിവിധ പരിപാടികൾ നടപ്പിലാക്കി വരുന്നതായും ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷനിൽനിന്നും ലഭിക്കുന്ന 70 കോടി രൂപയ്ക്കുള്ള മാച്ചിംഗ് ഗ്രാന്റായ 7 കോടി രൂപയും തനത് ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്ന പദ്ധതികൾക്ക് 8 കോടി രൂപ ഓഹരി മൂലധനവും ഉൾപ്പെടെ 15 കോടി രൂപ ഈ സാമ്പത്തിക വർഷം ആവശ്യമാണെന്നും ഉദ്യോഗസ്ഥർ സമിതിയെ ബോധ്യപ്പെടുത്തി. തുടർന്ന് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റ് വിഹിതത്തിനുപുറമെ 2.11 കോടി രൂപ അധികമായി വകയിരുത്തേണ്ടതാണെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പട്ടികജാതിക്കാരുടെയും മറ്റ് ശുപാർശിത വിഭാഗക്കാരുടെയും സാമ്പത്തിക പുരോഗതിക്കുതകുന്ന തരത്തിൽ 'പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷൻ'

നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ മുഖേന ആനുകൂല്യത്തിന് അപേക്ഷിക്കുന്ന വരുടെ എണ്ണം വർദ്ധിച്ചിട്ടുള്ളതായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കോർപ്പറേഷന്റെ പ്രവർത്തന ങ്ങൾക്കായി 10 കോടി രൂപ പ്രഖ്യാപിച്ചിരുന്നെങ്കിലും വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ 6 കോടി രൂപ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. മേൽപ്പറഞ്ഞ വിവിധ പദ്ധതികൾക്കായി ആകെ 12 കോടി രൂപ ആവശ്യമായി വരുമെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുകയ്ക്ക് പുറമെ 6 കോടി രൂപകൂടി വകയിരുത്തേണ്ട താണെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

തുടർന്ന്, മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെട്ട അർഹരായ വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സഹായം നൽകുന്നതിനും ഈ വിഭാഗത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന 12 ജാതികളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പട്ടികജാതി വിദ്യാർത്ഥികൾക്ക് നൽകി വരുന്ന രീതിയിലുള്ള ധനസഹായം നൽകുന്നതിനും ലക്ഷ്യമിടുന്ന പദ്ധതി സംബന്ധിച്ച് സമിതി ചർച്ച ചെയ്തു. കേരളത്തിൽ സ്വാശ്രയ പ്രൊഫഷണൽ സ്ഥാപന ങ്ങൾ വൻതോതിൽ ആരംഭിക്കുകയും ഈ സ്ഥാപനങ്ങളിൽ മെരിറ്റിലും റിസർവേഷനിലും നിരവധി ഒ.ഇ.സി. വിഭാഗം വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ എല്ലാ വിദ്യാർത്ഥികൾക്കും പൂർണ്ണതോതിൽ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് ബന്ധപ്പെട്ടവർ സമിതിയെ ധരിപ്പിച്ചു. ആയതിനാൽ 'മെട്രിക്കുലേഷന് ശേഷമുള്ള പഠനങ്ങൾ' ശീർഷകത്തിൽ 30 കോടി രൂപ അധികമായി വകയിരുത്തേണ്ടതാണെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

1993-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ ആക്ട് (1993-ലെ ആക്ട്-11) പ്രകാരം രൂപീകരിക്കപ്പെട്ട സ്റ്റാറ്റ്യൂട്ടറി കമ്മീഷനായ `പിന്നോക്ക വിഭാഗക്കാർക്കുള്ള സംസ്ഥന കമ്മീഷനിൽ' വെബ് പോർട്ടൽ ആരംഭിക്കുന്നതിനും കമ്മീഷൻ അംഗത്തിന് ഔദ്യോഗിക വാഹനം വാങ്ങുന്നതിനുമായി ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്ന തുകയ്ക്ക് പുറമെ 73.14 ലക്ഷം രൂപ അധികമായി വകയിരുത്തേണ്ടതാണെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

## പൊതുശുപാർശ

2013-14 സാമ്പത്തിക വർഷംമുതൽ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും വേർപെടുത്തി പിന്നോക്കസമുദായ വികസന വകുപ്പ് പ്രവർത്തിച്ചു വരുന്നതായും തൻവർഷം സംസ്ഥാന ബഡ്ജറ്റിൽ പ്ലാൻ ഇനത്തിൽ 193.5 കോടി രൂപയും നോൺ പ്ലാൻ ഇനത്തിൽ 84.92 കോടി രൂപയും പിന്നോക്കസമുദായ വികസന വകുപ്പിനായി വകയിരുത്തിയിരുന്നുവെന്നും വകുപ്പിന്റെ വർദ്ധിച്ചുവരുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഡയറക്ടറെക്കൂടാതെ വകുപ്പിന്റെ ആരംഭദിശയിലെ പ്രവർത്തന ങ്ങൾക്കുവേണ്ടി നിയമിച്ച ഒരു സൂപ്രണ്ടിന്റെയും മൂന്ന് ക്ലാർക്ക്മാരുടെയും സേവനം മാത്രമാണ് ഇപ്പോഴും ലഭിക്കുന്നതെന്നും കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ രജിസ്ട്രാർ സമിതിയെ അറിയിച്ചു. മതിയായ ജീവനക്കാരുടെ അഭാവം അനുവദിക്കപ്പെട്ട പുതിയ പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കുന്ന തിനേയും വകയിരുത്തിയ തുക ഫലപ്രദമായി വിനിയോഗിക്കുന്നതിനേയും

ദോഷകരമായി ബാധിക്കുകയും വകുപ്പ് രൂപീകരണത്തിന്റെ ലക്ഷ്യം തന്നെ ഇല്ലാതാക്കുകയും ചെയ്യുന്നതായും അദ്ദേഹം തുടർന്നറിയിച്ചു. 2013-14 വർഷം കുറഞ്ഞത് 3 റീജിയണൽ ഓഫീസുകളെങ്കിലും ആരംഭിക്കുന്നതിനായി നൽകിയിരുന്ന പ്രൊപ്പോസൽ അനുവദിക്കപ്പെടാത്തതിനാൽ ഒ.ഇ.സി./എസ്.ഇ.ബി.സി. വിഭാഗം വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യവിതരണം കൃത്യമായി നടത്തുന്നതിനും അധികം ആവശ്യമായി വരുന്ന ഫണ്ട് യഥാസമയം സർക്കാരിൽ നിന്നും ലഭ്യമാക്കുന്നതിനും സാധിക്കാതെ വരുന്നതായും അദ്ദേഹം സമിതിയെ ബോധ്യപ്പെടുത്തി.

ഈ സാഹചര്യത്തിൽ ഒ.ഇ.സി./എസ്.ഇ.ബി.സി. വിഭാഗം വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യ വിതരണം മുടക്കം കൂടാതെ നടത്തുന്നതിനും പിന്നോക്ക വിഭാഗങ്ങൾക്കായുള്ള സംസ്ഥാനാവിഷ്കൃതവും കേന്ദ്രാവിഷ്കൃതവുമായ പദ്ധതികൾ നടപ്പിലാക്കുന്നതിനും വിവിധ വിഷയങ്ങളിൽ പ്രസ്തുത ജനവിഭാഗത്തിൽ നിന്നുള്ള അപേക്ഷകൾ, പരാതികൾ, നിർദ്ദേശങ്ങൾ എന്നിവ കൈകാര്യം ചെയ്യുന്നതിനും മതിയായ ജീവനക്കാരുടെ സേവനം ലഭ്യമാക്കുന്നതിനായി പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ 16 ജീവനക്കാരുടെയും റീജിയണൽ ഓഫീസുകളിലേക്ക് 33 ജീവനക്കാരുടെയും അധിക തസ്തിക അനുവദിക്കുന്നതിന് ധനകാര്യ വകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

ഉച്ചയ്ക്കുശേഷം 12.50-ന് സമിതിയോഗം പിരിഞ്ഞു.

## 2014 ഫെബ്രുവരി 24-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII, 2014 ഫെബ്രുവരി 24-ാം തീയതി തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ V A കോൺഫറൻസ് ഹാളിൽ സമിതി ചെയർമാനും പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുമായ ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. ചിറ്റയം ഗോപകുമാർ, എം.എൽ.എ.
2. ശ്രീ. പുരുഷൻ കടലുണ്ടി, എം.എൽ.എ.
3. ശ്രീ. കെ. രാധാകൃഷ്ണൻ, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

1. ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി

<u>ഹാജരായ ഉദ്യോഗസ്ഥർ</u> :

1. ഡോ. കെ. എം. എബ്രഹാം, അഡീഷണൽ ചീഫ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്.

2. ശ്രീ. എൽ. രാധാകൃഷ്ണൻ, പ്രിൻസിപ്പൽ സെക്രട്ടറി, ആഭ്യന്തരവും വിജിലൻസും വകുപ്പ്.
3. ശ്രീ. ടി. പി. സെൻകുമാർ, ഡി. ജി. പി. (പ്രിസൺസ്).
4. ശ്രീ. കെ. ആർ. ജ്യോതിലാൽ, സെക്രട്ടറി, പൊതുഭരണ വകുപ്പ്.
5. ശ്രീ. കെ. അജയകുമാർ, സെക്രട്ടറി, പൊതുഭരണ (സൈനികക്ഷേമ) വകുപ്പ്.
6. ശ്രീ. കെ. ബി. സന്തോഷ് കുമാർ, സ്പെഷ്യൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.
7. ശ്രീ. ടി. പി. വിജയകുമാർ, അഡീഷണൽ സെക്രട്ടറി, പൊതുഭരണ വകുപ്പ്.
8. ശ്രീ. വി. എൻ. ജിതേന്ദ്രൻ, ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്.
9. ശ്രീ. കെ. കെ. പ്രസന്നകുമാർ, സെക്രട്ടറി, കേരള വനിതാ കമ്മീഷൻ.
10. ശ്രീ. എ. ഷിബു, ഡെപ്യൂട്ടി സെക്രട്ടറി, ധനകാര്യവകുപ്പ്.

സമിതി, 2014-15 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച് സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന ധനാഭ്യർത്ഥന നമ്പർ XLVI, സൂക്ഷ്മ പരിശോധന നടത്തി. വകുപ്പിൽനിന്നും ലഭിച്ച കുറിപ്പുകൾ സമിതി പരിശോധിക്കുകയും ആവശ്യമായ സന്ദർഭങ്ങളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം ആരായുകയും താഴെപ്പറയുന്ന ശുപാർശകളും നിർദ്ദേശങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു:

സാമൂഹ്യനീതി വകുപ്പിന്റെ നവീകരണം എന്ന ശീർഷകത്തിൽ മുൻവർഷം അനുവദിച്ച 15 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചതായി അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ വൃദ്ധർ, വികലാംഗർ, കുട്ടികൾ, വനിതകൾ എന്നിവരുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായുള്ള 78 ക്ഷേമസ്ഥാപനങ്ങളുടെ പുതിയ കെട്ടിടങ്ങൾ, പഴയ കെട്ടിടങ്ങളുടെ പുതുക്കൽ മറ്റു സൗകര്യങ്ങളുടെ കൂട്ടിചേർക്കൽ അതോടനുബന്ധിച്ചുള്ള ഫർണിച്ചർ, മറ്റ് ഉപകരണങ്ങൾ എന്നിവയും കോഴി വളർത്തൽ, ഹോർട്ടികൾച്ചർ, സെറികൾച്ചർ, കൃഷി എന്നിവയ്ക്കുള്ള സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടതും അടിയന്തരാവശ്യങ്ങളാണെന്ന് ബോധിപ്പിക്കുകയും തിരുവനന്തപുരം, കോട്ടയം, വയനാട് എന്നിവിടങ്ങളിലെ വൃദ്ധസദനങ്ങൾ, മാനസിക വെല്ലുവിളി നേരിടുന്നവർക്കായി കോഴിക്കോട്ടുള്ള സ്ഥാപനം, വയനാട്, തൃശ്ശൂർ, തവനൂർ എന്നിവിടങ്ങളിലെ ഒബ്സർവേഷൻ ഹോം, ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള തിരുവനന്തപുരത്തെ സ്ഥാപനം, കോഴിക്കോട്, ഇടുക്കി എന്നിവിടങ്ങളിലെ കുട്ടികളുടെ ഭവനം എന്നീ സ്ഥാപനങ്ങളിൽ പണികൾ നടന്നു വരുന്നതായും അവ പൂർത്തീകരിക്കേണ്ടതുണ്ടെന്നും സമിതിയെ അറിയിച്ചു. എന്നാൽ 2014-15 ബഡ്ജറ്റിൽ ഇക്കാര്യങ്ങൾക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ പ്രസ്താവിച്ച പ്രവർത്തനങ്ങൾക്ക് എല്ലാമായി "സാമൂഹ്യനീതി വകുപ്പിന്റെ നവീകരണം" എന്ന ശീർഷകത്തിൽ 5,00,00,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-15-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 80% നു മേൽ അംഗവൈകല്യമുള്ള വർക്കുള്ള പെൻഷൻ 1,000 രൂപയിൽ നിന്നും 1,100 രൂപയായും മറ്റുള്ളവരുടെ വികലാംഗപെൻഷൻ 700 രൂപയിൽ നിന്നും 800 രൂപയായും വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതിനാൽ 2015 മാർച്ചുവരെയുള്ള പെൻഷൻ വിതരണത്തിനും കുടിശ്ശിക തുക കൊടുത്തുതീർക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ 'അംഗവൈകല്യമുള്ളവർക്കും മന്ദബുദ്ധികളായവർക്കു മുള്ള പ്രത്യേക പെൻഷൻ പദ്ധതി' എന്ന ശീർഷകത്തിൽ 36,83,01,000 രൂപകൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വികലാംഗരായ അന്തേവാസികൾക്കുള്ള ധനസഹായം പ്രതിമാസം 525 രൂപയിൽ നിന്നും 700 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും 2014-15 വർഷത്തിൽ 1918 പേർക്ക് ധനസഹായം നൽകേണ്ടിവരുമെന്നും കൂടാതെ, മുൻവർഷം 9,51,000 രൂപ കുടിശ്ശിക യായുണ്ടെന്നും ഇവയ്ക്കെല്ലാമായി നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്ത മാണെന്നും വകുപ്പിൽനിന്നും ഹാജരായ ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ആയതിനാൽ 'വികലാംഗർക്കു വേണ്ടി ഭവനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടന കൾക്കും സ്ഥാപനങ്ങൾക്കുമുള്ള ധനസഹായം' എന്ന ശീർഷകത്തിൽ 1,67,62,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മാനസിക രോഗവുമായി ബന്ധപ്പെട്ടവർക്കുള്ള കെയർഹോമുകളുടെ നിലവാരം ഉയർത്തുന്നതിനായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 21-11-2012-ലെ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കുന്ന സേവനം ഉറപ്പുവരുത്തുന്നതിന് ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല എന്നും സാമൂഹ്യനീതി വകുപ്പിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഇത്തരത്തിലുള്ള 77 സ്ഥാപനങ്ങളിൽ 5000ത്തോളം ആളുകളെ സംരക്ഷിച്ചു വരികയും ഫണ്ട് ലഭ്യതയില്ലാതിരുന്നതു കാരണം 2013-14 വർഷത്തിൽ ഉപധനാഭ്യർത്ഥനയിലൂടെ ഫണ്ട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും 1,000 രൂപയുടെ പ്രൊവിഷൻ മാത്രമാണ് ലഭിച്ചിരുന്നത് എന്നതിനാൽ അപേക്ഷിച്ചവർക്ക് സഹായധനം നൽകാൻ കഴിഞ്ഞിട്ടില്ലായെന്നും എന്നാൽ രജിസ്റ്റർ ചെയ്ത എല്ലാ സ്ഥാപനങ്ങൾക്കും ഗ്രാന്റിന് അർഹതയുണ്ടെന്നും ബന്ധപ്പെട്ടവർ സമിതിയെ അറിയിച്ചു. 50 അന്തേവാസികളുള്ള ഒരു സ്ഥാപനത്തിന് സർക്കാർ വിഹിതമായി 16,52,400 രൂപ ക്രമത്തിൽ 2014-15 സാമ്പത്തിക വർഷം മുൻഗണനാക്രമമനുസരിച്ച് 20 സ്ഥാപനങ്ങൾക്ക് സഹായധനം നൽകാൻ ഉദ്ദേശിച്ചിട്ടുള്ള തിനാൽ 'മാനസിക വൈകല്യമുള്ളവരെ സംരക്ഷിക്കുന്നതിനും ചികിത്സിക്കുന്നതിനുമായുള്ള സ്ഥാപനങ്ങൾ/കെയർ ഹോമുകളുടെ സ്ഥാപിക്കൽ' എന്ന ശീർഷകത്തിൽ 3,30,48,000 രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സാമൂഹ്യനീതി വകുപ്പിന് കീഴിൽ ഇരിങ്ങാലക്കുടയിലെ കല്ലേറ്റുകരയിൽ പ്രവർത്തി ക്കുന്ന `റീജിയണൽ സെന്റർ ഫോർ ഡിസേബിൾഡ് ആന്റ് റിസർച്ച്' ഇരിങ്ങാലക്കുടയിൽ ദാനമായി കിട്ടിയ ഏഴുനില കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത് എന്നും മുൻവർഷത്തെ ബഡ്ജറ്റിൽ ഇതിനായി പ്രഖ്യാപനം ഉണ്ടായിരുന്നുവെങ്കിലും ഫണ്ട് വകയിരുത്തിയിരുന്നില്ലെന്ന് വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾക്കും ദൈനംദിനച്ചെലവുകൾക്കും ജീവനക്കാരുടെ വേതനത്തിനും മറ്റ് വികസന പദ്ധതികൾക്കും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ ഒരു കോടി രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

3-6-2013-ൽ പ്രവർത്തനമാരംഭിച്ചിട്ടുള്ള സംസ്ഥാന ബാലാവകാശ കമ്മീഷനിൽ ചെയർപേഴ്സൺ അടക്കമുള്ള കമ്മീഷൻ അംഗങ്ങളുടേയും മറ്റ് ജീവനക്കാരുടേയും ശമ്പളയിനത്തിൽ 1,62,37,992 രൂപയും യാത്രാബത്ത ഇനത്തിൽ 17,50,000 രൂപയും ഓഫീസ് ചെലവിനത്തിൽ 14,00,000 രൂപയും കെട്ടിട വാടകയിനത്തിൽ 7,00,000 രൂപയും മോട്ടോർ വാഹനയിനത്തിൽ 16,00,000 രൂപയും പി. ഒ. എൽ. ഇനത്തിൽ 9,00,000 രൂപയും മറ്റിനത്തിൽ 24,00,000 രൂപയും 2014-15 സാമ്പത്തികവർഷം ആവശ്യമായി വരുമെന്ന് സമിതിയെ അറിയിച്ചു. കമ്മീഷന്റെ തുടർ പ്രവർത്തനങ്ങൾക്കായി 1.66 കോടി രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ഈ തുക അപര്യാപ്തമായതിനാൽ 'ചൈൽഡ് റൈറ്റ്സ് കമ്മീഷൻ-ലൈംഗികാതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള ആക്ട്-2012 (പോക്സോ ആക്റ്റ് -2012)-നടപ്പിലാക്കൽ' എന്ന ശീർഷകത്തിൽ 2,36,40,720 രൂപകൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സാമൂഹ്യക്ഷേമബോർഡിന്റെ കീഴിലുള്ള പദ്ധതിപ്രവർത്തനങ്ങളുടെ വ്യാപ്തി കൂടിയ സാഹചര്യത്തിൽ അത് നടപ്പാക്കുന്നതിനുള്ള സാങ്കേതിക വിദ്യ ആവിഷ്കരിക്കുന്നതിനും ഓഫീസ് ആവശ്യത്തിനുള്ള ഫർണിച്ചർ വാങ്ങുന്നതിനും കൂടാതെ ദൈനംദിന ചെലവുകൾ കാലാനുസൃതമായി കൂടി വരുന്നതിനാലും അധികമായി തുക ആവശ്യമായതിനാൽ `സാമൂഹ്യക്ഷേമബോർഡ് അംശദാനം-സംഭാവന' എന്ന ശീർഷകത്തിൽ, 54,33,735 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വനിതാ കമ്മീഷൻ ചെയർപേഴ്സണും അംഗങ്ങൾക്കും സംസ്ഥാനത്തിനകത്തും പുറത്തുമായി ധാരാളം ഔദ്യോഗിക യാത്രകൾ ചെയ്യേണ്ടിവരുന്നതിനാൽ യാത്രാച്ചെലവിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 16 ലക്ഷം രൂപ അപര്യാപ്തമായതിനാലും, 2013-14 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ 10 ലക്ഷം രൂപ കുടിശ്ശികയുള്ളതിനാലും `സ്റ്റാറ്റ്യൂട്ടറി വിമൻസ് കമ്മീഷൻ - യാത്രാചെലവുകൾ-യാത്രാബത്ത' എന്ന ശീർഷകത്തിൽ 15,00,000 രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പീഡനത്തിന് വിധേയരായ സ്ത്രീകളുടെ പുനരധിവാസം ലക്ഷ്യമിട്ടുകൊണ്ട് വിഭാവനം ചെയ്ത 'നിർഭയ' പരിപാടികൾ എന്ന പദ്ധതിയിൽ നിന്നാണ് അവർക്ക് തൊഴിലും വരുമാനദായകമാർഗ്ഗങ്ങളും കണ്ടെത്താൻ വേണ്ടിയുള്ള ജീവിത വൈദഗ്ദ്ധ്യ വിദ്യാഭ്യാസം നൽകുന്നതിലേക്കുള്ള ചെലവ് വഹിക്കേണ്ടത്. എൻ. ജി. ഒ.കൾവഴി ആറ് ജില്ലകളിൽ നടപ്പാക്കിയിട്ടുള്ള ഈ പദ്ധതി ബാക്കി എട്ട് ജില്ലകളിലേക്ക് കൂടി വ്യാപിപ്പിക്കുന്നതിനും നിർഭയ സെൽ, ഭരണ നിർവ്വഹണം, വിവിധതരത്തിലുള്ള പരിശീലനങ്ങൾ, വൺസ്റ്റോപ്പ് ക്രൈസിസ് സെല്ലുകളുടെ പ്രവർത്തനം, ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ, പരസ്യ പ്രചരണങ്ങൾ, എല്ലാ ജില്ലകളിലേയും നിർഭയ ഷെൽറ്റർ ഹോമുകളുടെ നടത്തിപ്പ്, പീഡിതരുടെ സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി, 'നിർഭയ' പ്രവർത്തനങ്ങൾക്ക് 7 കോടി രൂപ ഈ ശീർഷകത്തിൽ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

അനാഥശാലകളിലെ അന്തേവാസികൾക്കുള്ള സഹായധനം പ്രതിമാസം 525 രൂപയിൽ നിന്നും 700 രൂപയായി 1-4-2013 മുതൽ വർദ്ധിപ്പിച്ചിട്ടുള്ളതിനാലും 30,739 കുട്ടികൾക്കുള്ള ഗ്രാന്റും ഹയർ എഡ്യൂക്കേഷൻ അസിസ്റ്റൻസും മാര്യേജ് അസിസ്റ്റൻസും കൂടാതെ, 2013-14 വർഷത്തെ കുടിശ്ശിക 4,61,96,000 രൂപയും 'അനാഥശാലകൾ-സഹായധനം' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടിയിരിക്കുന്നതിനാൽ പ്രസ്തുത ശീർഷകത്തിൽ 19,72,91,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

യാചകകേന്ദ്രങ്ങളിലെ അന്തേവാസികൾക്കുള്ള സഹായധനം പ്രതിമാസം 525 രൂപയിൽ നിന്ന് 700 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ 2013-14 സാമ്പത്തിക വർഷത്തിലെ വർദ്ധിപ്പിച്ച തുക കുടിശ്ശികയായി 18,98,000 രൂപയും 2014-15 സാമ്പത്തിക വർഷം അർഹതപ്പെട്ട 490 പേർക്കുള്ള തുകയും ഈ വർഷം നൽകേണ്ടതുള്ളതിനാൽ `യാചക കേന്ദ്രങ്ങൾ' എന്ന ശീർഷകത്തിൽ 50,06,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

അനാഥാലയ നിയന്ത്രണ ബോർഡിൽ കരാർ, അന്യത്ര സേവന വ്യവസ്ഥ എന്നിവ വഴി നിയമിച്ചിട്ടുള്ള 7 ജീവനക്കാരുടേയും പ്രതിമാസം 10,000 രൂപ നിരക്കിൽ ഹോണറേറിയം നൽകേണ്ടുന്ന 40 കൗൺസിലർമാരുടെയും, ബോർഡിന്റെ ചെയർമാൻ ഉൾപ്പെടെയുള്ള 15 അംഗങ്ങളുടെയും ശമ്പളത്തിന്റെയും മറ്റു ബത്തകളുടേയും ചെലവുകൾക്കായി ശമ്പളമിനത്തിൽ അധിക തുക ആവശ്യമാണെന്നും കൗൺസിലർമാരുടെ സെന്ററിൽ കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനും കെയർഹോം നടത്തിപ്പുകാരുടെ പരിശീലനത്തിനും ശമ്പളയിതരയിനത്തിൽ അധിക തുക വകകൊള്ളിക്കേണ്ടതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ആയതിനാൽ `അനാഥാലയ നിയന്ത്രണ ബോർഡ്' എന്ന ശീർഷകത്തിൽ 66,01,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

'എന്റെ കൂട്' എന്ന പദ്ധതിയിൽ കഴിഞ്ഞ വർഷം വകയിരുത്തിയിരുന്ന തുകയൊന്നും ചെലവഴിക്കാത്തതിനുള്ള കാരണം സമിതി ആരാഞ്ഞു.

ഇതിന് മറുപടിയായി 'എന്റെ കൂട്'-അഗതികൾക്കുള്ള രക്ഷാകേന്ദ്രം-പദ്ധതി പ്രകാരം നഗരങ്ങളിൽ അലഞ്ഞ് തിരിയുന്ന അഗതികൾക്ക് രാത്രികാലങ്ങളിൽ വന്ന് താമസിക്കുന്നതിന് വിഭാവനം ചെയ്തിരിക്കുന്നതായും ഈ പദ്ധതിക്കായി കെട്ടിടം വിട്ടുതരുന്നതിന് ആളുകൾക്ക് വിമുഖതയുള്ളതിനാൽ പദ്ധതി നടപ്പാക്കുന്നതിൽ കാലതാമസം നേരിട്ടു എന്നും എന്നാൽ ഇപ്പോൾ കോഴിക്കോട് ജില്ലയിൽ ഭൂമിയും കെട്ടിടവും കണ്ടെത്തിയിട്ടുണ്ടെന്നും ഇന്ത്യയിൽ ആദ്യമായി കേരളത്തിലാണ് ഈ പദ്ധതി നടപ്പാക്കുന്നതെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു.

എൻ. ജി. ഒ കളുമായും പോലീസ് വകുപ്പുമായും വിശദമായി ചർച്ച നടത്താതെ ഈ പദ്ധതി നടപ്പിലാക്കിയാൽ അത് വിമർശനത്തിന് ഇടയാക്കുമെന്നും അടുത്ത വർഷമാകുമ്പോൾ സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ. എസ്. എസ്. തുടങ്ങിയ സന്നദ്ധ സംഘടനകളുമായി സഹകരിച്ച് പദ്ധതി കുറ്റമറ്റരീതിയിൽ നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നതെന്നും സമിതി ചെയർമാൻ അറിയിച്ചു.

ആഭ്യന്തര വകുപ്പിന് കീഴിൽവരുന്ന ദുർഗുണ പരിഹാര പാഠശാലകളിലെ തടവുകാരുടെ ആഹാരം, മരുന്ന്, ചികിത്സ എന്നീയിനത്തിലുള്ള ചെലവും, ദൈനംദിന ഉപഭോഗവസ്തുക്കളുടെയും ഇന്ധനത്തിന്റേയും വില വർദ്ധനവ് മൂലമുള്ള ചെലവും അധികരിക്കുന്നതിനാലും കൂടാതെ, തടവുകാരുടെ എണ്ണത്തിൽ താരതമ്യേന വർദ്ധനവ് ഉണ്ടാകുന്നുവെന്നതും പരിഗണിക്കുമ്പോൾ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക പര്യാപ്തമല്ല എന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ആയതിനാൽ 'ദുർഗുണ പരിഹാര പാഠശാല' എന്ന ശീർഷകത്തിൽ 17,50,000 രൂപ കൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാൻ സമിതി തീരുമാനിച്ചു.

അന്തേവാസികളുടെ സഹായധനം പ്രതിമാസം 525 രൂപയിൽ നിന്നും 700 രൂപ യായി 1-4-2013 മുതൽ വർദ്ധിപ്പിച്ചിട്ടുള്ളതിൻപ്രകാരം 9275 പേർക്കുള്ള പ്രസ്തുതയിനത്തിലെ 2014-15ലേക്കുള്ള സഹായധനവും 2013-14 വർഷത്തെ 2,28,44,000 രൂപയുടെ കുടിശ്ശികയും ഈ ശീർഷകത്തിൽ നിന്ന് കൊടുത്തുതീർക്കാനു ള്ളതിനാൽ ധനസഹായം വർദ്ധിപ്പിച്ചതിനെ തുടർന്നുണ്ടായ അധിക ബാദ്ധ്യത തീർക്കുന്നതിനും കുടിശ്ശിക തുക നൽകുന്നതിനുമായി `സന്നദ്ധ സാമൂഹ്യക്ഷേമ സംഘടനകൾ-സഹായധനം' എന്ന ശീർഷകത്തിൽ 7,81,16,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

മുന്നോക്ക വിഭാഗത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് വായ്പ നൽകുന്നതിലേക്കായി 521 വായ്പാ അപേക്ഷകൾ ഫണ്ടിന്റെ അപര്യാപ്തതമൂലം മേഖലാ ഓഫീസുകളിൽ തീർപ്പാക്കുവാനുണ്ട് എന്നും മേൽപ്പറഞ്ഞ അപേക്ഷകൾ ഉൾപ്പെടെ 1000-ത്തിലധികം വായ്പാ അപേക്ഷകൾ തീർപ്പാക്കേണ്ടതായിവരുന്ന സാഹചര്യം കണക്കിലെടുത്ത് 2014-15 സാമ്പത്തിക വർഷം 'കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ' എന്ന ശീർഷകത്തിൽ 2,00,00,000 രൂപകൂടി വകയിരുത്തണമന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വികലാംഗക്ഷേമ കോർപ്പറേഷന്റെ വിവിധ പദ്ധതികളിൽ ഫ്ളാഗ്ഷിപ്പ് പദ്ധതിയായ സഹായ ഉപകരണ വിതരണത്തിനുള്ള തുക ബഡ്ജറ്റിൽ മുടങ്ങാതെ ലഭിച്ചിരുന്നുവെങ്കിലും 2014-15 ലെ ബഡ്ജറ്റിൽ ഇതിനായി തുക വകയിരുത്തിയിട്ടില്ല എന്നും എല്ലാ ജില്ലകളിൽ നിന്നും നിരവധി അപേക്ഷകൾ ഇതുമായി ബന്ധപ്പെട്ട് ലഭിക്കുന്നതിനാൽ ഈ മാതൃകാ പദ്ധതിയിൽ ഉൾപ്പെട്ടവ നടപ്പിലാക്കുന്നതിന് അധിക മായി തുക ആവശ്യമായി വരുമെന്നും കൂടാതെ, മറ്റു പദ്ധതികൾക്കായി ഇപ്പോൾ ലഭിച്ച തുകയും അപര്യാപ്തമാണെന്ന് അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. ആയതിനാൽ `കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ' എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ 2,00,00,000 രൂപകൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു. കൂടാതെ കോർപ്പറേഷന്റെ ഭരണച്ചെലവുകൾക്കുള്ള 100 ലക്ഷം രൂപയും, 2014-15 വർഷത്തിൽ 5 ജീവനക്കാരുടെ റിട്ടയർമെന്റ് ആനുകൂല്യ ങ്ങളും സർക്കാരിന് നൽകാനുള്ള 7.25 ലക്ഷം രൂപയുടെ ഗ്യാരന്റി കമ്മീഷൻ കുടിശ്ശി കയും കേരള ഹൗസിംഗ് ബോർഡിലേക്കുള്ള 4.53 ലക്ഷം രൂപയുടെ കുടിശ്ശികയും പുതുതായി ആരംഭിച്ചിട്ടുള്ള കോഴിക്കോട് റീജിയണൽ ഓഫീസിലെ മൂന്ന് തസ്തിക കളിലേക്കുള്ള ശമ്പളവും വഹിക്കുന്ന പദ്ധതിയിതരയിനത്തിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 50,00,000 രൂപകൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യുവാനും സമിതി തീരുമാനിച്ചു.

കേരള സംസ്ഥാന മുന്നോക്ക സമുദായക്ഷേമ കോർപ്പറേഷന്റെ പദ്ധതികളായ സ്കോളർഷിപ്പ്, കോച്ചിംഗ് അസിസ്റ്റന്റ്സ്, ടേം ലോൺ അസിസ്റ്റന്റ്സ് ഫോർ സെൽഫ് എംപ്ലോയ്മെന്റ്, ഓപ്പറേഷണൽ എക്സ്പെൻസസ്, സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം എന്നിവയുടെ പ്രയോജനം കൂടുതൽ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിന് ആകെ 23 കോടി രൂപ ആവശ്യമായി വരുന്നതിനാൽ പ്രസ്തുത പ്രവർത്തനങ്ങൾക്കായി 'കേരള സംസ്ഥാന മുന്നോക്ക സമുദായക്ഷേമ കോർപ്പറേഷനുള്ള മൂലധനനിക്ഷേപം' എന്ന ശീർഷകത്തിൽ 8,00,00,000 രൂപയും മൂലധന സഹായമായി 5,00,000 രൂപയുംകൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വിധവകൾക്കുള്ള പ്രതിമാസ പെൻഷൻ 12-7-2013-ലെ സർക്കാർ ഉത്തരവ് പ്രകാരം 525 രൂപയിൽ നിന്ന് 700 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 2014-15-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രസ്തുത തുക 800 രൂപയായി ഉയർത്തുമെന്ന് പ്രഖ്യാപനമുള്ളതിനാൽ കുടിശ്ശിക കൂടാതെ പെൻഷൻ വിതരണത്തിനായി `അഗതി (വിധവ) കൾക്കുള്ള പെൻഷൻ' എന്ന ശീർഷകത്തിൽ അധികമായി 104,75,34,000 രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പെൻഷൻ പദ്ധതികൾക്ക് സമിതി ശുപാർശ ചെയ്യുന്ന മുഴുവൻ തുകയും ലഭിക്കാറുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന്, പെൻഷൻ പദ്ധതികൾക്കായി തുക അനുവദിക്കുന്നതിൽ മുൻഗണന ലഭിക്കാറുണ്ടെന്നും പെൻഷൻ തുക കണക്കാക്കി നൽകുന്നതിന് വകുപ്പിനോട് ക്യാബിനറ്റ് ആവശ്യപ്പെട്ടിട്ടുണ്ടെന്നും പെൻഷൻ കുടിശ്ശിക കൊടുത്ത് തീർക്കുന്നതിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നും വകുപ്പ് സെക്രട്ടറി സമിതിയെ അറിയിച്ചു.

12-7-2013-ലെ സർക്കാർ ഉത്തരവ് പ്രകാരം 80 വയസ്സിനു മുകളിൽ പ്രായമുള്ള വൃദ്ധജനങ്ങൾക്കുള്ള പെൻഷൻ 900 രൂപയിൽ നിന്ന് 1,100 രൂപയായും മറ്റുള്ളവർക്ക് 400 രൂപയിൽ നിന്ന് 500 രൂപയായും വർദ്ധിപ്പിച്ചിരുന്നു എന്നും 2014-15 ബഡ്ജറ്റ് പ്രസംഗത്തിൽ ഇത് യഥാക്രമം 1,200 രൂപ, 600 രൂപ എന്നീ നിരക്കിൽ വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതിയെ അറിയിച്ചു. മേൽ പ്രഖ്യാപിച്ച നിരക്കിലുള്ള പെൻഷൻ വിതരണത്തിന് മതിയായ തുക വകയിരുത്തിയിട്ടില്ലാത്തതിനാൽ `ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി' എന്ന ശീർഷകത്തിൽ അധികമായി 47,88,65,000 രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

2014-15-ലെ ബഡ്ജറ്റിൽ മറ്റു സാമൂഹ്യസുരക്ഷിതത്വ പെൻഷനുകളിൽ ഉൾപ്പെടാത്ത 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ തുക 700 രൂപയിൽ നിന്ന് 800 രൂപയായി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപനമുള്ളതിനാൽ കുടിശ്ശികയില്ലാതെ പെൻഷൻ വിതരണത്തിന് ഈ ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് സമിതിയെ അറിയിച്ചു. ആയതിനാൽ 'സാമൂഹ്യസുരക്ഷിതത്വപെൻഷനുകളിൽ ഉൾപ്പെടാത്ത 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ' എന്ന ശീർഷകത്തിൽ 7,21,95,000 രൂപകൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

**സ്വാതന്ത്ര്യ സമര സേനാനികളുടെ മരണാനന്തര ചടങ്ങുകൾക്കുള്ള സാമ്പത്തിക സഹായ പദ്ധതി**

സ്വാതന്ത്ര്യ സമര സേനാനികളുടെ മരണാനന്തര ചടങ്ങുകൾക്കുള്ള ധനസഹായം 3,000 രൂപയിൽ നിന്നും 5,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ പ്രസ്തുത ശീർഷക ത്തിൽ 50,000 രൂപ കൂടിയും `അകാലചരമം പ്രാപിച്ച മന്ത്രിമാരുടെ കുടുംബങ്ങൾക്ക് സഹായം' എന്ന ഇനത്തിലെ ധനസഹായം വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ മുൻ കാലങ്ങളി ലുള്ള കുടിശ്ശിക തീർക്കുന്നതിനായി 1,44,000 രൂപകൂടിയും വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

പ്രസ്തുത ശീർഷകത്തിന്റെ പേര് "സേവനത്തിലിരിക്കെ മരണമടഞ്ഞ മന്ത്രിമാരുടെ ആശ്രിതർക്കുള്ള ധനസഹായം" എന്ന് തിരുത്തണമെന്ന് സമിതി ശുപാർശ ചെയ്തിരുന്നു. എന്നാൽ 2014-15-ലേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റ്സിൽ പ്രസ്തുത മാറ്റം ഉൾപ്പെടുത്തിയതായി കാണുന്നില്ല. ആയതിനാൽ ബഡ്ജറ്റ് എസ്റ്റിമേറ്റ്സിൽ കൂടി തിരുത്തിയ പ്രകാരമുള്ള ശീർഷകം രേഖപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്തു.

അംഗവൈകല്യം സംഭവിച്ചവരുടെ അവസര സമത്വത്തിനും പൂർണ്ണ പങ്കാളിത്തത്തിനുമായി ജില്ലാ-താലൂക്ക് തലത്തിലുള്ള അദാലത്തുകൾ നടത്താനും, വികലാംഗർക്കുള്ള സ്ഥാപനങ്ങൾ സന്ദർശിച്ച് സർട്ടിഫൈ ചെയ്യാനും മറ്റ് ബോധവൽക്കരണ പരിപാടികൾക്കും സെമിനാറുകൾക്കുമായും അവശവ്യക്തികളുടെ സംസ്ഥാനതല കമ്മീഷണറേറ്റിലെ ഉദ്യോഗസ്ഥർക്ക് നിരന്തരം യാത്ര ചെയ്യേണ്ടിവരുന്നതിനാൽ യാത്രാബത്ത/ദിനബത്ത ഇനത്തിൽ 8 ലക്ഷം രൂപ ആവശ്യമാണെന്നും ദിവസവേതനാടി സ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെ വേതനം നൽകുന്നതിനായി 10 ലക്ഷം രൂപയും കമ്മീഷണറേറ്റിലെ രണ്ട് കാറുകൾക്കായി POL ചാർജിനത്തിൽ 3 ലക്ഷം രൂപയും ജീവനക്കാരുടെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് ആനുകൂല്യയിനത്തിൽ 15 ലക്ഷം രൂപ യുടെ കുടിശ്ശികയും അനുവദിക്കേണ്ടതായിട്ടുണ്ടെന്നും മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കായി ഇപ്പോൾ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്നും ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. ആയതിനാൽ '1995-ലെ അവശ വിഭാഗ ആക്ടിൻ (തുല്യ അവസരാവകാശ സംരക്ഷണവും പൂർണ്ണ പങ്കാളിത്തവും) കീഴിലുള്ള അവശ വ്യക്തികളുടെ സംസ്ഥാനതല കമ്മീഷണർ' എന്ന ശീർഷകത്തിൽ 36,00,000 രൂപകൂടി വകയിരുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

സോഷ്യൽ സെക്യൂരിറ്റി മിഷൻവഴി നടപ്പാക്കുന്ന 'തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീട്ടിനുള്ളിൽ തന്നെ കഴിയേണ്ടി വരുന്നവർക്കുള്ള സഹായം (ആശ്വാസ കിരണം)' പദ്ധതിയിൽ ധാരാളം സ്കീമുകളും ഡിമാന്റുകളുമുള്ള തിനാൽ നിലവിൽ ലഭിച്ച 23 കോടി രൂപ അപര്യാപ്തമാണെന്നും 60,000-ൽ അധികം ഗുണഭോക്താക്കളുള്ള പ്രസ്തുത പദ്ധതിക്ക് 37.8 കോടി രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കുന്നതായും എന്നാൽ ബഡ്ജറ്റിൽ 23 കോടി രൂപ മാത്രമാണ് അനുവദിച്ചിട്ടു ള്ളത് എന്നും സമിതിയെ ബോധ്യപ്പെടുത്തി. ആയതിനാൽ ഈ ഇനത്തിൽ 14,80,00,000 രൂപ അധികമായി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

'അവിവാഹിതരായ അമ്മമാരുടേയും അവരുടെ കുട്ടികളുടേയും പുനരധിവാസം (സ്നേഹ സ്പർശം)' പദ്ധതി പ്രകാരം 1800 അപേക്ഷകർക്കുകൂടി ധനസഹായം അനുവദിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ നിലവിൽ ലഭ്യമായ തുകയ്ക്ക് പുറമെ ഈ ശീർഷകത്തിൽ 66,00,000 രൂപകൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

കോഴിക്കോട് നഗരത്തിൽ നടപ്പിലാക്കി വന്ന 'വിശപ്പുമുക്ത നഗരം' പദ്ധതി മലപ്പുറം, കൊല്ലം, തിരുവനന്തപുരം നഗരങ്ങളിൽകൂടി വ്യാപിപ്പിച്ചതിനാൽ ലഭ്യമായ തുക അപര്യാപ്തമാണെന്ന് അറിയിച്ചതിനെ തുടർന്ന് ഈ ശീർഷകത്തിൽ 1,16,56,000 രൂപകൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

നഗരങ്ങളിൽ വന്നുപോകുന്നവർക്ക് ആഹാരം എത്തിക്കുന്ന ഈ പദ്ധതി ഇപ്പോൾ മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ചാണ് നടത്തുന്നത്. സന്നദ്ധ സംഘടനകളുമായി സഹകരിച്ച് മറ്റ് സ്ഥലങ്ങളിലേക്ക് കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നതായും സമിതി ചെയർമാൻ അറിയിച്ചു.

അനാഥരായ കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യം നൽകുന്നതിന് ഉദ്ദേശിച്ചുള്ള 'സ്നേഹപൂർവ്വം' പദ്ധതിയിൻകീഴിൽ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള തുക അപര്യാപ്തമാണെന്ന് ഉദ്യോഗസ്ഥർ സമിതിയെ അറിയിച്ചു. അനാഥരായ കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കുന്ന ഈ പദ്ധതി നിയോജകമണ്ഡലാടിസ്ഥാനത്തിൽ നടപ്പാക്കാനാണ് ലക്ഷ്യമിടുന്നതെന്നും ഇപ്പോൾ വളരെ തുച്ഛമായ തുകയാണ് നൽകിവരുന്നതെന്നും ധനസഹായതുക വർദ്ധിപ്പിക്കേണ്ടതുള്ളതിനാലാണ് അധിക തുക ആവശ്യപ്പെടുന്നതെന്നും സാമൂഹ്യനീതി വകുപ്പുമന്ത്രി അറിയിച്ചു. ഈ ശീർഷകത്തിൽ 17,85,00,000 രൂപകൂടി വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വൃക്ക/കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായവരെ കൂടി 'ബി. പി. എൽ. വിഭാഗത്തിലുള്ള ഡയാലിസിസ് ഡിപ്പൻഡന്റ് റീനൽ പേഷ്യന്റ്സിന് പെൻഷൻ' പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ, 2000 ത്തോളം അപേക്ഷകർ കൂടി ഉണ്ടാകുമെന്ന് കണക്കാക്കുന്നതായി ഉദ്യോഗസ്ഥർ അറിയിച്ചു. ഈ പദ്ധതി പ്രകാരം ഒരു രോഗിക്ക് പ്രതിമാസം 1,000 രൂപയാണ് നൽകിവരുന്നതിനാൽ ഈ ശീർഷകത്തിൽ 7,80,00,000 രൂപ വകയിരുത്തണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

സാമൂഹ്യനീതി വകുപ്പിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളായ അംഗനവാടികളിൽ സ്വന്തമായി കെട്ടിടമില്ലാത്ത അവസ്ഥ, കുടിവെള്ളം, പാചകപ്പുര, ബേബി ഫ്രണ്ട്ലി ടോയ്ലറ്റ്, വൈദ്യുതി എന്നിവയുടെ അഭാവംകൊണ്ട് ശോചനീയമായ സ്ഥിതി നിലനിൽക്കുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടു. വൈദ്യുതീകരണത്തിനുള്ള തുക, വൈദ്യുത ചാർജ്, വെള്ളക്കരം എന്നിവയെല്ലാം നോൺ റോഡ് മെയിന്റനൻസ് ഫണ്ടായി പഞ്ചായത്തിന് നൽകുന്നുണ്ടെങ്കിലും ആയത് പഞ്ചായത്ത് പ്രയോജനപ്പെടുത്തുന്നതിൽ അലംഭാവം കാട്ടുന്നുവെന്നും പല പഞ്ചായത്തുകളിലും കേന്ദ്ര സർക്കാരിന്റെ ഫണ്ട് പോലും ചെലവഴിക്കപ്പെടാതെ പോകുന്ന സ്ഥിതിയാണ് കണ്ടുവരുന്നതെന്നും

അഭിപ്രായപ്പെട്ട സമിതി ഇത്തരത്തിൽ ജനങ്ങൾക്ക് പ്രയോജനപ്പെടുത്താതെ ഫണ്ട് ലാപ്സാക്കുന്നത് ഗുരുതരമായ സ്ഥിതിവിശേഷമാണെന്ന് വിലയിരുത്തി. ആയതിനാൽ പഞ്ചായത്തിന്റെ നോൺ റോഡ് മെയിന്റനൻസ് ഫണ്ടും എം. എൽ. എ. മാരുടെ അസറ്റ് ഡെവലപ്മെന്റ് ഫണ്ടും കൂട്ടി ചേർത്ത് പത്തോ പതിനഞ്ചോ അംഗനവാടികളെ ഒരു ക്ലസ്റ്ററാക്കി കെട്ടിട നിർമ്മാണം, വൈദ്യുതീകരണം, കുടിവെള്ളം തുടങ്ങിയവയടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി പദ്ധതികൾ വിഭാവന ചെയ്ത് പ്രസ്തുത തുക പ്രായോഗികമായി വിനിയോഗിക്കണമെന്ന് ശുപാർശ ചെയ്യാൻ സമിതി തീരുമാനിച്ചു.

വൈകുന്നേരം 3.45-ന് സമിതി യോഗം പിരിഞ്ഞു.

## 2014 മാർച്ച് 12-ാം തീയതിയിലെ യോഗനടപടിക്കുറിപ്പ്

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി - XIII, 2014 മാർച്ച് 12-ാം തീയതി ബുധനാഴ്ച ഉച്ചയ്ക്കുശേഷം 2.30 മണിക്ക് നിയമസഭാ കോംപ്ലക്സിലെ IV B കോൺഫറൻസ് ഹാളിൽ സമിതി ചെയർമാൻ ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി ഡോ. എം. കെ. മുനീറിന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. സമിതിയുടെ എക്സ്-ഒഫീഷ്യോ അംഗങ്ങളായ പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽ കുമാറും, പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി കുമാരി പി. കെ. ജയലക്ഷ്മിയും താഴെപ്പറയുന്ന അംഗങ്ങളും തദവസരത്തിൽ സന്നിഹിതരായിരുന്നു:

1. ശ്രീ. കെ. എൻ. എ. ഖാദർ, എം. എൽ. എ.
2. ശ്രീ. പുരുഷൻ കടലുണ്ടി, എം. എൽ. എ.
3. ശ്രീമതി. കെ. എസ്. സലീഖ, എം. എൽ. എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

1. ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി
2. ശ്രീമതി എസ്. ഷാഹിന, ഡെപ്യൂട്ടി സെക്രട്ടറി
3. ശ്രീ. സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

സമിതി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ പട്ടികജാതി വികസനം, പട്ടികവർഗ്ഗ വികസനം, പിന്നോക്ക സമുദായ വികസനം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നം.XXV (പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം), സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന നമ്പർ XLVI (സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും) എന്നിവയുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ച കരട് റിപ്പോർട്ട് പരിഗണിക്കുകയും ചുവടെ സൂചിപ്പിച്ചിരിക്കുന്ന ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തു.

## ധനാഭ്യർത്ഥന നം. XXV—(പട്ടിക ജാതി/പട്ടിക വർഗ്ഗ/മറ്റ് പിന്നോക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം)

### പട്ടികജാതി വികസന വകുപ്പ്

എല്ലാ ശുപാർശകളും ഭേദഗതി കൂടാതെ അംഗീകരിച്ചു.

### പട്ടികവർഗ്ഗ വികസന വകുപ്പ്

കരട് റിപ്പോർട്ടിലെ ഏഴാമത്തെ പേജിൽ പരാമർശിച്ചിരുന്ന ഖണ്ഡിക 16-ലെ ശുപാർശ ബഡ്ജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ പ്രസ്തുത ശുപാർശ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

റിപ്പോർട്ടിലെ 17-ാം ഖണ്ഡികയിലെ ശുപാർശയായ 'ഈ പ്രവൃത്തിക്കായി 2 കോടി രൂപ പ്രത്യേക ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു' എന്നതിന് പകരം "ഈ പദ്ധതിക്കായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച 2 കോടി രൂപയ്ക്ക് പുറമേ 2 കോടി രൂപകൂടി പ്രത്യേക ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു" എന്ന ഭേദഗതിയോടെ അംഗീകരിക്കാൻ സമിതി തീരുമാനിച്ചു.

കരട് റിപ്പോർട്ടിലെ ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ ഉൾപ്പെടുത്തിയിരുന്ന 18-ാം ഖണ്ഡികയിലെ ശുപാർശ 4425-02-800-92(01)—പട്ടികവർഗ്ഗക്കാർക്കുള്ള വിവിധോദ്ദേശ്യ ഹോസ്റ്റൽ-മരാമത്തുകൾ' എന്ന ശീർഷകത്തിൽ 1,000 രൂപ ടോക്കൺ പ്രൊവിഷൻ വകയിരുത്തിക്കൊണ്ട് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത ശുപാർശ ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ എന്ന ശീർഷകത്തിന് മുമ്പ് 16-ാം ശുപാർശയായി ഉൾപ്പെടുത്തുന്നതിന് സമിതി തീരുമാനിച്ചു.

### പിന്നോക്കസമുദായ വികസന വകുപ്പ്

പിന്നോക്കസമുദായ വികസനവകുപ്പിനായി എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മേഖലാ ഓഫീസുകളും 10 പുതിയ തസ്തികകളും അനുവദിച്ച സാഹചര്യത്തിൽ കരട് റിപ്പോർട്ടിലെ പിന്നോക്കസമുദായ വികസനവകുപ്പുമായി ബന്ധപ്പെട്ട 25, 26 എന്നീ ഖണ്ഡികകളിലെ പൊതുശുപാർശ താഴെപ്പറയുംപ്രകാരം ഭേദഗതി ചെയ്യാൻ സമിതി തീരുമാനിച്ചു.

24-ാം ഖണ്ഡികയുടെ 5-ാമത്തെ വാക്യം-"2013-14 വർഷം കുറഞ്ഞത് 3 മേഖലാ ഓഫീസുകളെങ്കിലും ആരംഭിക്കുന്നതിനായി വകുപ്പ് ഡയറക്ടർ ധനകാര്യ വകുപ്പിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നതായും എന്നാൽ അവ സമയബന്ധിതമായി അനുവദിക്കപ്പെടാത്തതിനാൽ....." എന്ന് ഭേദഗതി ചെയ്യുന്നതിനും പ്രസ്തുത ഖണ്ഡികയുടെ അവസാന വാക്യമായി, "എന്നാൽ എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ രണ്ട് മേഖലാ ഓഫീസുകളും 10 തസ്തികകളും പിന്നീട് അനുവദിക്കുകയുണ്ടായതായി സമിതി മനസ്സിലാക്കുന്നു." എന്ന് ചേർക്കുന്നതിനും സമിതി തീരുമാനിച്ചു.

25-ാം ഖണ്ഡികയുടെ അഞ്ചാമത്തെ വരിയിൽ `കൈകാര്യം ചെയ്യുന്നതിനും' എന്ന വാക്കുകൾക്ക് ശേഷം, "അനുവദിക്കപ്പെട്ട രണ്ട് മേഖലാ ഓഫീസുകൾക്ക് പുറമെ മൂന്നാമതായി ഒരു മേഖലാ ഓഫീസും മൂന്ന് മേഖലാ ഓഫീസുകൾക്കും മതിയായ തസ്തികകളും, കൂടാതെ, ഡയറക്ടറേറ്റിൽ 16 തസ്തികകളും അനുവദിക്കുന്നതിന് ധനകാര്യവകുപ്പ് അടിയന്തരനടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു." എന്ന് ചേർത്തുകൊണ്ട് ബാക്കി ഭാഗം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

## ധനാഭ്യർത്ഥന നമ്പര XLVI—സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും

### സാമൂഹ്യനീതി വകുപ്പ്

കരട് റിപ്പോർട്ടിലെ ഖണ്ഡിക 48-ൽ 'തീവ്രമായ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നതിനാൽ വീടിനുള്ളിൽത്തന്നെ കഴിയേണ്ടി വരുന്നവർക്കുള്ള സഹായം (ആശ്വാസ കിരണം)' എന്നത് "തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നതിനാൽ വീടിനുള്ളിൽത്തന്നെ കഴിയേണ്ടിവരുന്നവരെ പരിചരിക്കുന്നവർക്കുള്ള സഹായം (ആശ്വാസ കിരണം)" എന്ന് ഭേദഗതി ചെയ്യുവാൻ സമിതി തീരുമാനിച്ചു.

മറ്റെല്ലാ ശുപാർശകളും ഭേദഗതി കൂടാതെ സമിതി അംഗീകരിച്ചു.

ഉച്ചയ്ക്ക് ശേഷം 3.25-ന് സമിതി യോഗം പിരിഞ്ഞു.